"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ


**OCTOBER 2018**

**Vol. LXVIII No. 10**

# CONTENTS


സർക്കുലർ (മേജർ ആർച്ച് ബിഷപ്പ്) ........................ 683

മിഷൻ ഞായർ സന്ദേശം (മാർപാപ്പാ) ........................ 688

കച്ചേരിക്കാര്യം ........................................................... 695

Flood Relief Collection List ........................ 696

Flood Relief Expenses .................................. 710

Needy Church Fund List ............................... 711

Prayer Day List ........................................... 713

ലേഖനം ....................................................................... 714

വാർത്തകൾ ................................................................... 719

ആദരാഞ്ജലികൾ ......................................................... 757

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി........................ 766

Bishops' Engagements ................................. 773

Prot.No.1733/2018
21 September 2018

## സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് സെപ്റ്റംബർ 24 -ാം തിയതി തിങ്കളാഴ്ച ഞാൻ റോമിലേക്ക് പുറപ്പെടുകയാണ്. നവംബർ 3-ാം തീയതി മാത്രമേ തിരിച്ചെത്തുകയുള്ളൂ. ആദ്യത്തെ സമ്മേളനം സെപ്റ്റംബർ 25 മുതൽ 28 വരെയുള്ളത് സഭൈക്യത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റേതാണ്. ഈ കൗൺസിലിൽ ഞാനൊരു അംഗമാണെന്ന് നിങ്ങളിൽ കുറെ പേർക്കെങ്കിലും അറിയാമല്ലോ. രണ്ടാമത്തെ സമ്മേളനം ഒക്ടോബർ 3 മുതൽ 28 വരെ നടക്കുന്ന സിനഡാണ്. 'യുവജനങ്ങൾ, വിശ്വാസവും ദൈവവിളി വിവേചിച്ചറിയലും' എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിനുവേണ്ടിയുള്ള നമ്മുടെ സഭയിലെ ഒരുക്കങ്ങളിലെല്ലാം നിങ്ങളും പങ്കാളികളായിരുന്നല്ലോ. നമ്മുടെ സഭയിൽനിന്ന് അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ, മാർ ജോസഫ് പാംപ്ലാനി എന്നീ പിതാക്കന്മാരും എന്നോടൊപ്പം സിനഡിൽ സംബന്ധിക്കുന്നുണ്ട്. കൂടാതെ, മലങ്കര സഭയിൽനിന്ന് അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് പിതാവും ലത്തീൻ സഭയിൽ നിന്ന് 5 പിതാക്കന്മാരും പങ്കെടുക്കുന്നുണ്ട്. ഈ രണ്ടു പ്രധാനപ്പെട്ട സമ്മേളനങ്ങളുടെയും, വിശിഷ്യാ സിനഡിന്റെ വിജയത്തിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

അടുത്ത കാലങ്ങളിൽ ഇന്ത്യയിലെ സഭയിൽ നടന്ന ചില സംഭവങ്ങൾ സഭാമക്കളായ നിങ്ങൾക്ക് വേദനയും ആശയക്കുഴപ്പവും ഉണ്ടാക്കിയിട്ടുണ്ടെന്ന് എനിക്കറിയാം. നിങ്ങളോടൊപ്പം

ഞാനും വേദനിക്കുന്നുണ്ട്. ചില കാര്യങ്ങളിൽ ചിലർ എന്നെ പരാമർശിച്ചും തങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിലുള്ള എന്റെ ചുമതലകൾ എന്റെ സഹപ്രവർത്തകരോടും പരിശുദ്ധ സിംഹാസനത്തോടു ബന്ധപ്പെട്ട ഉന്നത സഭാശുശ്രൂഷകരോടും ആലോചിച്ചാണ് ചെയ്തുവരുന്നത്. കുറവുകളുണ്ടാകുമ്പോൾ അവ പരിഹരിക്കുവാൻ പരിശ്രമിക്കുന്നുമുണ്ട്.

തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഉണ്ടാവുക മനുഷ്യസഹജമാണ്. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോയാണ് ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ടവൻ. ഏറ്റവുമധികം കുറ്റപ്പെടുത്തപ്പെട്ടവനും അവിടുന്നു തന്നെയാണ്. പീലാത്തോസിനോടോ ഹേറോദോസിനോടോ തന്റെ ശിഷ്യന്മാരോടു തന്നെയുമോ എല്ലാം വെളിപ്പെടുത്തി തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവിടുന്ന് ഒരുമ്പെട്ടതായി കാണുന്നില്ല. തന്റെ പ്രതിയോഗികളുടെ ഉപജാപങ്ങളും ഗൂഢാലോചനകളും മൂലം നിഷ്ഠൂരമായ പീഡനങ്ങൾക്കും കുരിശുമരണത്തിനും അവിടുന്ന് വിധേയനായി. ആ സഹനവും മരണവും മനുഷ്യരക്ഷയ്ക്ക് കാരണമായിത്തീർന്നു എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ സവിശേഷത.

ചില സമീപകാല സംഭവങ്ങൾ ചിലർക്കൊക്കെ ഉതപ്പിന് കാരണമായെന്നും മനസ്സിലാക്കുന്നു. ഉതപ്പുകളെക്കുറിച്ച് ഈശോ പറയുന്നതിപ്രകാരമാണ്: "ദുഷ്പ്രേരണകൾ ഉണ്ടാകാതിരിക്കുക അസാദ്ധ്യം. എന്നാൽ, ആരുമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം" (ലൂക്കാ 17 :1). മനുഷ്യസമൂഹത്തിൽ എല്ലാക്കാലത്തും ഇടർച്ചയുണ്ടാക്കുന്ന സംഭവങ്ങൾ അരങ്ങേറിയിട്ടുണ്ട്. അതീവഗുരുതരങ്ങളായവയും സംഭവിച്ചിട്ടുണ്ട്. അതിന്റെ പേരിൽ ഇടർച്ചയ്ക്ക് കാരണമാകുന്ന സംഭവങ്ങളെ ന്യായീകരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇടർച്ചകൾ ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കുകയാണു വേണ്ടത്.

ഇടർച്ചയ്ക്കു കാരണമാകുന്ന സംഭവങ്ങളിൽ എപ്രകാരം പ്രതി കരിക്കണമെന്നും പരിഹാരങ്ങൾ കാണണമെന്നും അടുത്ത കാലത്തെ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ എല്ലാവരും ചിന്തിക്കുന്നതും ആരോഗ്യകരമായ സമീപനങ്ങൾ സ്വീകരി ക്കുന്നതും നന്നായിരിക്കും. ഇപ്പോൾ നടക്കുന്ന രീതികൾ സഭ യുടെ സന്ദേശത്തിനോ സാക്ഷ്യത്തിനോ നിരക്കുന്നവയാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

സമൂഹത്തിലും സഭയിലും വിവാദങ്ങളോ ഇടർച്ചകളോ ഉണ്ടാകുമ്പോൾ നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ, പരീക്ഷണങ്ങളിൽ പരാജയപ്പെടേണ്ടവരല്ല നമ്മൾ. ഈശോയ്ക്കും തന്റെ പരസ്യജീവിതത്തിൽ പരീക്ഷണങ്ങൾ ഉണ്ടായിരുന്നല്ലോ. നഷ്ടധൈര്യനാകാതെ തന്റെ പിതാവായ ദൈവത്തിലാശ്രയിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരീ ക്ഷണങ്ങളെയെല്ലാം വിജയത്തിന്റെ വഴിത്താരയാക്കി അവി ടുന്ന് മാറ്റി. സഭയും എല്ലാക്കാലങ്ങളിലും പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. ഒരു വ്യക്തിക്കോ ഏതാനും പേർക്കോ ഉണ്ടാ കുന്ന വീഴ്ച സഭ മുഴുവന്റെയും വീഴ്ചയോ പരാജയമോ ആയി കാണുന്നത് ശരിയല്ല. ഇക്കാലത്ത് സഭ നേരിടുന്ന പരീക്ഷണ ങ്ങളെ സധൈര്യം നേരിടുവാൻ നമുക്ക് സഭയോടൊത്തു നിൽക്കാം. ഭഗ്നാശരാകാതെ വിശ്വാസത്തിൽ അടിയുറച്ചുനിന്നു കൊണ്ട് പരിശുദ്ധാത്മാവ് നൽകുന്ന പ്രത്യാശയോടെ നമുക്കു പരീക്ഷണങ്ങളെ വിജയിക്കാം. ദൈവവചനത്തിലും പ്രാർത്ഥനയിലും നാം ശക്തി സംഭരിക്കണം.


ആഗസ്റ്റു മാസത്തിലെ പ്രകൃതി ദുരന്തങ്ങളെ സൃഷ്ടപ്ര പഞ്ചത്തിന്റെ പരിമിതിയുടെ വെളിപ്പെടുത്തലുകളായിട്ടാണ് നാം കാണേണ്ടത്. മനുഷ്യർക്കു രോഗങ്ങളും തെറ്റുകളും കുറ്റ ങ്ങളും ഒക്കെ ഉള്ളതുപോലെ പ്രപഞ്ചത്തിനും അതിന്റെ പ്രയാ ണത്തിൽ വ്യതിചലനങ്ങൾ ഉണ്ടാകുന്നു. അത്തരം വ്യതിച ലനങ്ങളായിട്ടുവേണം ഭൂകമ്പങ്ങളെയും പ്രളയത്തെയും

ഉരുൾപൊട്ടലുകളെയും ചുഴലിക്കാറ്റുകളെയും മറ്റു സമാന പ്രതിഭാസങ്ങളെയും നാം കാണുവാൻ. മനുഷ്യരുടെ തിന്മകളും രോഗങ്ങളും നാം പരിഹരിക്കുന്നതിന് പരിശ്രമിക്കുന്നതുപോലെതന്നെ പ്രപഞ്ചത്തിനുണ്ടാകുന്ന കെടുതികളെയും ഏറ്റെടുത്തു പരിഹാരം കണ്ടെത്തുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള എല്ലാ പരിശ്രമങ്ങളിലും ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയോടെ സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തനനിരതരാകേണ്ടവരാണ് നമ്മൾ. ക്രൈസ്തവവിശ്വാസം അതിനു നമുക്കു ശക്തി പകരണം.

പ്രളയക്കെടുതിയിൽ സഭയുടെ എല്ലാ ഭാഗങ്ങളിലും നിന്നും ഉണ്ടായ ദുരിതാശ്വാസപ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. അവയെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണെന്നു ഞാൻ കരുതുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് KCBC നൽകിയ ഒരു കോടി രൂപയിൽ സീറോ മലബാർ സഭയുടെ വിഹിതമായ 50 ലക്ഷം രൂപ നമ്മുടെ സാമൂഹ്യപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന 'സ്പന്ദൻ' വഴി ലഭിച്ച സംഭാവനയിൽനിന്നും നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് നൽകുന്നതായിരിക്കും. ഇതിനു പുറമെ ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് നൂറ്റിഒൻപത് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി പതിനായിരത്തിമുന്നൂറ്റി എൺപത്തി നാല് (109,91,10,384) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സീറോ മലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും മേജർ സെമിനാരികളും സന്യാസസമൂഹങ്ങളും അത്മായ സഹോദരങ്ങളും നിർവഹിച്ചിട്ടുണ്ട്. ഇനിയും ഇരുന്നൂറിൽ പരം കോടി രൂപയുടെ ദുരിതാശ്വാസ പദ്ധതികൾക്ക് വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്. സഭാമക്കളുടെ കഠിനാധ്വാനവും കാരുണ്യപ്രവർത്തനങ്ങളും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

എന്റെ യാത്രയും റോമിലെ ശുശ്രൂഷകളും ഫലപ്രദമായി നിർവ്വഹിക്കുന്നതിനും നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.



**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

N.B. ഈ സർക്കുലർ ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച ദൈവാലയങ്ങളിലും വി. കുർബാനയർപ്പണം നടക്കുന്ന സ്ഥാപനങ്ങളിലും മഠങ്ങളിലും വായിക്കേണ്ടതാണ്. രൂപതകളിലെ ബുള്ളറ്റിനുകളിൽ ഇതു പ്രസിദ്ധീകരിക്കണം. ഇതിന്റെ ഉള്ളടക്കം രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും മറ്റും പ്രസിദ്ധീകരണങ്ങളിൽ നൽകുന്നതു നന്നായിരിക്കും.

Ref: 3141/K-5/KCBC/OL/DS
15.09.2018

# ആഗോളമിഷൻദിനം-2018

## സന്ദേശം

## ഫ്രാൻസിസ് മാർപാപ്പ

*നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാം*

പ്രിയ യുവജനങ്ങളേ, ക്രിസ്തുവിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷദൗത്യത്തെക്കുറിച്ച് നിങ്ങളോടുകൂടെ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. നിങ്ങളുമായുള്ള ഈ സംസാരത്തിലൂടെ എല്ലാവരോടും സംസാരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഒരു തീർച്ചയാണ്. ക്രൈസ്തവവിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്ന തീർച്ചയാണത്. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ "മിഷൻ വിശ്വാസത്തെ പുനരുജീവിപ്പിക്കുന്നു" (രക്ഷകന്റെ മിഷൻ 2). യുവജനത്തോട് വലിയ സ്നേഹവും താത്പര്യവും കാണിച്ചിരുന്ന മാർപാപ്പയാണല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ വച്ചു നടത്തും. കർത്താവായ യേശു യുവജനങ്ങളേ, നിങ്ങളോടും നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ യേശുവിന് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

### ജീവിതം ഒരു മിഷനാണ്

ഓരോ സ്ത്രീയും പുരുഷനും മിഷനാണ്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്ക*

*പ്പെടുക, അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും - പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയുടെ വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശിക്കുകയും ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള ഉത്തരവാദിത്വം സന്തോഷപൂർവം ജീവിക്കുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലുകളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവനകാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമിക്കുന്നു. നമ്മുടെ തന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയുണ്ടെന്നും അത് നമുക്ക് അസ്ഥിത്വം നല്കുന്നുവെന്നുമുള്ള ബോധം ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: "ഞാൻ ഈ ലോകത്തിൽ ഒരു മിഷനാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്" (സുവിശേഷത്തിന്റെ സന്ദേശം 273).

**നാം യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നു**

സഭ താൻ സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിതത്തിന് ഈ ലോകത്തിൽ അർത്ഥം നല്കുന്ന വഴിയും സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും. സത്യത്തിന്റെതും നിറവേറലിന്റെതുമായ ഈ സന്ദേശം കണ്ടെത്താനും പ്രഘോഷിക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, ക്രിസ്തുവിനെയും സഭയെയും ഭയപ്പെടേണ്ട. എന്തെന്നാൽ ജീവിതത്തെ സന്തോഷം കൊണ്ടുനിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്കു സാധിക്കും. വിശ്വാസത്തിന്റെ സഹാ

യത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹനവും ദാരിദ്ര്യവും കൊണ്ടു വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെയടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജനങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് - ചിലപ്പോൾ രക്തസാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു (cf 1 കോറി 1:17-25). ലോകത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷ പ്രഘോഷണമാണത് (cf യോഹ 3:16). ക്രിസ്തുവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിക്കപ്പെടുക; ആ അഗ്നിയാൽ വിഴുങ്ങപ്പെടുക; അതിന്റെ പ്രകാശത്താൽ മനസ്സിലാക്കൽ പ്രക്രിയയിൽ വളരുക; അതിന്റെ സ്നേഹത്താൽ ചൂടുള്ളവരായിരിക്കുക (cf 2 കോറി 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാളത്തിലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. "ക്രിസ്തു എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടന്ന് എന്തു ചെയ്യുമായിരുന്നു?" എന്ന വിസ്മയത്തിൽ നിർത്താതിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

**വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേയ്ക്കു പകരുക**

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസ വഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചു കൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതില്ക്കലാണ്. സഭയുടെ കൂദാശകൾ, നമുക്കു നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷികളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ അന്തിമഘട്ടത്തിലേക്ക് അടുക്കുന്നവർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തുണയുടെയും പ്രത്യാശയുടെയും ഉറവിട

മാക്കിമാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറവിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നു നല്കൽ സഭയുടെ മിഷന്റെ കേന്ദ്രമാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉദ്ഭവിക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ പുതുതായി കണ്ടെത്തിയ അർത്ഥത്തിന്റെയും നിറവേറലിന്റെയും പ്രകടനമായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപനത്തിന് തുറവിയുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാരണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടുമുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദിപ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും നിസ്സംഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവരുമായ എല്ലാവരുമായി പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പിക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നിധ്യവും ഇനിയും അറിയാത്ത മാനുഷിക-സാംസ്കാരിക-മതാത്മക പരിതസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചു. അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുമെന്ന തീർച്ചയോടെയാണ് അയച്ചത് (cf മത്താ 28:20; അപ്പ 1:8). "ജാതികളിലേക്കുള്ള പ്രേഷിതത്വം" എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോടു നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീസഹോദരന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ 'കപ്പൽ സഞ്ചാരം' ചെയ്യാവുന്നതുമാണ്. ഡിജിറ്റൽ ലോകം - ഏറെ വ്യാപകവും സുലഭവുമായ സാമൂഹിക നെറ്റുവർക്കുകൾ, അതിരുകളെ ഇല്ലാതാക്കുന്നു; അകലം ഇല്ലാതാക്കുന്നു; വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ളതായി, നേരിട്ടു കിട്ടുന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധപ്പെടലുകൾ നമുക്ക് ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടായ്മയിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിതത്തിന്റെ ആത്മാർഥമായ ദാനമില്ലാത്തതു കൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യമാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23-25). യേശുക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തുകയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

**സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്**

തന്റെ സഭയിൽ വസിക്കുന്ന യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ നിങ്ങൾക്കു സാധ്യത നല്കുന്ന സഭാത്മകഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ സന്ന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷണറിസേവനത്തിന്റെ വിവിധപ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധസേവനത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരിൽ 'ഏററവും എളിയവരെ' സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ 25:40). അവർ മനുഷ്യമഹത്ത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു സേവനം

ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വികസിപ്പിക്കുകയും വളർത്തുകയും ചെയ്യാനും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷണറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളിപരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ– മിഷണറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്– അവർക്കു കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നടത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹിക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവുമായ വളർച്ചയ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയിലൂടെ പ്രാർഥനയും ഭൗതികസഹായങ്ങളും ഉദാരതയോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറപ്പുണ്ടാകാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്നതിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചില്ലിയിലെ യുവജനത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തിക്കട്ടെ: "ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ" (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂ ഷ്റൈൻ, 17 ജനുവരി 2018).

പ്രിയയുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടുത്തെ മിഷനും വികാരാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷണറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസര

മായിരിക്കും അത്. നമുക്കെല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷിക്കുന്നു.

വത്തിക്കാനിൽ നിന്ന്, 20 മേയ് 2018 പെന്തക്കുസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പ**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

## അറിയിപ്പ്

### മിഷൻ സൺഡേ

മുൻ വർഷങ്ങളിലേതുപോലെ മിഷൻ സൺഡേ കളക്ഷന് വിവിധ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്. പള്ളികളും സ്കൂളുകളും സ്ഥാപനങ്ങളും ഈ സംരംഭത്തിൽ സഹകരിക്കണമെന്ന് പ്രത്യേകം താത്പര്യപ്പെടുന്നു.

ഒക്ടോബർ 21-ാം തീയതി മിഷൻ ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ മിഷൻ ഞായർദിന പിരിവു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക നവംബർ 15-ാം തീയതിക്കു മുമ്പായി ബഹു. രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏൽപിക്കുകയും ചെയ്യുമല്ലോ.

**ഫാ. പ്രൊക്യുറേറ്റർ**

# കച്ചേരിക്കാര്യം

## Transfer and Appointment
## (October 2018)

| | |
|---|---|
| Fr. Kurian Thadathil | Vicar, Kakkombu (additional) |
| Fr. James Madickangal | Assistant Director, SMYM & Jesus Youth (additional) |
| Fr. Joseph Kunnackatt | Relieved, Vicar, Kakkombu. (Pastoral Ministry, Melbourne, Australia) |
| Fr. Thomas Thayyil | Relieved, Assistant Director, SMYM & Jesus Youth |
| Fr. Paul Puthanpurakkal | Relieved, Assistant Vicar, Ullanad |
| Fr. Joseph Karikulam | Relieved, Assistant Vicar, Paika |
| Fr. Kuriakose Kidangen | (Ernakulam Archeparchy) Relieved, Resident Priest, Nelliyani |

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഏറ്റവും പുതിയ നാടകം **"സ്നേഹമേഘത്തുണ്ട് "**-ന്റെ ഉദ്ഘാടനം, **2018 ഒക്ടോബർ മാസം 15-ാം തീയതി തിളാഴ്ച വൈകിട്ട് 6.30 ന് പാലാ അൽഫോൻസാ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്** ഉദ്ഘാടനം ചെയ്യുന്നു. ഏവരെയും ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**Date : 15-10-2018**
**Time : 6.30 pm**
**Venue : Alphonsa College Palai**

**ഫാ. ജോയൽ പണ്ടാരപ്പറമ്പിൽ**
ഡയറക്ടർ, പാലാ കമ്മ്യൂണിക്കേഷൻസ്

**ബുക്കിംഗിന് : Ph : 9048306071**

## FLOOD RELIEF COLLECTION FROM PARISHES (Until 27-9-2018)

| | | |
|---|---|---|
| 1 | ADIVARAM | 20000 |
| 2 | ADUKAM | 32050 |
| 3 | AIMCOMBU | 61200 |
| 4 | ALPHONSAGIRI | 6150 |
| 5 | ALPHONSAPURAM | 15500 |
| 6 | AMPARANIRAPPEL | 70580 |
| 7 | ANTHIALAM | 102230 |
| 8 | ANTHINADU | 264000 |
| 9 | ARAKULAM NEW | 51200 |
| 10 | ARAKULAM OLD | 10000 |
| 11 | ARUNAPURAM | 340000 |
| 12 | ARUNOOTTIMANGALAM | 44000 |
| 13 | ARUVITHURA | 1350000 |
| 14 | AYYAMPARA | 25500 |
| 15 | BHARANANGANAM FORANE(ANAKALLU) | 384000 |
| 16 | CHAKKAMPUZHA | 200000 |
| 17 | CHEMMALAMATTAM | 265130 |
| 18 | CHEMPILAVU | 100001 |
| 19 | CHENNAD | 134000 |
| 20 | CHERPUMKAL FORANE | 205000 |
| 21 | CHETTUTHODU | 79694 |
| 22 | CHITTAR | 35000 |
| 23 | CHOLATHADAM | 5000 |
| 24 | CHOONDACHERY | 19501 |
| 25 | EDADU | |
| 26 | EDAMARUKU | 10000 |
| 27 | EDAPPADY | 141000 |
| 28 | ELAMTHOTTAM | 92875 |
| 29 | ELANJI FORANE | 503100 |
| 30 | ELAPPALLY | 6054 |

| | | |
|---|---|---|
| 31 | EZHACHERRY | 28000 |
| 32 | FATHIMAPURAM | 103400 |
| 33 | GAGULTHA (MATTATHIPARA) | 10000 |
| 34 | GEOVALLY (ELIVALY) | 42000 |
| 35 | IDAMATTAM | 117000 |
| 36 | JAIGIRI | 20000 |
| 37 | JOSE MOUNT (ILLIARY) | 25600 |
| 38 | JOSEGIRI | 75000 |
| 39 | KADANAD | 142000 |
| 40 | KADAPLAMATTAM | 168892 |
| 41 | KADUTHURUTHY | 137110 |
| 42 | KAIPPALLY | 32000 |
| 43 | KAKKOOR | 70000 |
| 44 | KAKOMBU (ELLUMPURAM) | 20000 |
| 45 | KALATHOOKADAVU | 35000 |
| 46 | KALATHOOR | 70000 |
| 47 | KALIKAVU (VEMPALLY) | 120500 |
| 48 | KANJIRAMATTAM | 70000 |
| 49 | KANJIRATHANAM | 70100 |
| 50 | KARIMPANY | |
| 51 | KAROOR | 20500 |
| 52 | KATTAMPAK | 55000 |
| 53 | KAVALY (THALUMKAL) | 17190 |
| 54 | KAVEEKUNNU | 37150 |
| 55 | KAVUMKANDAM | 6740 |
| 56 | KAYYOOR | 22445 |
| 57 | KEEZHOOR | 52000 |
| 58 | KIZHAPARAYAR | 42000 |
| 59 | KIZHATHADIYOOR, PALA | 128615 |
| 60 | KONDAD (KOODAPALAM) | 70500 |
| 61 | KOODALLOOR | 267766 |

| | | |
|---|---|---|
| 62 | KOOTHATTUKULAM | 75997 |
| 63 | KOOTTIKAL | 85115 |
| 64 | KOTHANALLOOR | 50000 |
| 65 | KOZHUVANAL | 60336 |
| 66 | KUDAKKACHIRA | 159490 |
| 67 | KUDAYATHOOR | 45000 |
| 68 | KULAMAVU | 4500 |
| 69 | KUNNONNI | 18220 |
| 70 | KURAVILANGAD | 500555 |
| 71 | KURICHITHANAM | 22735 |
| 72 | KURINJI | 10595 |
| 73 | KURUMANNU | 43500 |
| 74 | KURUVINAL | 44000 |
| 75 | LALAM NEW PALA | 126000 |
| 76 | LALAM OLD PALA | 646480 |
| 77 | MALAPPURAM | |
| 78 | LOURDES MOUNT | 2500 |
| 79 | MALAYINCHIPARA | 46000 |
| 80 | MALLIKASSERY | 7500 |
| 81 | MANALUMKAL | 71000 |
| 82 | MANATHOOR | 46200 |
| 83 | MANGALAGIRI | 6500 |
| 84 | MANGALARAM | 10000 |
| 85 | MANIAMKULAM | 50135 |
| 86 | MANIAMKUNNU | 157786 |
| 87 | MANJAMATTAM | 11250 |
| 88 | MANNACKANAD | 55096 |
| 89 | MANNAR | 200000 |
| 90 | MANNARAPPARA | 151811 |
| 91 | MANVETTAM | 175000 |
| 92 | MARANGATTUPALLY | 228220 |

| | | |
|---|---|---|
| 93 | MARANGOLY | |
| 94 | MARYLAND | 126240 |
| 95 | MATTAKKARA | 40200 |
| 96 | MAVADY (VELATHUSSERY) | 30000 |
| 97 | MEENACHIL | 45000 |
| 98 | MELUKAVUMATTAM | 94910 |
| 99 | MEVIDA | 41000 |
| 100 | MONIPPALLY | 107000 |
| 101 | MOOLAMATTAM | 150000 |
| 102 | MOONNANI | 10000 |
| 103 | MOONNILAVU | 182000 |
| 104 | MOOZHOOR | 51000 |
| 105 | MULAKKULAM | |
| 106 | MUNDANKAL | 48870 |
| 107 | MUTHOLAPURAM | 210000 |
| 108 | MUTHOLY | 102400 |
| 109 | MUTTUCHIRA FORANE | 160000 |
| 110 | NAMBIAKULAM | 51775 |
| 111 | NARIANGANAM | 30000 |
| 112 | NEELOOR | 20000 |
| 113 | NEERANTHANAM | 27000 |
| 114 | NELLAPPARA | 8000 |
| 115 | NELLIANI | 14690 |
| 116 | PADUVA | 34500 |
| 117 | PAIKA | 23000 |
| 118 | PAINGULAM | 62000 |
| 119 | PALAI CATHEDRAL | 500000 |
| 120 | PALAKAD | 34300 |
| 121 | PALAKATTUMALA | 93700 |
| 122 | PALAYAM | 9000 |
| 123 | PARATHANAM | 51929 |

| | | |
|---|---|---|
| 124 | PAYYANITHOTTAM | 59075 |
| 125 | PERIAPURAM | 81500 |
| 126 | PERINGULAM | 10000 |
| 127 | PERUMTHURUTH | |
| 128 | PIRAVOM | 64621 |
| 129 | PIUSMOUNT | 21180 |
| 130 | PLASSANAL | 44000 |
| 131 | POONJAR | 344100 |
| 132 | POOVAKULAM | 36482 |
| 133 | POOVARANY | 128290 |
| 134 | POOVATHODU | 233460 |
| 135 | POOZHIKOL | 10000 |
| 136 | PRAVITHANAM | 327000 |
| 137 | RAMAPURAM | 5000 |
| 138 | RATNAGIRI | 117000 |
| 139 | SANTHIGIRI | 5229 |
| 140 | SANTHIPURAM | 14029 |
| 141 | SIBIGIRI (MUTTAM) | 20000 |
| 142 | SLIVAPURAM | 19000 |
| 143 | TEEKOY | 70000 |
| 144 | THAKADI | 2500 |
| 145 | THIDANAD | 335530 |
| 146 | THIRUMARADY | 8000 |
| 147 | THODANAL | 92000 |
| 148 | THUDANGANAD FORANE | 95000 |
| 149 | THURUTHIPALLY | 42050 |
| 150 | UDAYAGIRI | 10000 |
| 151 | ULLANAD | 34000 |
| 152 | URULIKUNNAM | 34500 |
| 153 | URUMPUKAVU (PIZHAKU) | 30000 |
| 154 | VADAKARA | 110000 |

| | | |
|---|---|---|
| 155 | VAGAMON | 18200 |
| 156 | VAKAKKAD | 26150 |
| 157 | VAKKAD | 9900 |
| 158 | VALACHIRA | 10000 |
| 159 | VALAVOOR | 30000 |
| 160 | VARIANIKKAD | 23275 |
| 161 | VAYALA | 250000 |
| 162 | VEDAGIRI | |
| 163 | VELANILAM | 82000 |
| 164 | VELLIAMATTAM | 90600 |
| 165 | VELLIKULAM | |
| 166 | VEZHAGANAM | 21750 |
| 167 | VILAKUMADAM | 11740 |
| 168 | VIMALAGIRI (CHAKKIKAVU) | 6500 |
| 169 | XAVIERPURAM | 71500 |
| 170 | YENTHAYAR | 75000 |
| | **TOTAL** | **15249469** |

## CONTRIBUTION FROM REV. FATHERS (Until 25-9-2018)

| | | |
|---|---|---|
| 1 | FR MATHEW AMMOOTTUKUNNEL | 12000.00 |
| 2 | FR.ALEX MOOLAKUNNEL | 12000.00 |
| 3 | FR.CYRIL THAYYIL | 12000.00 |
| 4 | FR.GEORGE CHOORAKATTU | 12000.00 |
| 5 | FR.GEORGE POOVAKULAM | 15000.00 |
| 6 | FR.GEORGE VADAKKEL | 2000.00 |
| 7 | FR.GERVASIS ANITHOTTAM | 12000.00 |
| 8 | FR.JOSE VADAKKEKUTTU | 8750.00 |
| 9 | FR.JOSEPH ALENCHERY | 11250.00 |
| 10 | FR.JOSEPH KUZHINJALIL | 12000.00 |
| 11 | FR.JOSEPH MUKALEPARAMBIL | 11250.00 |
| 12 | FR.JOSEPH PARIYATH(JR) | 12000.00 |

| | | |
|---|---|---|
| 13 | FR.JOSEPH PARUVUMMEL | 12000.00 |
| 14 | FR.JOYAL PANDARAPARAMBIL | 8750.00 |
| 15 | FR.KURIAN MATTAM | 11250.00 |
| 16 | FR.MATHEW MADATHIKUNNEL | 2000.00 |
| 17 | FR.SCARIA MODIYIL | 12000.00 |
| 18 | FR.SCRIA VEKATHANAM | 8750.00 |
| 19 | FR.SEBASTIAN KUTTIYANICKAL | 8750.00 |
| 20 | FR.SEBASTIAN PADICKAKUZHUPPIL | 12000.00 |
| 21 | FR.SEBASTIAN VETTUKALLEL | 12000.00 |
| 22 | FR.SHEEN PALACKATHADAM | 11250.00 |
| 23 | FR.THOMAS MALAYILPUTHENPURA | 12000.00 |
| 24 | FR.THOMAS MENACHERY | 11250.00 |
| 25 | FR.THOMAS OLAYATHIL | 12000.00 |
| 26 | FR.THOMAS PUNNATHANATH | 7000.00 |
| 27 | FR.VINCENT MOONGAMAKAL | 8750.00 |
| 28 | FR. GEORGE MADUKAVUNKAL | 10000.00 |
| 29 | FR. JOSE VALLOMPURAYIDAM | 25000.00 |
| 30 | FR. JOSEPH MANNANAL | 12000.00 |
| 31 | FR. PAUL PARAPLACKAL | 12000.00 |
| 32 | FR.ABRAHAM THURUTHIYIL | 3000.00 |
| 33 | FR.ALEX PAIKADA | 10000.00 |
| 34 | FR.AUGUSTINE KOOTTIYANI | 12000.00 |
| 35 | FR.AUGUSTINE THERUVATH | 12000.00 |
| 36 | FR.CYRIAC KOCHUKAIPPATTIYIL | 10000.00 |
| 37 | FR.CYRIAC NIRAPPIL | 1000.00 |
| 38 | FR.FRANCIS EDATHINAL | 12000.00 |
| 39 | FR.GEORGE AMPAZHATHUNKAL | 949.00 |
| 40 | FR.GEORGE KIZHAKEARANJANI | 12000.00 |
| 41 | FR.GEORGE PAIKADA | 50000.00 |
| 42 | FR.GEORGE PAZHEPARAMPIL | 12000.00 |

| | | |
|---|---|---|
| 43 | FR.GEORGE POLACHIRAKUNNUMPURAM | 11975.00 |
| 44 | FR.GEORGE PULLUKALAYIL | 20000.00 |
| 45 | FR.JACOB PEZHATHUMKAL | 10000.00 |
| 46 | FR.JACOB POTTAKULAM | 12000.00 |
| 47 | FR.JAMES THOTTAPALLY USA | 50000.00 |
| 48 | FR.JOHN KANJIRAMKUZHY | 2000.00 |
| 49 | FR.JOHN PUTHIAMATTAM | 12100.00 |
| 50 | FR.JOSE KAKKALLIL | 25000.00 |
| 51 | FR.JOSE THARAPPEL(JR) | 12000.00 |
| 52 | FR.JOSEPH PULAVELY | 5000.00 |
| 53 | FR.JOSEPH PUTHENPURA | 5000.00 |
| 54 | FR.JOSEPH THOLANIKAL | 15000.00 |
| 55 | FR.JOSEPH VATTAPALLIL | 10000.00 |
| 56 | FR.KURIAKOSE PANGOTTIL | 5000.00 |
| 57 | FR.KURIAN KOTTAYIL | 12000.00 |
| 58 | FR.KURIAN MADOTHU | 25000.00 |
| 59 | FR.MATHEW KOKKATTU | 200000.00 |
| 60 | FR.MATHEW KURUSUMMOOTTIL | 2000.00 |
| 61 | FR.MATHEW MATHILAKATH | 15000.00 |
| 62 | FR.MATHEW THEKKEL | 12000.00 |
| 63 | FR.SEBASTIAN ADAPPASSERY | 12000.00 |
| 64 | FR.SEBASTIAN KUTTIYANYIL | 10000.00 |
| 65 | FR.AUGUSTINE INCHAKUZHY | 12075.00 |
| 66 | FR.THOMAS CHILLACKAL | 12000.00 |
| 67 | FR.THOMAS PURAYIDAM | 10000.00 |
| 68 | FR.SEBASTIAN MUNDUMOOZHIKARA | 2000.00 |
| 69 | MONSGR.PAUL PALLATH | 837854.00 |
| 70 | PRIEST HOME PALA | 10000.00 |
| 71 | PRIEST HOME PALA | 5000.00 |
| | **TOTAL** | **1847953.00** |

## CONTRIBUTIONS FROM INSTITUTIONS &INDIVIDUALS (Until 25-9-2018)

| | |
|---|---|
| PALAI DIOCESIAN SHARE | 1084480.00 |
| FAMILY AID FUND | 200000.00 |
| FATHIMA PUBLIC SCHOOL PIRAVAM | 50000.00 |
| ST.THOMAS BOOK STALL | 30000.00 |
| ST.THOMAS BOOK PRESS | 15000.00 |
| DEEPANALAM | 5000.00 |
| SH CONVENT NARIANGANAM | 5000.00 |
| ST.THOMAS BEd COLLEGE PALA | 40000.00 |
| FC CONVENT MANIAMKUNNU | 5000.00 |
| MISI CONGRICATION (LEGION HOME) PALA | 50000.00 |
| JOSE MATHEW KUNNEL PALA | 2000.00 |
| KURIAN MV MEEMPALLIL ARUNOOTTIMANGALAM | 10000.00 |
| CML PRESIDENT A GROUP ARUNOOTTIMANGALAM | 10000.00 |
| CML PRESIDENT B GROUP ARUNOOTTIMANGALAM | 10000.00 |
| SECRETARY WARD 1 ARUNOOTTIMANGALAM | 10000.00 |
| SECRETARY WARD 11 ARUNOOTTIMANGALAM | 10000.00 |
| SECRETARY WARD 3 ARUNOOTTIMANGALAM | 10000.00 |
| SECRETARY WARD 4 ARUNOOTTIMANGALAM | 10000.00 |
| PRESIDENT KUDUBHAJOGAM ARUNOOTTIMANGALAM | 10000.00 |
| SECRETARY KUDUBHAJOGAM ARUNOOTTIMANGALAM | 10000.00 |
| CML SECRETARY ARUNOOTTIMANGALAM | 1000.00 |
| WELWISHER | 100.00 |
| SEVEN CONSULTING PVT LIMITED | 100000.00 |
| ST.ALPHONSA SHRINE | 125000.00 |
| HG HOSPITAL MUTTUCHIRA | 100000.00 |
| CYML PALA | 50000.00 |
| DST SANTHOM PROVINCIAL HOUSE PALA | 100000.00 |
| DAISY POOVARANY | 5000.00 |
| SH PROVINCIAL HOUSE | 250000.00 |
| ST.MARTHAS GENERALATE PALA | 100000.00 |

| | |
|---|---|
| FCC PROVINCIAL HOUSE PULIYANOOR | 200000.00 |
| SMS GENERALATE | 100000.00 |
| ST.THOMAS PRESS | 10000.00 |
| ST.MARY'S HS ARAKULAM | 20000.00 |
| ST.GEORGE HS ARUVITHURA | 5000.00 |
| ST.MARYS HS BHARANANGANAM | 10000.00 |
| LF HS CHEMMALAMATTAM | 15100.00 |
| ST.MARIA GORETTES HS CHENNAD | 10000.00 |
| HOLY CROSS HS CHERPUNKAL | 25000.00 |
| ST.PETERS HS ELANJI | 10000.00 |
| ST.SEBASTIAN HS KADANAD | 11000.00 |
| ST.ANTONYS HS KADAPLAMATTAM | 3000.00 |
| LF HS KANJIRAMATAM | 4000.00 |
| ST.GEORGE HS KOOTTICKAL | 7000.00 |
| ST.JOHNS HS KANJIRATHANAM | 5000.00 |
| EMMANUEL HS KOTHANALLOOR | 7000.00 |
| ST.JOSEPH HS KUDAKKACHIRA | 7000.00 |
| ST.MARYS GHS KURAVILANGAD | 9500.00 |
| ST.MARYS HS KURAVILANGAD | 8000.00 |
| ST.JOHN HS KURUMANNU | 11550.00 |
| ST.JOSEPH HS MANATHOOR | 14000.00 |
| ST.XAVIERS VHS KURUPANTHARA | 8000.00 |
| ST.ALOYSIS HS MANALUMKAL | 11000.00 |
| ST.THOMAS HS MARANGATTUPALLY | 14000.00 |
| ST.JOSEPH HS MATTAKARA | 7000.00 |
| ST.JOSEPHS GHS MUTHOLY | 7000.00 |
| ST.JOSEPHS TTI MUTHOLY | 2500.00 |
| HOLY GOST BHS MUTTUCHIRA | 4000.00 |
| ST.AGNES GHS MUTTUCHIRA | 9500.00 |
| ST.MARYS GHS PALA | 19500.00 |
| ST.THOMAS BHS MUTHOLY | 25000.00 |

| | |
|---|---|
| ST.THOMAS TTI PALA | 8500.00 |
| ST.AUGUSTINE HS PERINGULAM | 10000.00 |
| ST.ANTONYS HS PLASSANAL | 10000.00 |
| ST.MICHAELS HS PRAVITHANAM | 7000.00 |
| GOOD SHEPHRED MINOR SEMINARY | 5000.00 |
| ARAKULAM ST MARYS HSS | 20000.00 |
| ST.GEORGE HSS ARUVITHURA | 30000.00 |
| ST.MARYS HSS BHARANAGANAM | 15000.00 |
| HOLY CROSS HSS CHERPUNKAL | 17000.00 |
| ST.PETERS HSS ELANJI | 12000.00 |
| ST.SEBASTIANS HSS KADANAD | 30000.00 |
| EMAANUEL HSS KOTHANALLOOR | 2000.00 |
| ST.JOHN NHSS KOZHUVANAL | 25000.00 |
| ST.MARYS HSS KURAVILANGAD | 5000.00 |
| ST.MARYS GHSS PALA LANGAD | 9500.00 |
| ST.THOMAS HSS PALA | 7500.00 |
| ST.ANTONYS HSS PLASSANAL | 2500.00 |
| ST.MICHAELS HSS PRAVITHANAM | 5000.00 |
| ST.AUGUSTINE HSS RAMAPURAM | 20000.00 |
| ST.MARYS HSS TEEKOY | 8610.00 |
| ST.XAVIERS VHSS KURUPPANTHARA | 5000.00 |
| ST.JOSEPH HSS VILAKKUMADAM | 5000.00 |
| SH GHS RAMAPURAM | 20000.00 |
| ST.AUGUSTINE HS RAMAPURAM | 11000.00 |
| ST.MARYS HS TEEKOY | 10000.00 |
| LFHS VADAKARA | 10000.00 |
| ALPHONSA GHS VAKAKKAD | 16000.00 |
| ST.PAUL HS VALIYAKUMARAMANGALAM | 16000.00 |
| ST.JOSEPH HS VILAKKUMADAM | 5000.00 |
| ST.THOMAS UPS ARAKULAM | 6500.00 |
| ST.ANTONYS UPS EDAMARUKU | 10000.00 |

| | |
|---|---|
| ST.MARYS UPS KALATHOOR | 500.00 |
| ST.JOSEEPH UPS KANNADIYURUBU | 5750.00 |
| ST.JOSEEPH UPS KAROOR | 2000.00 |
| ST.EPHREMS UPS KAVEEKUNNU | 1200.00 |
| ST.JOSEEPH UPS KUNNONNI | 5000.00 |
| ST.JOSEEPH UPS MALYINCHIPARA | 5000.00 |
| ST.DOMINIC SAVIO UPS MALLIKASSERY | 5000.00 |
| ST.JOSEEPH UPS MANIAMKUNNU | 8000.00 |
| ST.GEORGE UPS MANVETTAM | 5000.00 |
| HOLY CROSS UPS MATTATHIPARA | 3500.00 |
| ST.THOMAS UPS MELUKAVUMATTAM | 14000.00 |
| ST.GEORGE UPS MOOLAMATTAM | 15900.00 |
| LFUPS MUNDANKAL | 2000.00 |
| ST.JOSEEPH UPS NEELOOR | 5000.00 |
| ST.THOMAS UPS NEERANTHANAM | 2000.00 |
| ST.ANTONYS UPS PADUVA | 1000.00 |
| ST.XAVIERS UPS PALAYAM | 2000.00 |
| SVE UPS PARATHANAM | 6750.00 |
| ST.JOSEEPH UPS POONJAR | 5000.00 |
| ST.THOMAS UPS POOVATHODU | 2000.00 |
| KALANILAYAM UPS PULIYANNOOR | 3000.00 |
| SH UPS ULLANAD | 1000.00 |
| ST.GEORGE UPS URULIKUNNAM | 7500.00 |
| ST.JOSEEPH UPS VELLIAPPALLY | 10000.00 |
| ST.JOSEEPH UPS VELLIAMATTAM | 4000.00 |
| ST.THRESIA UPS VILAKUMADAM | 5000.00 |
| ST.MARYS LPS ADIVARAM | 3000.00 |
| ST.JOSN LPS AMPARANIRAPPEL | 2000.00 |
| ST.MATHEWS LPS ANTHIALAM | 2000.00 |
| ST.MARYS LPS ARUVITHURA | 15000.00 |
| LF LPS AYYAMPARA | 3000.00 |

| | |
|---|---|
| ST.LITTLE THRESIA LPS BHARANANGANAM | 10000.00 |
| ST.THOMAS LPS CHEEENKALLEL | 2000.00 |
| ST.JOSEEPH LPS CHETTUTHODU | 4450.00 |
| ST.GEORGE LPS CHITTAR | 3000.00 |
| ST.PETERS LPS ELANJI | 3000.00 |
| ST.GEORGE LPS ELIVALLY | 2000.00 |
| ST.JOHNS LPS EZHACHERY | 1000.00 |
| ST.MATHEWS LPS KADANAD | 10000.00 |
| ST.JOSEEPH LPS KADAPLAMATTAM | 1000.00 |
| ST.GEORGE LPS KADUTHURUTHY | 6000.00 |
| ST.MARYS LPS KAKKOMBU | 1000.00 |
| ST.ALPHONSA LPS KALATHOOKADAVU | 1000.00 |
| HOLY CROSS LPS KALATHOOR | 1500.00 |
| ST.JOSEPH LPS KANJAR | 5000.00 |
| LF LPS KANJIRAMATTAM | 1500.00 |
| ST.ANTONYS LPS KOODALLOOR | 5000.00 |
| ST.JOSEPH LPS KUDAKKACHIRA | 2000.00 |
| ST.AUGUSTINE LPS KUDAYATHOOR | 5000.00 |
| ST.MARYS LPBS KURAVILANGAD | 4000.00 |
| ST.MARYS LPGS KURAVILANGAD | 5000.00 |
| ST.XAVIERS LPS KURUPPANTHARA | 8000.00 |
| ST.MIACHEAL LPS KURUVINAL | 3000.00 |
| ST.MARYS LPS LALAM | 10000.00 |
| HOLY FAMILY LPS MANALUMKAL | 5000.00 |
| ST.THOMAS LPS MANGALAGIRI | 2000.00 |
| ST.THOMAS LPS MARANGATTUPALLY | 4000.00 |
| ST.MARYS LPS MARYLAND | 4000.00 |
| ST.ANTONYS LPS MATTAKKARA | 7000.00 |
| AIDED LPS MEENACHIL | 2500.00 |
| ST.MARYS LPS MOOZHOOR | 1500.00 |
| ST.ANTONYS LPS MULAKULAM | 2000.00 |
| ST.GEORGE LPS MUTHOLAPURAM | 1000.00 |

| | |
|---|---|
| ST.GEORGE LPS MUTHOLY | 1000.00 |
| ST.PAULS LPS MUTHOLAPURAM | 4000.00 |
| ST.AGNES LPS MUTTUCHIRA | 9500.00 |
| ST ANTONYS LPS PADUVA | 1500.00 |
| LITTLE FLOWER LPS PAIKA | 2000.00 |
| ST ANTONYS LPS PALAKARA | 5000.00 |
| ST SEBASTIAN LPS PATHAZHA | 3000.00 |
| ST AUGUSTINE LPS PRAVITHANAM | 1000.00 |
| NORTH LPS RAMAPURAM | 1000.00 |
| SH LPS RAMAPURAM | 5000.00 |
| ST MARYS LPS TEEKOY | 12000.00 |
| INFANT JESUS LPS THODANAL | 2000.00 |
| ST.THOMAS LPS THUDANGANAD | 5000.00 |
| ST.GEORGE LPS THURUTHIPALLY | 3000.00 |
| LF LPS VADAKARA | 5000.00 |
| ST.GEORGE LPS VAILUKANAMPARA | 2000.00 |
| ST PAULS LPS VAKAKKAD | 5000.00 |
| ST CRUZ LPS VALACHIRA | 5000.00 |
| ST.MARYS LPS VALIYAKUMARAMANGALAM | 6000.00 |
| ST.THOMAS LPS VELATHUSSERY | 3000.00 |
| ST.JOSEPH LPS VELLIAPPILLY | 3200.00 |
| KCM LPS VETTICKANAM | 6000.00 |
| ST.JOSEPH LPS VEZHAGANAM | 500.00 |
| OUR LADY OF FATHIMA LPS VALAYAMCODE | 3000.00 |
| PREMIER SCHOOL TRAING PROGRAME | 9000.00 |
| ST.GEORGE COLLEGE ARUVITHURA | 200000.00 |
| ST.JOHN N HSS KOZHUVANAL | 7000.00 |
| ADORATION PROVINCIAL HOUSE PALA | 200000.00 |
| CMC PROVINCIAL HOUSE PALA | 200000.00 |
| **TOTAL** | **4356590.00** |
| **GRAND TOTAL** | **21454012.00** |

## UTILIZATION OF THE RELIEF FUND (Until 25-9-2018)

| | |
|---|---|
| DOXY TABLET FOR CLEANING WORKERS | 201.00 |
| MEDICINE CLEANING TEAM | 245.00 |
| MEDICINE FOR CLEANING PRIESTS | 839.00 |
| T A TO SANMANSU GEORGE TO CHENGUNNOOR RELIEF CAMP | 1000.00 |
| TRAVELING EXP. FOR RELIEF FUND CHEQUE TO CHEIF MINISTER | 1130.00 |
| PLASTIC COVER FOR RICE DISTRIBUTION | 1300.00 |
| CLEANING ITEMS RENT | 1400.00 |
| DIESAL EXP. FOR MURINGOOR CLEANING | 1500.00 |
| FLOOD RELIEF MURINGOOR CLEANING WORK COFFY EXPENSE | 1675.00 |
| PACKING COVER | 1728.00 |
| TRANSPORTING CHARGE FOR FLOOD RELIEF WORK | 4800.00 |
| TRANSPORTING CHARGE FOR RICE PACKET TO MURINGOOR | 5200.00 |
| BOOTS FOR CLEANING | 5331.00 |
| BOOTS FOR CLEANING | 6874.00 |
| BUS FAIR KUUTTANAD FLOOD RELIEF WORK | 7000.00 |
| CLEANING ITEMS | 8523.00 |
| BRUSH, BROOM PUMB RENT ETC | 9360.00 |
| PAPPADAM | 11130.00 |
| PAPPADAM DISTRIBUTION EXPENSE | 16250.00 |
| PAPPADAM DISTRIBUTION TO SREE GURUVAYOOR PAPPADAM | 28000.00 |
| RICE DISTRIBUTION VAGAMON | 36000.00 |
| RICE DISTRIBUTION AMOUNT TO ARDRA PVT LIMIT | 45000.00 |
| JAYA RICE AMOUNT TO MATTATHIL BROTHERS | 51945.00 |
| RICE 500 BAG EXP.TO ST.MARYS PADDY COM FOR MOOLAMATTAM | 91000.00 |
| RICE AND PAYYAR DISTRIBUTION TO GEORGOS SUPER GROUP | 113712.00 |
| RICE AND PAYAR AMOUNT TO AMALA TRADING CO. | 137560.00 |
| ST.MARYS PADDY ARPOOKARA FOR 5000 KG RICE (1000X5) | 182000.00 |
| TO CARITAS INDIA (DIRECT) | 500000.00 |
| TO SPANDAN SYROMALABAR CHURCH CHARITY FUND | 500000.00 |
| TO SYNOD OF BISHOPS OF SYRO-MALABAR | 500000.00 |

| | |
|---|---|
| BOILED RICE AND PAYAR AMOUNT TO PALLATTU TRADERS RAMAPURAM | 695000.00 |
| TO KCBC (DIRECT) | 1000000.00 |
| RELIEF WORK INSIDE THE DIOCESE | 2071080 |
| FLOOD RELIEF FUND TO IDDUKKY DIOCES (DIRECT) | 5000000.00 |
| TO KERAL CHIEF MINISTER RELIEF FUND (DIRECT) | 5000000.00 |
| TO CHANGNACHERY ARCH DIOCESE (DIRECT) | 5100000.00 |
| **TOTAL** | **21136783.00** |

| NEEDY CHURCH FUND - 2018 Collection =19234921 | | | Allotted Amount |
|---|---|---|---|
| 1 | Alphonsagiri | Wall reconstruction | 50000 |
| 2 | Arakkulam old | Coconut tree Planting | 50000 |
| 3 | Chempilavu | Compound wall, Cemetry | 50000 |
| 4 | Chittar | Church Construction | 600000 |
| 5 | Choondacherry | Church maintance | 200000 |
| 6 | Edadu | Rubber planting, Sunday School Maintenance | 300000 |
| 7 | Geovalley | Parking ground,roofing etc | 200000 |
| 8 | Jaigiri | Church+presbytery | 1200000 |
| 9 | Kaippally | Parish Hall maintenance | 200000 |
| 10 | Kakombu | Generator | 150000 |
| 11 | Kavaly | Roof for presbytery | 150000 |
| 12 | Kayyoor | Church maintance | 700000 |
| 13 | Kulamavu | Parish Hall maintenance+ compound protection | 20000 |
| 14 | Kurichithanam | Parish hall compound wall | 150000 |
| 15 | Malappuram | Protection Wall | 350000 |
| 16 | Manalumkal | presbytery protection wall | 30000 |
| 17 | Mangalaram | | 200000 |
| 18 | Mannackanad | Different needs | 700000 |

| | | | |
|---|---|---|---|
| 19 | Mannarappara (Eravimangalam) | Land Purchase | 1400000 |
| 20 | Mevida | Presbytery maintenance | 500000 |
| 21 | Moonnilavu | Different needs | 20000 |
| 22 | Mulakkulam | Presbytery | 200000 |
| 23 | Narianganam | | 300000 |
| 24 | Neeramthanam | Diffenent needs | 200000 |
| 25 | Nellappara | Property compound | 95500 |
| 26 | Parathanam | Parish hall | 300000 |
| 27 | Payyanithottam | Cemetry Road +Presbytery Roofing | 350000 |
| 28 | Perumthuruth | Parish Hall maintenance + Toilets | 750000 |
| 29 | Piravom | Land Purchase | 700000 |
| 30 | Poovakkulam | Parish hall | 500000 |
| 31 | Santhigiri | Diffenent needs | 300000 |
| 32 | Sleevapuram | Church Construction | 600000 |
| 33 | Thakady | Church rennovation | 100000 |
| 34 | Thirumarady | Rewiring | 250000 |
| 35 | Udayagiri | Church Compound works | 200000 |
| 36 | Urulikunnam | Cemetry works | 200000 |
| 37 | Vakkad | Roof works | 100000 |
| 38 | Valavoor | chappel rennovation | 200000 |
| 39 | Vayala | Compound Wall | 150000 |
| 40 | Vellikulam | Watter Tank,Motor etc. | 700000 |
| 41 | Vimalagiri | Different needs | 500000 |
| 42 | Adilabad Mission | | 3600000 |
| 43 | Gujarath Mission | | 1719421 |
| | **TOTAL** | | **19234921** |
| | Josegiri | | |

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Potheettel John | October 8 |
| Pottakulam Jacob | October 9 |
| Pulavelil Joseph (Jr) | October 10 |
| Pulickaparambil Mathew | October 11 |
| Pulinthanathu Kuriakose | October 12 |
| Pullattu Thomas | October 13 |
| Pulleettu Johnson | October 14 |
| Pullukalayil George | October 15 |
| Pullukalayil Mathew | October 16 |
| Punnathanathu Thomas | October 17 |
| Punnathanathkunnel Mathew | October 18 |
| Purayidathil Joseph | October 19 |
| Purayidom Thomas | October 20 |
| Puthenpurackal Mathew | October 21 |
| Puthettu Cyriac | October 22 |
| Puthiyamattom John | October 23 |
| Puthiyaparampil George | October 24 |
| Puthiyaparampil Jacob | October 25 |
| Puthiyidath Joseph | October 26 |
| Puthiyidath Mathew | October 27 |
| Puthoor Sebastian | October 28 |
| Puthumana Joseph | October 29 |
| Puzhakkara Sebastian | October 30 |
| Thadathil Cyriac | October 31 |
| Thadathil Joseph (Sr) | November 1 |
| Thadathil Joseph (Jr) | November 2 |
| Thadathil Kurian | November 3 |
| Thadathil Mathew | November 4 |
| Thadickaprambil Kuriakose | November 5 |
| Thakadiyel Abraham | November 6 |

ലേഖനം

# ഉടഞ്ഞു തകർന്ന കേരളത്തിൽ നിന്ന്

ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്

ദുരന്ത ചുവയുള്ള വെള്ളപ്പൊക്കത്തിന്റെ കെടുതികളിൽ നിന്ന് നാം രക്ഷപെട്ടു തുടങ്ങുന്നതേ ഉള്ളു. ഉടഞ്ഞു തകർന്ന ഒരു കേരളത്തിൽ നിന്ന് പാറമേൽ പണിയപ്പെടേണ്ട ഒരു നവകേരളത്തെ നോക്കി പാർത്തു കഴിയുകയാണ് എല്ലാവരും. പാറ പൊടിഞ്ഞാണ് മണ്ണ് ഉണ്ടായത് എന്ന് ശാസ്ത്രം പറഞ്ഞുവെച്ചിട്ടുണ്ട്. എങ്കിൽ ചിതറിക്കപ്പെട്ട മണ്ണിനെ സ്വരുക്കൂട്ടി പാറ സമാനമായ ഒരു അടിത്തറയാണ് നാം മെനഞ്ഞെടുക്കേണ്ടത്. ഭാവി കേരളത്തെക്കുറിച്ച് അല്ലെങ്കിൽ കേരളത്തെക്കുറിച്ച് എല്ലാ മലയാളികളും സംസാരിച്ചുകൊണ്ടിരിക്കുന്ന നാളുകളാണിവ. 1924 നു ശേഷം ഇതുപോലൊരു പ്രളയം കണ്ടിട്ടില്ലാ എന്ന വർത്തമാനം ഇന്ന് നാടാകെ പാട്ടാണ്. സംസാര ഭാഷകളുടെ ജീവനാണ് പ്രാദേശിക ഭാഷാ ശൈലികളും, അടുക്കളഭാഷയും, കൃഷിയിടഭാഷയുമെല്ലാം. ഇത്തരുണത്തിൽ നമ്മൾ ജീവിച്ചിരിക്കുന്നു എന്നതിന്റെ തെളിവ് ഈ നവകേരളവഴിയിൽ എനിക്കും എന്തു ചെയ്യാൻ പറ്റും എന്ന വിചാരവും വികാരവുമായിരിക്കണം. സാങ്കേതിക വിദ്യകൊണ്ടും പണം കൊണ്ടും പണിയേണ്ട ഒരു നവകേരളമുണ്ട്. അതിനുകേരളത്തിന് പുറത്തുള്ളവരുടെയും ശക്തിയും പണവുമെല്ലാം വേണ്ടിവരും. കൂടാതെ ഓരോ മലയാളിയും സാന്നിദ്ധ്യം കൊണ്ടും പ്രാർത്ഥനകൊണ്ടും കായികാദ്ധ്യാനം കൊണ്ടും ധനസഹായം കൊണ്ടും നല്ല വാക്കുകൾകൊണ്ടും ആ നിർമ്മാണ പ്രവർത്തനങ്ങളിൽ ഒറ്റഗാത്രമായിട്ട് നില്ക്കണം. ഈ ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കുറെയെല്ലാം കഴിഞ്ഞു എന്നത് നവകേരളസൃഷ്ടിയിൽ നമ്മൾ ഇട്ട അടിസ്ഥാന ശിലതന്നെയാണ്. ലോകമനസ്സിൽ തന്നെ റാങ്ക് നേടിയവരെ പോലെ പ്രവർത്തിക്കാൻ കഴിഞ്ഞു. എല്ലാ വർഗ്ഗീയതയ്ക്കും വിദ്വേഷങ്ങൾക്കും എതിരെ പോരാടാനുള്ള ഒരു നല്ല അവസരം കൂടിയാണിത്. സർക്കാരിന്റെയും സമൂഹത്തിന്റെയും സമുദായങ്ങളുടെയും പ്രസാദാത്മകമായ ഒരു കൂടി വരവിലൂടെയാണ് നവകേരള നിർമ്മിതി നടത്തേണ്ടത്. ഒരു പുത്തൻ കേരളം എല്ലാവരുടെയും സ്വപ്നമാകണം. സ്വപ്നം കാണാൻ പറ്റാത്ത മനുഷ്യൻ രോഗിയാ

ണ്, അതുപോലെ രാഷ്ട്രവും. ഇപ്പോൾ നമ്മൾ കാണേണ്ട സ്വപ്നം ഈ പ്രളയ കെടുതിയിൽ വേദന അനുഭവിക്കുന്നവരെ നമുക്ക് എങ്ങനെ സഹായിക്കാൻ പറ്റും എന്നതായിരിക്കണം. ഈ സൗഹൃദത്തിന്റെ ഇന്ധനം നമുക്ക് മാത്രമേ പകരനാവൂ. പണവും സാങ്കേതിക വിദ്യയും കൊണ്ട് മാത്രം ഈ നിർമ്മാണം നടത്താനാവുകയില്ല. സർക്കാരും സന്നദ്ധസംഘടനകളും എല്ലാം സജീവമായിട്ട് രംഗത്തിറങ്ങിയിരിക്കുന്ന ഈ അവസരത്തിൽ ഓരോ വ്യക്തിയും അവന്റേതായ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ജനാധിപത്യം ജനങ്ങളുടെ കരങ്ങളിലാണ് എന്നതു പോലെ നവകേരളനിർമ്മാണം മലയാളികളുടെ കരങ്ങളിലാണ് എന്ന വസ്തുത നാം തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയാണ്.

കൊടുക്കാൻ പഠിക്കേണ്ട സമയമാണിത്. ''കൊടുക്കുക; സ്വീകരിക്കുന്നവരെ മുറിപ്പെടുത്തുന്ന സമയം വരെ നോക്കി ഇരിക്കരുത്'' എന്ന മദർ തെരേസയുടെ വാക്കുകൾക്കു ഇത്തരുണത്തിൽ ഏറെ പ്രസക്തമാണ്. നമ്മുടെ പ്രധാനമന്ത്രി ആയിരുന്ന ലാൽ ബഹദൂർ ശാസ്ത്രി ഒരിക്കൽ പറഞ്ഞു; രാജ്യമാണ് നേതാക്കന്മാരെക്കാൾ വലുത്. നേതാക്കന്മാർ നിലനില്ക്കുന്നു എന്നതല്ല രാജ്യം നിലനില്ക്കുന്നു എന്നതാണ് വിലപ്പെട്ടകാര്യം. നിലനില്ക്കുന്ന കേരളത്തിനു വേണ്ടി യത്നിക്കേണ്ട സമയമാണിത്. കൊടുക്കലിലൂടെയും പങ്കുവയ്ക്കലിലൂടെയും മാത്രമേ നിലനില്ക്കുന്ന കേരളം കെട്ടിപ്പെടുക്കാനാവൂ. ഇന്നു കൊടുത്തു തീർക്കേണ്ട വസ്തുക്കൾ നാളേയ്ക്കു വേണ്ടി നാം സ്വന്തം മുറിയിൽ സൂക്ഷിച്ചുവയ്ക്കരുത്. ഈ പ്രളയ കാലത്ത് ഒന്നും നഷ്ടപ്പെടാത്തവരായി അനേകരുണ്ട്. അവർക്കുള്ള ദൈവവിളി ഇതാണ്: ഉള്ളത് നഷ്ടപ്പെട്ടവർക്കു നല്കുക, ഉള്ളത് കൊടുത്തു കുറവുള്ളവരുടെ കുറവു നികത്തുക. അതാണ് ശരിയായ അതിജീവനം. കൊടുക്കുന്നതിലും വിട്ടുകൊടുക്കുന്നതിലുമുള്ള ഒരു ആത്മീയ സുഖം കഴിഞ്ഞ രണ്ടാഴ്ചകളിൽ മലയാളികൾ കുറെയെല്ലാം അനുഭവിച്ചു കഴിഞ്ഞു. അഴുക്കും അഴിമതിയും സ്വാർത്ഥതയും മാറ്റികളയാൻ, 'കൊടുക്കുക' അല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല.

ഗാന്ധിജി ഒരിക്കൽ ഡർബാറിൽ പ്രസംഗിച്ചു: ''ഇന്ത്യ എന്ന യാഥാർത്ഥ്യം വിക്ടോറിയ റാണിയുടെ ഈ ഡർബാറിൽ പ്രതിഫലിക്കുന്നില്ല. ഇതൊരു കൃത്രിമ ഭാരതമാണ്. കിന്നരിത്തലപ്പാവും

മറ്റും വച്ചിരിക്കുന്ന ഈ സമൂഹം ഒരു കപടസംഘമാണ്. യാഥാർത്ഥ ഭാരതം അപ്പുറത്തു കിടക്കുന്നു. ഈ കിന്നരിത്തലപ്പാവുകളെ അഴിച്ചിട്ട് യഥാർത്ഥഭാരതത്തെ കാണുമ്പോളല്ലാതെ ഞാൻ വിചാരിക്കുന്ന തരത്തിലുള്ള ഒരു ഭാരതം ഉണ്ടാവുകയില്ല''. ഇതുപോലെ സാങ്കേതിക വിദ്യകൾക്കും വിദേശ സഹായങ്ങൾക്കും ഏറെ പ്രാധാന്യം ഉള്ളപ്പോഴും അതിന് അപ്പുറം കിടക്കുന്ന ഒരു കേരളത്തെ നാം കാണണം. മലയാളികളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ നിർമ്മിക്കപ്പെടേണ്ട കേരളമാണ് പ്രാധാനം. എല്ലാ ആർഭാടങ്ങളിൽ നിന്നും വിടപറഞ്ഞ് നമ്മുടെ അനുദിന ജീവിതത്തിലെ ചിലവുകൾ വെട്ടി ചുരുക്കി ആ തുക നൽകി നിർമ്മിക്കേണ്ട ഒരു കേരളമുണ്ട്. ധൂർത്തിലേക്ക് വഴുതി വിഴുന്ന കേരളിയനുള്ള ഒരു മനസാക്ഷി ശുചീകരണത്തിനുള്ള അവസരമാണിത്.

വാഹനങ്ങളുടെ പ്രളയം, മദ്യത്തിന്റെ പ്രളയം, സുഖഭോഗങ്ങളുടെ പ്രളയം, അമിത ഭോജനത്തിന്റെ പ്രളയം, വർഗ്ഗീയതയുടെ പ്രളയം, മതവിദ്വേഷത്തിന്റെ പ്രളയം, കുടുംബ കലഹങ്ങളുടെ പ്രളയം ഇതിന്റെ എല്ലാം കൂട്ടത്തിലാണ് ജലപ്രളയം വന്നത്. ഒരു അധർമ്മവൃക്ഷം വളർന്നു പന്തലിച്ച് അതിന്റെ ചില്ലകൾ മലയാളികളുടെ മുഴുവന്റെയും മേൽ പടർന്നു പന്തലിച്ചു നില്ക്കുന്നതുപോലെ ഒരു അന്തരീക്ഷ കാർമേഘം കുറെ വർഷങ്ങളായിട്ട് കേരളത്തിന്റെ വാനമേഘങ്ങളിൽ നാമെല്ലാവരും കാണുന്നുണ്ടായിരിക്കണം. സഹോദരങ്ങളോടും ഈ ഭൂമിയോടും അതിലെ മറ്റ് ജീവജാലങ്ങളോടുമുള്ള നമ്മുടെ ഉത്തരവാദിത്വം മറന്നു കൊണ്ട് സമ്പത്തുസ്വരുകൂട്ടാനുള്ള തേരോട്ടത്തിലായിരുന്നു മിക്കവരും. വലിയ കെട്ടിടങ്ങൾ നിർമ്മിച്ചും മതിലുകൾ നിർമ്മിച്ചും നാം അയൽക്കാർക്ക് അപരിചിതരായി. ഇന്നുവരെ അയൽക്കാരെപ്പോലും പരിചയമില്ലാത്തവർ ദുരിതാശ്വാസക്യാമ്പുകളിലും ശുചീകരണ പ്രവർത്തനങ്ങളിലുമായി പരിചിതരായി. നാം സഹോദരങ്ങളാണെന്ന അറിവും നമ്മുടെ മനസ്സുകളെ കഴുകി വെടിപ്പാക്കാനുള്ള ഒരു ശക്തിയും ഈ പ്രളയം നൽകിയിട്ടുണ്ട്. ഈ വെടിപ്പാക്കലാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ എല്ലാവർക്കും ശക്തി നൽകിയത്. ഗാന്ധിജിയുടെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്: ''ഒരുവന് തന്നെത്തന്നെ (സ്വയം) കണ്ടെത്താനുള്ള ഏറ്റം നല്ല മാർഗം മറ്റുള്ളവർക്കു

വേണ്ടി എത്രത്തോളം ആത്മദാനം നടത്തുവാൻ സാധിക്കുന്നു എന്നതിലാണ്". എനിക്കുള്ളതിന്റെ മിച്ചത്തിൽ നിന്നും കൊടുക്കുന്നതിന് ആത്മദാനമില്ല. ഞാൻ ഉപയോഗിക്കേണ്ടി വരുന്നതിൽ നിന്ന് നൽകുമ്പോൾ മാത്രമാണ് ആത്മദാനമാകുന്നത്. ഈ ആത്മദാനത്തിലൂടെയുള്ള ഒരു യഥാർത്ഥ കേരളമാണ് നാം നിർമ്മിക്കേണ്ടത്. പ്രകൃതിയോടും മനുഷ്യനോടും ഇണക്കത്തിലും മൈത്രിയിലും ജീവിക്കുമ്പോൾ ആത്മദാനത്തിന്റെ അടിത്തറ നാം ഇട്ടുകഴിഞ്ഞു. മലയാളികൾ ഒറ്റക്കെട്ടായി നില്ക്കുമ്പോൾ നവകേരളത്തിന്റെ മേൽക്കൂര പണിയെപ്പെട്ടതു പോലെയാകും. നാം ഓരോരുത്തരുമാണ് ഇതിലെ ശില്പികൾ. കെടുതികളിൽ തളരാത്ത നമ്മുടെ മാനസിക ശക്തിയാണ് നവകേരളത്തിന്റെ മൂലക്കല്ല്. കേരളത്തിന് നമ്മെ കൂടാതെ മുന്നോട്ടു പോകാം പക്ഷേ നമുക്ക് കേരളത്തെ കൂടാതെ മുമ്പോട്ടു പോകാനാവില്ല. നാം ആരെയുകാൾ കേരളമാണ് വലുത്, സംസ്ഥാനമാണ് വലുത് എന്ന ചിന്ത നാം മറക്കരുത്. ഭൂമിയിൽ ഒട്ടനവധി മതങ്ങളും വിശ്വാസങ്ങളുമുണ്ട്. പക്ഷേ എല്ലാവർക്കും കൂടി ഒരു ഭൂമിയേ ഉള്ളൂ. ജലത്തിന്മേലാണ് ഭൂമിക്ക് അടിത്തറയിട്ടത് എന്ന സങ്കീർത്തന വചനം ഒരു ദൈവ വിചാരത്തിന്റെ പിടിവള്ളി ഏവർക്കും നൽകുന്നുണ്ട്.

കൊടുത്തു നിർമ്മിക്കുക എന്ന ആത്മീയ വിചാരം ഒളിമ്പിക്സിലെ കെടാതിരി പോലെ ഓരോ മലയാളിയുടേയും മനസ്സിൽ ഉണ്ടായിരിക്കണം. കൊടുക്കുമ്പോൾ അധർമ്മവൃക്ഷത്തിന്റെ ശാഖകൾ നാം മുറിച്ചു കളയുകയാണ്. ത്യാഗം ചെയ്തു കൊടുക്കുമ്പോൾ ആ വൃക്ഷത്തിന്റെ വേരുകൾ നാം അറുത്തുനീക്കുകയാണ്. നമ്മൾ കൊടുത്തു ചെറുതാകുമ്പോൾ മാത്രമേ കേരളം വളർന്ന് വലുതായി പുനർ നിർമ്മിക്കപ്പെടുകയുള്ളു. സ്വാർത്ഥത വെടിയുമ്പോൾ മാത്രമേ കൊടുക്കാൻ പഠിക്കു. നിസ്വാർത്ഥനായ ഒരു വ്യക്തിയെ ആർക്കും തകർക്കാനാവില്ല. ജീവരക്തം ശക്തിയും ശുദ്ധവുമാവുമ്പോൾ രോഗാണുക്കൾക്കു ശരീരത്തിൽ ജീവിക്കാനാവാത്തതുപോലെ നമ്മുടെ പങ്കുവയ്ക്കൽ നിസ്വാർത്ഥമാകുമ്പോൾ ബലിഷ്ഠ കേരള നിർമ്മിതിയുടെ പൊട്ടാത്ത ചങ്ങല മലയാളികളുടെ കൈ കോർക്കൽ തന്നെയാവണം. വലിയവീടുകൾ നിർമ്മിച്ചു കുട്ടുന്നതിലല്ല, കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഒരു പാർപ്പിട നയം

രൂപീകരിച്ചാണ് ഭവന നിർമ്മാണം നടത്തേണ്ടത്. പ്രളയക്കെടുതിയിൽ നഷ്ടമായത് പ്രധാനമായും മനസ്സിന്റെ ശക്തിയാണ്. പ്രളയ കെടുതിയിൽപെട്ടവരുടെ മനസ്സുകളുടെ ശക്തീകരണമാണ് ഏറ്റം പ്രധാനപ്പെട്ടത്. പ്രളയം കേരളത്തെ പുനർനിർമ്മിക്കുന്നതിനും നമ്മെ ശുദ്ധീകരിക്കുന്നതിനും കാരണമാകട്ടെ. മലയാളികൾ എന്ന മനുഷ്യ മൂലധനം നവകേരളസൃഷ്ടി എന്ന സാമൂഹ്യ മൂലധനമായി നാം മാറ്റി എടുക്കണം.

സഭാ പ്രസംഗകന്റെ പുസ്തകം 3:1 – 11 നമ്മെ എത്ര അർത്ഥവത്തായ കാര്യമാണ് ഓർമ്മിപ്പിക്കുന്നത്: ''എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിന്റെ കീഴിലുള്ള സമസ്തകാര്യത്തിനും ഒരവസരമുണ്ട്. ജനിക്കാൻ ഒരു കാലം, മരിക്കാനൊരുകാലം, നടാൻ ഒരു കാലം, നട്ടതു പറിക്കാൻ ഒരു കാലം, കൊല്ലാൻ ഒരുകാലം, സൗഖ്യമാക്കാൻ ഒരു കാലം, തകർക്കാൻ ഒരു കാലം, പണിതുയർത്താൻ ഒരു കാലം, കരയാൻ ഒരു കാലം, ചിരിക്കാൻ ഒരു കാലം, വിധിക്കാൻ ഒരു കാലം, നൃത്തം ചെയ്യാൻ ഒരു കാലം. കല്ലു പെറുക്കിക്കളയാൻ ഒരു കാലം, കല്ലുപെറുക്കിക്കൂട്ടാൻ ഒരു കാലം, ... സമ്പാദിക്കാൻ ഒരു കാലം, നഷ്ടപ്പെടുത്താൻ ഒരു കാലം, സൂക്ഷിച്ചുവയ്ക്കാൻ ഒരു കാലം, എറിഞ്ഞു കളയാൻ ഒരു കാലം, കീറാൻ ഒരു കാലം, തുന്നാൻ ഒരു കാലം, മൗനം പാലിക്കാൻ ഒരു കാലം, സംസാരിക്കാൻ ഒരു കാലം. ദ്വേഷിക്കാൻ ഒരു കാലം, സ്നേഹിക്കാൻ ഒരു കാലം, യുദ്ധത്തിന് ഒരു കാലം, സമാധാനത്തിന് ഒരു കാലം.'' അവിടുന്ന് സമസ്തവും അതാതിന്റെ കാലത്ത് ഭംഗിയായിരിക്കത്തവിധം സൃഷ്ടിച്ചു. മനുഷ്യ മനസ്സിൽ കാലത്തിന്റെ സമഗ്രതയെക്കുറിച്ചുള്ള ഈ ബോധം അവിടുന്ന് നിക്ഷേപിച്ചിരിക്കുന്നത് നമുക്കു മനസ്സിലാക്കാം.

*(ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം)*




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. തീർത്ഥാടനകേന്ദ്രം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജെൻ രൂപത)
മാർ ജേക്കബ് അങ്ങാടിയത്ത് (ഷിക്കാഗോ രൂപത)
മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ ജേക്കബ് മുരിക്കൻ
മാർ ജോസഫ് ശ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ രൂപത)
മാർ സ്റ്റീഫൻ ചിറപ്പണത്ത് (അപ്പസ്തോലിക് വിസിറ്റേറ്റർ, യൂറോപ്പ്)
ശ്രീ. കെ.എം. മാണി എം.എൽ.എ.
ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.

**2. പ്രിസ്ബിറ്ററൽ കൗൺസിൽ**

പാലാ രൂപത പ്രിസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗ് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ സെപ്തംബർ നാലാം തീയതി രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1 വരെ അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിൽ വച്ചു നടന്നു. മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് സ്രാമ്പിക്കൽ എന്നിവർ പ്രസംഗിച്ചു. പ്രിസ്ബിറ്ററൺ കൗൺസിൽ സെക്രട്ടറി ഫാ. ജോർജ് ഞാറക്കുന്നേൽ റിപ്പോർട്ട് അവതരിപ്പിച്ചു. 'ആനന്ദിച്ചു ആഹ്ലാദിക്കുവിൻ' എന്ന ഫ്രാൻസീസ് മാർപാപ്പായുടെ അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കി വടവാതൂർ സെമിനാരി അദ്ധ്യാപകൻ ഫാ. തോമസ് വടക്കേൽ ക്ലാസ് നയിച്ചു. 75 ലധികം വൈദികർ പങ്കെടുത്തു.

**3. രോഗീദിനപ്രാർത്ഥന**

എല്ലാ രണ്ടാം വെള്ളിയാഴ്ചയും നടന്നുവരുന്ന രോഗീദിന പ്രാർത്ഥനയ്ക്ക് ഫാ. മാർട്ടിൻ കല്ലറയ്ക്കൽ നേതൃത്വം നൽകി.

**4. ജപമാല മെഴുകുതിരി പ്രദക്ഷിണം**

ശനിയാഴ്ചകളിൽ വൈകുന്നേരം അഞ്ചു മണിക്കു ആഘോഷമായ പാട്ടു കുർബാനയും തുടർന്നുള്ള മെഴുകുതിരി പ്രദിക്ഷണത്തിനും ഫാ. അബ്രാഹം തകടിയേൽ, ഫാ. കുര്യൻ വരിക്കമാക്കൽ, ഫാ. ജോസഫ് മഠത്തിക്കുന്നേൽ, ഫാ. മാർട്ടിൻ കല്ലറയ്ക്കൽ എന്നിവർ മുഖ്യകാർമ്മികത്വം വഹിച്ചു.

**5. രാത്രി ആരാധന**

പാലാ രൂപതാ കരിസ്മാറ്റിക് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ച നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. ജോസ് പൂതൃക്കയിൽ നേതൃത്വം നൽകി.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസ പരിശീലന പരീക്ഷ ഒക്ടോബർ 21ന്**

ഒന്നാം ടേം വിശ്വാസപരിശീലനപരീക്ഷ ഒക്ടോബർ 21-ന് നടക്കും. രാവിലെ 11 മുതൽ 1 വരെ Std. I-VII വരെ ക്ലാസുകൾക്കും Std. VIII-XII വരെ ക്ലാസുകൾക്ക് ഉച്ചകഴിഞ്ഞ് 2-4 വരെയുമായിരിക്കും പരീക്ഷ. പരീക്ഷയുടെ ചോദ്യക്കടലാസുകൾ 20-ാം തീയതി ശനിയാഴ്ച വിതരണം ചെയ്യുന്നതായിരിക്കും.

**2. പാലാ രൂപത പ്രതിഭാസംഗമം തെരഞ്ഞെടുപ്പ്**

12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികളുടെ പ്രതിഭാസംഗമം ഈ വർഷവും നടത്തപ്പെടുന്നു. 2017-ൽ പാലാ രൂപതയിൽനിന്നും അശ്വിൻ സാബു പതിപ്പള്ളിൽ ചെമ്മലമറ്റം, അഷിൻ മെറിൻ ടോം കാരക്കുന്നേൽ ചക്കാമ്പുഴ, നവ്യാജോൺ കാക്കാനിയിൽ തീക്കോയി, ഐസക് സണ്ണി മുല്ലപ്പള്ളിൽ കടപ്ലാമറ്റം, തോമസ് മാത്യു വെട്ടിക്കത്തടത്തിൽ കാഞ്ഞിരത്താനം, ആൽബിത കുര്യൻ തുരുത്തിമറ്റം ചോലത്തടം എന്നിവർ രൂപതാ പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടു. ഇവരിൽ അശ്വിൻ സാബു പതിപ്പള്ളിൽ സഭാതലപ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. ഈ വർഷവും തിരഞ്ഞെടുക്കപ്പെടുന്ന മൂന്ന് ആൺകുട്ടികൾക്കും മൂന്നു പെൺകുട്ടികൾക്കും ഡിസംബർ മാസത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തപ്പെടുന്ന സഭാതല സംഗമത്തിൽ പങ്കെടുക്കാൻ കഴിയുന്നതാണ്. ഇടവക, ഫൊറോന, രൂപത എന്നീ മൂന്നുതലങ്ങളിലായാണ് നമ്മുടെ രൂപതയിൽ ഈ തിരഞ്ഞെടുപ്പ് നടത്തുന്നത്.

**a. ഇടവകതല തിരഞ്ഞെടുപ്പ്**

ഒക്ടോബർ 27-ന് മുമ്പായി ഡയറക്ടർ/വികാരിയച്ചന്റെ സാക്ഷിപ്പോടുകൂടി രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏല്പിക്കണം.

**b. ഫൊറോനാതല തിരഞ്ഞെടുപ്പുകൾ**

കഴിഞ്ഞ വർഷത്തേതുപോലെ തന്നെ ഭരണങ്ങാനം മാതൃഭവനിൽ വച്ചാണ് ഈ വർഷവും ഫൊറോനാതല പ്രതിഭാസംഗമം നടത്തുന്നത്.

1. നവംബർ 4 ഞായറാഴ്ച രാവിലെ 9-ന് പാലാ കത്തീഡ്രൽ, ചേർപ്പുങ്കൽ, തുടങ്ങനാട്, മൂലമറ്റം, പ്രവിത്താനം.

2. നവംബർ 4 ഞായർ ഉച്ചകഴിഞ്ഞ് 2-ന് കുറവിലങ്ങാട്, ഇലഞ്ഞി, കോതനല്ലൂർ, മുട്ടുചിറ, രാമപുരം, കടുത്തുരുത്തി, കടനാട്.

3. നവംബർ 11 ഞായർ 2-ന് ഭരണങ്ങാനം, അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ.

ഈ ക്യാമ്പുകളിൽ പ്രത്യേക പരിശീലനം നേടിയ 5 പേരടുങ്ങുന്ന രൂപതാ റിസോഴ്സ് ടീം നേതൃത്വം നൽകുന്ന ശില്പശാലയിൽ രൂപതാതല മത്സരാർത്ഥികളെ തിരഞ്ഞെടുക്കുന്നതാണ്.

**c. രൂപതാതല തിരഞ്ഞെടുപ്പ്**

എഴുത്തുപരീക്ഷ, ഗ്രൂപ്പ് ചർച്ച എന്നിവ കൂടാതെ കുട്ടികളുടെ പ്രായോഗിക വിശ്വാസജീവിതം, സാമൂഹിക പ്രതിബന്ധത, ആദ്ധ്യാത്മിക വളർച്ച എന്നിങ്ങനെ അനുയോജ്യമായ പ്രോഗ്രാമിലൂടെ വിലയിരുത്തി രൂപതാതല തിരഞ്ഞെടുപ്പ് നടത്തും.

**4. സ്കൂൾ സന്മാർഗ്ഗ-വിശ്വാസപരിശീലന വാർഷികം**

സ്കൂളുകളിൽ നടത്തപ്പെടുന്ന സന്മാർഗ ധാർമ്മികബോധക്ലാസുകളുടെ വാർഷികം സെപ്തംബർ 20-ാം തീയതി അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. ഓഗസ്റ്റ് 15-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന വാർഷികം മഹാപ്രളയം മൂലം മാറ്റിവയ്ക്കുകയായിരുന്നു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് വാർഷികത്തിൽ അദ്ധ്യക്ഷത വഹിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. 400-ൽപരം ആളുകൾ വാർഷികത്തിൽ സംബന്ധിച്ചു.

**4. ഫൊറോനാതല വിശ്വാസപരിശീലക സംഗമം**

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിനും വിശ്വാസപരിശീലകരുടെ കൂട്ടായ്മ വളർത്തുന്നതിനും സർവ്വോപരി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുംവേണ്ടി ഫൊറോനാ തല വിശ്വാസപരിശീലകസംഗമം നടത്തുന്നു. ഈ വർഷം വിശ്വാസപരിശീലകരുടെ സംഗമത്തിന്റെ പഠനവിഷയം ഫ്രാൻസീസ് മാർപാപ്പാ പുറപ്പെടുവിച്ചിരിക്കുന്ന അപ്പസ്തോലിക പ്രബോധനമായ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" ആയിരിക്കും. കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി ഫൊറോനകളിൽ വിശ്വാസപരിശീലകസംഗമം നടന്നു. റവ.ഡോ. തോമസ് വടക്കേൽ ചർച്ചകൾക്കു നേതൃത്വം നൽകി.

**5. സി.റ്റി.പി. കോഴ്സ്**

സി.റ്റി.പി. കോഴ്സിൽ ബൈബിൾ, സഭാപിതാക്കന്മാർ, മോറൽ തിയോളജി എന്നീ വിഷയങ്ങളിൽ റവ.ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, റവ.ഡോ. തോമസ് വടക്കേൽ, റവ.ഡോ. ജോൺ കണ്ണന്താനത്ത്, റവ.ഡോ. ഡൊമിനിക് വെച്ചൂർ എന്നിവർ ക്ലാസ് നയിച്ചു. ഒക്ടോബർ മാസത്തിൽ ദൈവശാസ്ത്രത്തിന് ആമുഖം, എക്ലേസിയോളജി എന്നീ വിഷയങ്ങളുടെ ക്ലാസ് നടക്കും.

**ഫാ. തോമസ് മേനാച്ചേരി** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

അദിലാബാദ് രൂപത ആഹ്വാനം ചെയ്ത രോഗികളുടെയും വയോധികരുടെയും ദിനാചരണം പാലാ മിഷനിൽ ആഘോഷപൂർവ്വം കൊണ്ടാടി. ഗൊല്ലപ്പള്ളി ഇടവകയിൽ രണ്ടാം തീയതിയും കോനംപേട്ട ഇടവകയിൽ നാലാം തീയതിയും ദിനാചരണം നടത്തപ്പെട്ടു.

മന്നഗുഡം പള്ളിയിൽ പുതിയ ഇടവക പള്ളിയുടെ നിർമ്മാണം ആരംഭിച്ചു.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

2018 ആഗസ്റ്റ് 11-ന് പാലാ രൂപത ഏറ്റെടുത്ത ഗുജറാത്ത് മിഷൻ പാലാ രൂപതയുടെ ഏറ്റവും പുതിയ പ്രേഷിതസംരംഭമാണ്. ഗുജറാത്തിലെ അഹമ്മദാബാദ് കേന്ദ്രമാക്കി 10 ഡിസ്ട്രിക്ടുകൾ ഉൾപ്പെടുന്ന ഈ പ്രദേശത്ത് 1960 കളിൽ ജോലിക്കും പഠനത്തിനുമായി എത്തിയ ഏകദേശം 7500 ഓളം സുറിയാനി കത്തോലിക്കരാണ് വസിക്കുന്നത്. അവരുടെ ആത്മീയ കാര്യങ്ങൾ നോക്കുന്നതിനും സുവിശേഷവൽക്കരണത്തിനുമായിട്ടാണ് ഷംഷാബാദ് രൂപത ഈ ഭൂപ്രദേശം പാലാ രൂപതയെ ഏല്പിച്ചത്. റവ.ഡോ. ജോസഫ് മലേപ്പറമ്പിൽ, റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ.ഫാ. ജോർജ് കാവുംപുറം എന്നിവരാണ് ഗുജാറാത്തിലെ പാലാ മിഷനിൽ തുടക്കക്കാരായി എത്തിയിരിക്കുന്നത്.

ഗുജറാത്തിലെ പ്രധാന നഗരങ്ങളായ അഹമ്മദാബാദ്, ബറോഡ, ഗാന്ധിനഗർ, ബറൂച്ച്, ആനന്ദ് തുടങ്ങിയ സിറ്റികളും അതിനോട് ചേർന്നുള്ള ഏതാനും സ്ഥലങ്ങളുമാണ് ഈ മിഷനിലുള്ളത്. ഫാ. ജോസഫ് പുലവേലിൽ എം.എസ്.ടിയുടെ നേതൃത്വത്തിൽ 10 ഓളം വൈദികർ ഇവിടെ ശുശ്രൂഷ ചെയ്യുന്നു.

ഞങ്ങൾ മൂന്നു പേരും മൂന്ന് ഇടവകകളിലായി അജപാലന ശുശ്രൂഷ ചെയ്യുന്നു. ഫാ. ജോസഫ് മലേപ്പറമ്പിൽ തൽതേജിലുള്ള സെന്റ് അൽഫോൻസാ കുർബാന സെന്ററിലാണ്. 112 കുടുംബങ്ങളും 450 ഓളം സീറോ-മലബാർ സഭാംഗങ്ങളുമുള്ള ഈ സെന്ററിന് സ്വന്തമായി ദൈവാലയമില്ല. ഈശോ സഭാ വൈദികരുടെ സെന്റ് സേവ്യേഴ്സ് ചർച്ചിൽ ഞായറാഴ്ചകളിൽ കുർബാന അർപ്പിക്കുന്നു. പ്രാർത്ഥനകൂട്ടായ്മകളിലും ഭവനസന്ദർശനത്തിലും ഏർപ്പെട്ടിരിക്കുന്നു.

ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ഇവിടെ ബാപ്പുനഗറിലും 5 കിലോമീറ്റർ അകലെയുള്ള നറോഡ, മേഘാനിനഗർ എന്നീ സബ് സെന്ററുകളിലും ശുശ്രൂഷ ചെയ്യുന്നു. ഇവിടെ 65 ഓളം കുടുംബങ്ങൾ ഉണ്ട്. അദ്ദേഹവും ഭവനസന്ദർശനം ആരംഭിച്ചു. ദൈവാലയത്തിൽ പരി. കുർബാന അർപ്പണത്തിലൂടെയും പ്രാർത്ഥനാ കൂട്ടായ്മകൾ വഴിയും ആളുകളുമായി പരിചയപ്പെട്ടുവരുന്നു.

ഫാ. ജോർജ് കാവുംപുറം ഇവിടെ നിന്നും 90 കി.മീ. അകലെയുള്ള ആനന്ദ്-കരംസന്ദ് സെന്ററിൽ ശുശ്രൂഷ ചെയ്യുന്നു. ഇടവകക്കാർ വാങ്ങി നൽകിയ ഫ്ളാറ്റിലെ ചാപ്പലിൽ ഇടദിവസങ്ങളിൽ കുർബാനയർപ്പിക്കുന്നു. കുടുംബ

സന്ദർശനം നടത്തിക്കൊണ്ടിരിക്കുന്നു. 60 ഓളം കുടുംബങ്ങൾ ആനന്ദിലും 28 ഓളം കുടുംബങ്ങൾ കരംസന്ദിലും ഉണ്ട്. ബുധനാഴ്ചയും ഞായറാഴ്ചയും ലത്തീൻ ഇടവക പള്ളിയിൽ സീറോ -മലബാർ കുർബാന അർപ്പിക്കുന്നു. ഇവിടെ നെടിയാഡ് എന്ന ഒരു സബ് സ്റ്റേഷനും ഉണ്ട്.

ഇതുകൂടാതെ മറ്റു സ്ഥലങ്ങളിൽ കുർബാന അർപ്പിക്കാനും പ്രാർത്ഥനാ കൂട്ടായ്മകളിൽ സഹായിക്കാനും പോകുന്നു. നല്ല സഭാസ്നേഹവും വിശ്വാസവും ഉള്ളവരാണ് ഗുജറാത്തിലെ വിശ്വാസിസമൂഹം. കൂടുതൽ വൈദികരും സമർപ്പിതരും ശുശ്രൂഷകൾക്കായി എത്താൻ ഗുജറാത്തിലെ സീറോ-മലബാർ വിശ്വാസികൾ കാത്തിരിക്കുന്നു.

**ഫാ. ജോസഫ് മലേപ്പറമ്പിൽ** (കോർഡിനേറ്റർ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാ രചനാമത്സരം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ മേഖലാതല വിജയികൾക്കായി രചനാമത്സരം നടത്തി. 2018 ആഗസ്റ്റ് 26-ാം തീയതി ഉച്ച കഴിഞ്ഞ് ഭരണങ്ങാനം മാതൃഭവനിൽവച്ച് നടന്ന മത്സരത്തിന് രൂപതാഭാരവാഹികൾ നേതൃത്വം നൽകി.

**ജീവദർശൻ കോഴ്സ്**

മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ജീവദർശൻ കോഴ്സിന്റെ ക്ലാസുകൾ ആഗസ്റ്റ് 22, 24, 27 തീയതികളിൽ നടന്നു. റവ.ഫാ.ജോസഫ് കടുപ്പിൽ, റവ.ഫാ.ജോസഫ് മുത്തനാട്ട്, ശ്രീ.മനു ചെറുകാട്ടിൽ. ശ്രീ.അനിൽ ഇമ്മാനുവൽ എന്നിവർ ക്ലാസുകൾ നയിച്ചു. ജീവദർശൻ കോഴ്സിന്റെ അവസാനക്ലാസ് ഒക്ടോബർ 2-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ നടക്കും. റവ.ഡോ. ഡൊമിനിക് വെച്ചൂർ ക്ലാസു നയിക്കും. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും അന്നേദിവസം നടക്കുന്നതാണ്.

**റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം**

സംസ്ഥാനസമിതിയുടെയും ചങ്ങനാശ്ശേരി അതിരൂപതയുടെയും സംയുക്താഭിമുഖ്യത്തിൽ മിഷൻലീഗ് സ്ഥാപകഡയറക്ടറായിരുന്ന റവ.ഫാ.ജോസഫ് മാലിപ്പറമ്പിലിന്റെ അനുസ്മരണം ആർപ്പൂക്കര ചെറുപുഷ്പം ദേവാലയത്തിൽ നടത്തി. ആഗസ്റ്റ് 8-ാം തീയതി ശനിയാഴ്ച രാവിലെ 8.30ന് ആരംഭിച്ച ദിവ്യബലിയിലും അനുസ്മരണ സമ്മേളനത്തിലും രൂപതാഭാരവാഹികൾ പങ്കെടുത്തു.

പുരസ്കാരങ്ങൾ

രൂപതാ, മേഖലാ ഭാരവാഹികൾക്കായി സംസ്ഥാനതലത്തിൽ നടത്തിയ രചനാമത്സരങ്ങളിൽ വിജയികളായ ജോമിൻ ജോണി (കടനാട്), ജോസ് സി. മാത്യു (പാലാ), ആലീസ് മാത്യു (ചെമ്മലമറ്റം) എന്നിവരും മിഷൻതാര പുരസ്കാരത്തിനർഹയായ ജോസ്മി ജേക്കബ് (മുത്തോലി) ഉം ആർപ്പൂക്കരയിൽ വച്ചുനടന്ന സമ്മേളനത്തിൽ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

**മേഖലാ സന്ദർശനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതി മേഖലാതല സന്ദർശനങ്ങൾ നടത്തി. ആഗസ്റ്റ് 19-ാം തീയതി അരുവിത്തുറ മേഖലയിലും സെപ്റ്റംബർ 9-ാം തീയതി ചേർപ്പുങ്കൽ മേഖലയിലും സെപ്റ്റംബർ 23-ന് ഭരണങ്ങാനം മേഖലയിലും രൂപതാസന്ദർശനം നടന്നു. രൂപതാ ഡയറക്ടറിനെ കൂടാതെ ശ്രീ.തോമസ് അടുപ്പുകല്ലുങ്കൽ, സെക്രട്ടറി ശ്രീ.ജോബി ആലയ്ക്കാപ്പറമ്പിൽ, ഓർഗനൈസർ ശ്രീ.മനു ചെറുകാട്ടിൽ എന്നിവർ എക്സിക്യൂട്ടീവ് യോഗങ്ങളിൽ പങ്കെടുത്തു.

**മാനേജിംഗ് കമ്മിറ്റിയും അനുസ്മരണവും**

ചെറുപുഷ്പ മിഷൻലീഗ് പാലാരൂപതാ മാനേജിംഗ് കമ്മിറ്റിയും റവ.ഫാ. ജോസഫ് മാലിപ്പറമ്പിൽ, റവ.ഫാ. അബ്രാഹം ഈറ്റയ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണവും 2018 സെപ്റ്റംബർ 20-ാം തീയതി വ്യാഴാഴ്ച ഭരണങ്ങാനത്തു നടന്നു. വൈകുന്നേരം 6 മണിക്ക് വി.അൽഫോൻസാ ചാപ്പലിൽ അനുസ്മരണ ദിവ്യബലിയും ഒപ്പീസും നടത്തി. തുടർന്ന് മാതൃഭവനിൽവച്ച് പെരിങ്ങുളം പള്ളി വികാരി റവ.ഫാ.കുര്യാക്കോസ് നരിതൂക്കിൽ, 'ഈറ്റയ്ക്കക്കുന്നേൽ അനുസ്മരണ പ്രഭാഷണം' നടത്തി. പിന്നീട് നടന്ന മാനേജിംഗ് കമ്മിറ്റിയിൽ പ്രസിഡന്റ് ശ്രീ. തോമസ് അടുപ്പുകല്ലുങ്കൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ.ജോസ് ആലയ്ക്കാപ്പറമ്പിൽ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് മേഖലാപ്രവർത്തനങ്ങളുടെ അവലോകനവും ചർച്ചയും നടന്നു. സി.സുദീപ സി.എം.സി., ആൻസി ഐക്കരക്കുന്നേൽ, എലിസബത്ത് ആറുതൊട്ടിയിൽ, മനു ചെറുകാട്ടിൽ, ജോബിൻ കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു. 10 മണിക്ക് മാനേജിംഗ് കമ്മിറ്റി സമാപിച്ചു.

**രൂപതാ വാർഷികം**

ഈ വർഷത്തെ ചെറുപുഷ്പ മിഷൻലീഗ് രൂപതാ വാർഷികം 2018 നവംബർ 25-ാം തീയതി ചേർപ്പുങ്കൽ മാർസ്ലീവാ ഫൊറോനാപള്ളിയിൽവച്ചു നടക്കുന്നതാണ്. രാവിലെ 9.30 ന് വി.കുർബാന. തുടർന്ന് രൂപതാകൗൺസിൽ. ഉച്ചകഴിഞ്ഞ് പ്രേഷിതറാലിയും പൊതുസമ്മേളനവും ഉണ്ടായിരിക്കും.

മേഖലാ വാർത്തകൾ

**പവർപോയിന്റ് പ്രസന്റേഷൻ**

ചെറുപുഷ്പ മിഷൻലീഗ് സംഘടനയെക്കുറിച്ച് കൂടുതൽ അവബോധം ഉളവാക്കുന്നതിനായി പ്രവിത്താനം, കുറവിലങ്ങാട് മേഖലകൾ പവർപോയിന്റ് പ്രസന്റേഷൻ തയ്യാറാക്കി അവതരിപ്പിച്ചു. മേഖലകളുടെ ഫേസ്ബുക്ക് പേജുകളിൽ ഈ പ്രസന്റേഷൻ ലഭ്യമാണ്.

**ഭരണങ്ങാനം മേഖല**

ഭരണങ്ങാനം മേഖലാ സീനിയേഴ്സ് ക്യാമ്പ് സെപ്റ്റംബർ 20, 21 തീയതികളിൽ മാതൃഭവനിൽവച്ച് നടന്നു. റവ.ഫാ.അഗസ്റ്റിൻ കൊഴുപ്പൻകുറ്റി, റവ.ഫാ. ജോൺസൺ പരിയപ്പനാൽ, സ്നോബിൻ കാട്ടുങ്കൽ, സി.കരോളിൻ എന്നിവർ പ്രസംഗിച്ചു. ലൂക്ക് അലക്സ് പിണമറുകിൽ, സിബി ഒട്ടലാങ്കൽ, ഫാ. എബിൻ

നീറുവേലിൽ, ബെന്നി മുത്തനാട്ട്, ജോബി ആലയ്ക്കപ്പറമ്പിൽ എന്നിവർ ക്ലാസ്സുകളെടുത്തു. മാനുവൽ പാലമറ്റം, സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ, ടീന സക്കറിയാസ്, സുസ്മി പടന്നമാക്കൽ, ഷൈനി കിണറ്റുകര, അലൻ നാഗപ്പറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി. വിവിധ ശാഖകളിൽനിന്നും 67 കുട്ടികൾ പങ്കെടുത്തു.

**കുറവിലങ്ങാട് മേഖല**

കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 20, 21 തീയതികളിൽ റീജിയണൽ സെമിനാറുകൾ നടത്തി. മരങ്ങാട്ടുപിള്ളി റീജിയണൽ സെമിനാർ മരങ്ങാട്ടുപള്ളി സെന്റ് ഫ്രാൻസീസ് അസ്സീസി സൺഡേസ്കൂളിൽച്ച് രൂപതാഡയറക്ടർ ഉദ്ഘാടനം ചെയ്തു. റവ.ഫാ.അഗസ്റ്റിൻ ഇഞ്ചിക്കുഴി ക്ലാസ് നയിച്ചു. മോനിപ്പള്ളി സെന്റ് തോമസ് സൺഡേസ്കൂളിൽവച്ചു നടന്ന സെമിനാർ ശ്രീ.തോമസ് അടുപ്പുകല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. ശ്രീ. അലക്സ് കാവുകാട്ട് ക്ലാസ് നയിച്ചു. നസ്രത്തുഹിൽ ഹോളിഫാമിലി സൺഡേസ്കൂളിൽവച്ചു നടന്ന സെമിനാർ ശ്രീ. ബിനോയി പള്ളിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ.ഫാ.സെബാസ്റ്റ്യൻ മാപ്രക്കരോട്ട് ക്ലാസ് നയിച്ചു. കൂടല്ലൂർ സെന്റ് ജോസഫ്സ് സൺഡേസ്കൂളിൽവച്ചു നടന്ന സെമിനാർ രൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. റവ.ഫാ.കുര്യാക്കോസ് വട്ടമുകളേൽ ക്ലാസ് നയിച്ചു.

മേഖലയുടെ ആഭിമുഖ്യത്തിൽ അൾത്താരബാലന്മാരുടെ സംഗമം കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽവച്ച് ഒക്ടോബർ 2-ാം തീയതി ചൊവ്വാഴ്ച 9.30 ന് നടത്തപ്പെടുന്നു.

**ചേർപ്പുങ്കൽ മേഖല**

ചേർപ്പുങ്കൽ മേഖലാ ജൂണിയേഴ്സ് ക്യാമ്പ് സെപ്റ്റംബർ 21-ാം തീയതി ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർസെക്കൻണ്ടറി സ്കൂളിൽവച്ചു നടന്നു. സി. സ്റ്റെനി ഗ്രേസ്, സി. ജോൺസ് മരിയ, ഫാ.കുര്യാക്കോസ് വട്ടമുകളേൽ, സി.കൊച്ചുത്രേസ്യാ തുടങ്ങിയവർ നേതൃത്വം നൽകി. റവ.ഫാ. ജെയിംസ് മടിക്കാങ്കൽ, സി. ട്രീസാ മരിയ, ശ്രീ.റോയി കുളങ്ങര, ബാബു മുളയ്ക്കത്തറ, സെബിൻ തോസ്, റോയി പി.ടോമി തുടങ്ങിയവർ ക്യാമ്പിന് വേണ്ട ക്രമീകരണങ്ങൾ നടത്തി.

**പ്രവിത്താനം മേഖല**

മേഖലാ റീജിയണൽ സെമിനാർ ആഗസ്റ്റ് 27-ാം തീയതി മുണ്ടാങ്കൽ പള്ളിയിൽവച്ച് നടന്നു. റവ.ഡോ. സൈറസ് വേലംപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു.

ഉള്ളനാട് റീജിയണൽ സെമിനാർ സെപ്റ്റംബർ 23-ാം തീയതി ഞായറാഴ്ച നരിയങ്ങാനം പള്ളിയിൽവച്ച് നടക്കുന്നതാണ്.

**കോതനല്ലൂർ മേഖല**

മേഖലാ സീനിയേഴ്സ് ക്യാമ്പ് സെപ്റ്റംബർ 20, 21 തീയതികളിൽ കോതനല്ലൂർ പള്ളിയിൽവച്ച് നടന്നു.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**1. സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് മീറ്റ്**

സെപ്റ്റംബർ 8 ശനിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ ഉച്ചകഴിഞ്ഞ് 2 മണിക്ക് കെ. സി. എസ്. എൽ വിദ്യാർത്ഥിഭാരവാഹികളുടെ യോഗം ചേർന്നു. ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ അദ്ധ്യക്ഷനായിരുന്നു. കെ. സി. എസ്. എൽ ന്റെ പ്രവർത്തനങ്ങളെ യോഗം വിലയിരുത്തുകയും കുട്ടികൾ തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയുകയും ചെയ്തു. മീറ്റിംഗിൽ എല്ലാ എക്സിക്യൂട്ടീവംഗങ്ങളും പങ്കെടുത്തു.

**2. ഷോർട്ട് ഫിലിം ഫെസ്റ്റിൽ പങ്കെടുത്തു**

കെ. സി. ബി. സി മാധ്യമ കമ്മീഷൻ പി. ഒ. സി യിൽ സംഘടിപ്പിച്ച ഷോർട്ട് ഫിലിം ഫെസ്റ്റിൽ പാലാ രൂപതയിൽനിന്ന് കെ. സി. എസ്. എൽ എക്സിക്യൂട്ടീവംഗങ്ങളായ ജിനു പതിപ്പള്ളിലും ജോൺ വലിയവീട്ടിലും പങ്കെടുത്തു.

**3. മത്സരങ്ങൾ നടത്തി**

സ്കൂൾ കുട്ടികൾക്കായി സെപ്റ്റംബർ 21 ന് അൽഫോൻസാ കോളേജിൽ വച്ച് രാവിലെ 10 മണിമുതൽ വിവിധതരം മത്സരങ്ങൾ നടത്തി. എൽ. പി, യു. പി വിഭാഗങ്ങൾക്കായി അൽഫോൻസാ ആക്ഷൻ സോങ് മത്സരവും, കത്തെഴുത്ത് മത്സരവും, എച്ച്.എസ്.എസ്. എച്ച്.എസ് വിഭാഗങ്ങൾക്കായി കുട്ടിപ്പത്ര നിർമ്മാണമത്സരവുമാണ് നടത്തിയത്. മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു.

**4. പ്രതിഭാസംഗമം**

സെപ്റ്റംബർ 8 ശനിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ ഉച്ചകഴിഞ്ഞ് 3.30 മണിക്ക് പ്രതിഭാസംഗമം നടന്നു. കുട്ടികൾ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുകയും പരസ്പരം അഭിനന്ദിക്കുകയും ചെയ്തു. രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ പ്രചോദനാത്മകമായ സന്ദേശങ്ങൾ ഉൾക്കൊണ്ട് മോട്ടിവേഷണൽ ക്ലാസ്സ് എടുത്തു. ലഘുഭക്ഷണത്തിനുശേഷം 5 മണിയോടെ മീറ്റിംഗ് സമാപിച്ചു.

**5. സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

സെപ്റ്റംബർ 20 ന് എറണാകുളം പി. ഒ. സി യിൽ വച്ച് നടന്ന സ്റ്റേറ്റ് സെൻട്രൽ കൗൺസിലിൽ പാലാ രൂപതയിൽനിന്ന് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, പ്രസിഡന്റ് സാലി കെ. ജെ, ബ്രദർ റോണി നടുവിലേക്കൂറ്റ് തുടങ്ങിയവർ പങ്കെടുത്തു.

**6. എക്സിക്യൂട്ടീവ് മീറ്റിംഗ്**

സെപ്റ്റംബർ 21 ന് ഉച്ചകഴിഞ്ഞ് 1 മണിക്ക് ടീച്ചേഴ്സ് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മീറ്റിംഗിൽ ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ അദ്ധ്യക്ഷനായിരുന്നു. ഒക്ടോബർ മാസം നടക്കാനിരിക്കുന്ന സാഹിത്യോത്സവം, നവംബറിൽ നട

ക്കാനിരിക്കുന്ന വിജ്ഞാനോത്സവം എന്നിവയെക്കുറിച്ച് ചർച്ച നടത്തി. 2 മണിക്ക് മീറ്റിംഗ് സമാപിച്ചു.

**7. കെ. സി. എസ്. എൽ ക്വിസ് - പുസ്തകം തയ്യാറായിരിക്കുന്നു**

കെ. സി. എസ്. എൽ - ന്റെ ചരിത്രപഠനം സാധിക്കുന്നതിനുവേണ്ടി കെ. സി. എസ്. എൽ പാലാ രൂപത പ്രസിദ്ധീകരിക്കുന്ന ചോദ്യോത്തരരീതിയിലുള്ള ക്വിസ് പുസ്തകം തയ്യാറായിരിക്കുന്നു. സാഹിത്യോത്സവത്തോടനുബന്ധിച്ച് ഒക്ടോബർ 13 ന് നടക്കുന്ന കെ. സി. എസ്. എൽ ക്വിസ് മത്സരത്തിന് ഈ പുസ്തകത്തിൽനിന്നുള്ള ചോദ്യങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. പുസ്തകങ്ങൾ കെ. സി. എസ്. എൽ ഓഫീസിൽ ലഭ്യമാണ്. വില 10 രൂപ.

**8. ശാഖാ ഉദ്ഘാടനം**

കെ. സി. എസ്. എൽ. ലോവർ പ്രൈമറി വിഭാഗം സ്റ്റേറ്റ് തലത്തിൽ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പാലാ സെന്റ് മേരീസ് എൽ. പി സ്കൂളിൽ കെ. സി. എസ്. എൽ ശാഖ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു. രൂപത ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. എൽ. പി. വിഭാഗത്തിനായി രൂപതാതലത്തിൽ നടത്തിയ വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാനും വിജയിപ്പിക്കാനും അധ്യാപകർ ഒത്തൊരുമയോടെ പ്രവർത്തിക്കുന്നതിനെ ഡയറക്ടറച്ചൻ അഭിനന്ദിച്ചു. വിജയികളായ കുട്ടികൾക്ക് സമ്മാനങ്ങളും നല്കി. ഹെഡ്മിസ്ട്രസ് സി. ലിൻസി ജെ. ചീരാംകുഴി, ആനിമേറ്റർമാരായ സി. ജെസ് മരിയ, ജോളിമോൾ തോമസ് എന്നിവർ പ്രസംഗിച്ചു.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# എസ്.എം.വൈ.എം.

**1. യൂണിറ്റ് ഉദ്ഘാടനവും നിശാക്യാമ്പും**

ആഗസ്റ്റ് 24-ാം തീയതി വെള്ളിയാഴ്ച പാദുവ സെന്റ് ആന്റണീസ് ഇടവകയിൽ SMYM യൂണിറ്റ് ഉദ്ഘാടനം രൂപത ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് വെട്ടത്തേൽ സന്നിഹിതനായിരുന്നു. അന്നേദിവസം തന്നെ നടന്ന നിശാക്യാമ്പിന് റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ ശ്രീ. ജോമി കൈതക്കാവിൽ, ശ്രീ. ആൽവിൻ കൂത്താട്ടുകുളം എന്നിവർ ക്ലാസുകൾ നയിച്ച് നേതൃത്വം നൽകി.

**2. യുവജന സെമിനാർ**

ആഗസ്റ്റ് 25-ാം തീയതി ശനിയാഴ്ച SMYM കടനാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യുവജനസെമിനാർ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ ക്ലാസുകൾ നയിച്ചു. അന്നേദിവസം നടത്തിയ ആരാധനയ്ക്കും മറ്റ് പ്രാർത്ഥനാ ശുശ്രൂഷകൾക്കും യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോർജ് പോളച്ചിറ കുന്നുംപുറം നേതൃത്വം നൽകി.

### 3. YATP ക്യാമ്പ്

എസ്.എം.വൈ.എം-ന്റെ നേതൃത്വത്തിൽ നടത്തിവരുന്ന യൂത്ത് ആനിമേറ്റർ ട്രെയിനിംഗ് പ്രോഗ്രാം YATP 5-ാം സെഷൻ സെപ്തംബർ 7,8 തീയതികളിൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി., ക്യാമ്പ് കോർഡിനേറ്റർ ശ്രീ. സുരേഷ് മാത്യു എന്നിവർ നേതൃത്വം നൽകി. വടവാതൂർ സെമിനാരി പ്രൊഫസർ റവ.ഡോ. തോമസ് വടക്കേൽ ക്ലാസുകൾ നയിച്ചു. ക്യാമ്പിൽ വച്ച് അസി. ഡയറക്ടർ റവ.ഫാ. സിറിൽ തയ്യിലിനു യാത്രയയപ്പ് നൽകുകയും ചെയ്തു.

### 4. അസി. ഡയറക്ടറച്ചനു സ്വീകരണം

സെപ്തംബർ 8-ാം തീയതി ശനിയാഴ്ച എസ്.എം.വൈ.എം. പാലാ രൂപതയുടെ പുതിയ അസി. ഡയറക്ടറായി നിയമിക്കപ്പെട്ട റവ.ഫാ. ജെയിംസ് മടിക്കാങ്കൽ അച്ചന് രൂപതാ ഓഫീസിൽ വച്ച് സ്വീകരണം നൽകി. ഷാലോം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഡോ. തോമസ് മേനാച്ചേരി, റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, ഷാലോമിലെ മറ്റ് വൈദികർ, സ്റ്റാഫ്സ്, എസ്.എം.വൈ.എം. എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെല്ലാം സന്നിഹിതരായിരുന്നു.

### 5. എക്സിക്യൂട്ടീവ് മീറ്റിംഗ്

സെപ്തംബർ 15-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് രൂപതാ കാര്യാലയത്തിൽ വച്ച് അസി. ഡയറക്ടർ റവ.ഫാ. ജെയിംസ് മടിക്കാങ്കലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു. ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടിയും മറ്റ് ഭാരവാഹികളും പങ്കെടുത്തു. ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലായിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ഒക്ടോബർ 13-ാം തീയതി രാമപുരത്ത് നടക്കുന്ന വൈദിക-യുവജന സംഗമത്തിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു.

### 6. മേഖലാ കലോത്സവം

എസ്.എം.വൈ.എം. കുറവിലങ്ങാട് മേഖലാ കലോത്സവം സെപ്തംബർ 20-ാം തീയതി വ്യാഴാഴ്ച രത്നഗിരി യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. എസ്.എം.വൈ.എം. രൂപതാ കൗൺസിലർ ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിൽ കലോത്സവം ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ റവ.ഫാ. ജോസഫ് നെല്ലിക്കൽ, യൂണിറ്റ് ഡയറക്ടർ റവ.ഫാ. എബ്രാഹം കാക്കാനിയിൽ, കുറവിലങ്ങാട് യൂണിറ്റ് ജോയിന്റ് ഡയറക്ടർ സി. നോയൽ സി.എം.സി, മേഖലാ-യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### 7. സഭാചരിത്രസെമിനാർ

സെപ്തംബർ 20-ാം തീയതി വ്യാഴാഴ്ച എസ്.എം.വൈ.എം. മുട്ടുചിറ മേഖലയുടെ ആഭിമുഖ്യത്തിൽ സഭാചരിത്ര സെമിനാർ "മശ്ക്ക്നാ ദ്റൂഹാ"

എന്ന പേരിൽ ആയാംകുടി മലപ്പുറം സെന്റ് തെരേസാസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. മലപ്പുറം യൂണിറ്റ് ഡയറക്ടർ റവ.ഫാ. മാത്യു കിഴക്കേഅര ഞ്ഞാണിയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ റവ. ഫാ. മാത്യു മുതുപ്ലാക്കൽ, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമ ക്കാലായിൽ, മേഖലാ-യൂണിറ്റ് ഭാരവാഹികൾ എന്നിവർ സിന്നിഹിതരായി രുന്നു. ചങ്ങനാശ്ശേരി മാർതോമ്മാ വിദ്യാനികേതൻ ഡയറക്ടറും വിവിധ സെമിനാരികളിൽ പ്രഫസറുമായ റവ.ഡോ. ജോസഫ് കൊല്ലാറ സെമിനാർ നയിച്ചു.

**8. യൂത്ത് മീറ്റ്**

സെപ്തംബർ 21-ാം തീയതി വെള്ളിയാഴ്ച എസ്.എം.വൈ.എം. തിട നാട് യൂണിറ്റിന്റെ നേതൃത്വത്തിൽ യൂത്ത് മീറ്റ് നടത്തപ്പെട്ടു. രൂപതാ അസി. ഡയറക്ടർ റവ.ഫാ. ജെയിംസ് മടിക്കാങ്കൽ യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്തു. തിടനാട് ഇടവക വികാരി റവ.ഫാ. മൈക്കിൾ നരിക്കാട്ട്, യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് കൊച്ചോടയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു. യൂണിറ്റ് ഭാരവാഹികൾ എല്ലാവരും പരിപാടിക്ക് നേതൃത്വം നൽകി. യൂത്ത് മീറ്റിനോ ടനുബന്ധിച്ച് നടന്ന സെമിനാറിൽ ശ്രീ. ആൽവിൻ കൂത്താട്ടുകുളം ക്ലാസു കൾ നയിച്ചു.

**9. ഷട്ടിൽ ടൂർണമെന്റ്**

സെപ്തംബർ 21-ാം തീയതി വെള്ളിയാഴ്ച SMYM കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ മണ്ണയ്ക്കനാട് യൂണിറ്റിൽ വച്ച് ഷട്ടിൽ ടൂർണമെന്റ് നടത്തപ്പെട്ടു. മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് പ്രസി ഡന്റ് ശ്രീ.എം.എം. തോമസ് സാർ ഉദ്ഘാടനം നിർവ്വഹിച്ചു. ടൂർണമെന്റിൽ ഒന്നാം സ്ഥാനം പാലക്കാട്ടുമല യൂണിറ്റും രണ്ടാംസ്ഥാനം കൂടല്ലൂർ യൂണിറ്റും കരസ്ഥമാക്കി. രൂപതാ അസി. ഡറക്ടർ റവ. ഫാ. ജെയിംസ് മടിക്കാങ്കൽ സമ്മാനദാനം നിർവ്വഹിച്ചു. മേഖല ഡയറക്ടർ റവ.ഫാ. ജോസഫ് നെല്ലി ക്കൽ, യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് കിഴക്കേൽ, മറ്റ് മേഖലാ-യൂ ണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**10. ബി. യൂണിറ്റ് രൂപീകരണം**

സെപ്തംബർ 23-ാം തീയതി ഞായറാഴ്ച പൈക ഇടവകയിൽ എസ്. എം.വൈ.എം. ബി.യൂണിറ്റ് ഉദ്ഘാടനം ഇടവക വികാരി റവ.ഫാ. അഗസ്റ്റിൻ കോലത്ത് നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് കരികുളം സന്നിഹിതനായിരുന്നു. അന്നേദിവസം നടത്തിയ ഓറിയന്റേഷൻ ക്ലാസിന് ശ്രീ. അലക്സ് കാവുകാട്ട് നേതൃത്വം നൽകി.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**

**ഫാ. ജെയിംസ് മടിക്കാങ്കൽ (അസി.ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. നവീകരണ സെമിനാർ - സാൻജോ ഹോസ്റ്റൽ**

പാലാ പുത്തൻപള്ളിയുടെ സമീപമുള്ള സാൻജോ ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾക്കുവേണ്ടി സെപ്തംബർ 5-ന് ആത്മീയ നവീകരണ സെമിനാർ നടത്തി. ഫാ. കുര്യൻമറ്റം, അനിതാ ജോജി, പ്രണോയി എന്നിവർ ക്ലാസുകൾ നയിച്ചു. വാർഡൻ സി. റെജി എഫ്.സി.സി. നേതൃത്വം നൽകി.

**2. രാത്രി ആരാധന**

ജീസസ് യൂത്ത് കുടുംബത്തിന്റെ രാത്രി ആരാധന സെപ്തംബർ 7 വെള്ളിയാഴ്ച അരുണാപുരം ഇടവക ദൈവാലയത്തിൽ നടന്നു. ഫാ. സിറിൽ തയ്യിൽ വിശുദ്ധ ബലിയർപ്പിച്ചു. റോയി ജോസഫ് വചനസന്ദേശം നൽകി. ബിജീഷ്, റിയാ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു.

**3. വചനപഠനധ്യാനം -എസ്.എച്ച്. ഹോസ്റ്റൽ**

അരുണാപുരം എസ്.എച്ച്. ഹോസ്റ്റലിൽ ജീസസ് യൂത്ത് ടീം നേതൃത്വം കൊടുത്ത വചനപഠനധ്യാനം സെപ്തംബർ 7,8,9 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം, നന്ദു ജോൺ, ആന്റോ എന്നിവർ ശുശ്രൂഷകൾ നയിച്ചു. സി. പുഷ്പ, സി. കുസുമം, സി. എൽസിൻ എന്നിവർ നേതൃത്വം നൽകി.

**4. യുവജനധ്യാനം - കടുത്തുരുത്തി**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിലുള്ള യുവജനധ്യാനം കടുത്തുരുത്തി എസ്.വി.ഡി. പ്രാർത്ഥനാനികേതനിൽ സെപ്തംബർ 7,8,9 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. മാത്യു നിരപ്പേൽ എസ്.വി.ഡി., ഫാ. കുര്യൻ മറ്റം, ജോർജ്കുട്ടി ആഗസ്തി, സജി കടുത്തുരുത്തി, സജി അറക്കുളം, ബിലാസ് കുളത്തൂർ എന്നിവർ നേതൃത്വം നൽകി.

**5. നവീകരണസെമിനാർ - ബി.എഡ്. കോളേജിൽ**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ പാലാ സെന്റ് തോമസ് ടീച്ചർ എഡ്യൂക്കേഷൻ കോളേജിൽ വിദ്യാർത്ഥികൾക്കായി സെപ്തംബർ 14-ന് നവീകരണ സെമിനാർ നടത്തി. ഫാ. കുര്യൻ മറ്റം, തോമസ് കുര്യൻ എന്നിവർ ക്ലാസുകൾ നയിച്ചു. പ്രിൻസിപ്പൽ സി. പവിത്ര സി.എം.സി., ആമുഖപ്രസംഗം നടത്തി.

**6. 21 മണിക്കൂർ ആരാധന**

സഭയ്ക്കുവേണ്ടിയും ഒക്ടോബറിൽ നടക്കുന്ന 'വെരിത്താസ്' യുവജന കോൺഫ്രൻസിനുവേണ്ടിയും പ്രാർത്ഥിക്കാൻ പാലാ സാന്തോം എസ്.എച്ച്. കോൺവെന്റ് ചാപ്പലിൽ സെപ്തംബർ 20,21,22 തീയതികളിൽ 21 മണിക്കൂർ ദീർഘിക്കുന്ന ദിവ്യകാരുണ്യ ആരാധന നടത്തി. ആരാധനദിവസങ്ങളിൽ ഫാ. സിറിൽ തയ്യിൽ, ഫാ. ജെയിംസ് മടിക്കാങ്കൽ, ഫാ. ജോയി വള്ളിയാംതടം എന്നിവർ ദിവ്യബലി അർപ്പിച്ചു. റോയി ജോസഫ്, ബിജീഷ്, സാന്തോം കോൺവെന്റിലെ സിസ്റ്റേഴ്സ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**7. പാരിഷ് മിനിസ്ട്രി ട്രെയിനിംഗ്**

ജീസസ് യൂത്തിന്റെ പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിലുള്ള പരിശീലന പ്രോഗ്രാം സെപ്തംബർ 20-ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ

നടന്നു. അമല, എയ്ഞ്ചൽ, സച്ചിൻ മാത്യൂസ്, വിവേക്, ജോമോൻ എന്നിവർ നേതൃത്വം നൽകി.

**8. കാമ്പസ് മിനിസ്ട്രി സെൻട്രൽ കമ്മറ്റിയംഗം**

കേരളാ ജീസസ് യൂത്ത് കാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിലുള്ള കാമ്പസ് മിനിസ്ട്രി അവലോകനസമ്മേളനം സെപ്തംബർ 15-ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ഫാ. സൈമൺ ചെറുവത്തൂർ OFM Cap, ഫാ. കുര്യൻ മറ്റം, രേഷ്മ, ആൽബിൻ, ആൽവിൻ സ്കറിയ, പ്രണോയി ടോമി എന്നിവർ നേതൃത്വം നൽകി.

**9. സാച്ചർദോസ് സെമിനാർ**

വൈദികരാകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ കൂട്ടായ്മയായ സാച്ചർദോസ് ഗ്രൂപ്പിന്റെ ഏകദിന സെമിനാർ സെപ്തംബർ 21-ന് ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഡോ. ജോസ് മാത്യു, ജോസുകുട്ടി പെരിങ്ങുളം എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**10. ക്രിസ്റ്റീൻ ധ്യാനം - കവീക്കുന്ന്**

കവീക്കുന്ന് ഇടവകയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള നവീകരണധ്യാനം സെപ്തംബർ 20,21 തീയതികളിൽ രണ്ടു ബാച്ചുകളിലായി നടന്നു. ഫാ. കുര്യൻമറ്റം, ഫാ. തോമസ് മണ്ണൂർ, പ്രകാശ് മാത്യു, സി. മരിയ തെരേസ് സി.എം.സി, ലിൻസി മുണ്ടാങ്കൽ, അനിതാ ജോജി, ഗ്ലാഡിയാ, മിന്നു എന്നിവർ ശുശ്രൂഷകൾ നയിച്ചു. വികാരി ഫാ. മാത്യു പന്തലാനി നേതൃത്വം നൽകി. ഇടവകയിലെ മാതൃവേദിയും പിതൃവേദിയും കുട്ടികൾക്കായ ഉച്ചഭക്ഷണവും കാപ്പിയും ഒരുക്കി ഇടവകയുടെ കൂട്ടായ്മ ചൈതന്യം പ്രകാശിപ്പിച്ചു.

**11. ക്രിസ്റ്റീൻ ധ്യാനം - കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോം**

കുമ്മണ്ണൂർ ബാലമന്ദിരത്തിലെ വിദ്യാർത്ഥിനികൾക്കുവേണ്ടിയുള്ള ക്രിസ്റ്റീൻധ്യാനം സെപ്തംബർ 20,21 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻമറ്റം, അനിതാ ജോജി, സുനു സാജ്, മരിയാമോൾ എന്നിവർ ശുശ്രൂഷകൾ നയിച്ചു. ഡയറക്ടർ ഫാ. ഫിലിപ്പ് ഞരളക്കാട്ട്, സി. സ്നേഹാ മേരി, മറ്റ് എസ്.എച്ച്. സിസ്റ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

**12. ആരാധനാശുശ്രൂഷ**

സഭയ്ക്കും 'വെരിത്താസ്' പ്രോഗ്രാമിനുവേണ്ടിയും മദ്ധ്യസ്ഥപ്രാർത്ഥന നടത്താനായി ഷാലോം  ചാപ്പലിൽ സെപ്തംബർ 14-ന് ദിവ്യകാരുണ്യ ആരാധന നടത്തി. ഫാ. കുര്യൻ മറ്റം, റോയി ജോസഫ്, ബിജീഷ് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**13. സ്വാഗതം**

ജീസസ് യൂത്തിന്റെ ജോയിന്റ് ഡയറക്ടറായി നിയമിതനായ ഫാ. ജെയിംസ് മടിക്കാങ്കലിന് സെപ്തംബർ 22-ന് ഷാലോം മിനി ഓഡിറ്റോറിയത്തിൽ സ്വീകരണം നൽകി. ഫാ. കുര്യൻമറ്റം, ജാക്സൺ ചെറിയാൻ, ഡോ. ബീന സാബു, ആൽവിൻ സ്കറിയ, പ്രണോയി ടോമി എന്നിവർ പ്രസംഗിച്ചു. ഫാ. ജെയിംസ് തന്റെ അനുഭവങ്ങൾ പങ്കുവച്ചു.

**14. ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

ജീസസ് യൂത്ത് സംസ്ഥാനതലത്തിൽ 'നല്ല അയൽക്കാരൻ' എന്ന പേരിൽ നടത്തിയ വെള്ളപ്പൊക്കദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പാലാ രൂപതയിലെ 200-ലധികം ജീസസ് യൂത്ത് പ്രവർത്തകർ പങ്കെടുത്തു.

ക്യാമ്പുകളിൽ : 14 ദിവസങ്ങളിൽ കൂനമ്മാവ്, ആലുവ, എറണാകുളം, പടമുകൾ, റാന്നി, ചാലക്കുടി, ഇടുക്കിയിലെ ബഥേൽഗ്രാമം, പന്നിയാർകുട്ടി എന്നിവിടങ്ങളിലെ ക്യാമ്പുകളിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തി.

ഭക്ഷ്ണസാമഗ്രികളുടെ വിതരണം : കുട്ടനാട് ഉൾപ്പെടെ വിവിധ ക്യാമ്പുകളിൽ ജീസസ് യൂത്ത് പ്രവർത്തകർ സമാഹരിച്ച ഭക്ഷണവിഭവങ്ങൾ വിതരണം ചെയ്തു.

കിറ്റ് വിതരണം : സ്കൂൾ കുട്ടികൾക്കുവേണ്ടി പേന, നോട്ട് ബുക്ക്, പെൻസിൽ, ഇൻസ്ട്രുമെന്റ് ബോക്സ് തുടങ്ങിയ സാധനങ്ങൾ ഉൾക്കൊള്ളുന്ന 600 കിറ്റുകൾ എട്ടു കാമ്പസുകളിൽനിന്നു ശേഖരിച്ച് നട്ടാശ്ശേരി, കൈനകരി എന്നീ സ്ഥലങ്ങളിൽ വിതരണം ചെയ്തു.

ദത്തെടുക്കൽ : ജീസസ് യൂത്ത് സംസ്ഥാന വ്യാപകമായി 13 ഗ്രാമങ്ങൾ ഒരു കൊല്ലത്തേക്ക് ദത്തെടുത്ത് ശുശ്രൂഷകൾ നിർവ്വഹിക്കുമ്പോൾ അവയിൽ നട്ടാശ്ശേരി, ബഥേൽ (ഇടുക്കി), പന്നിയാർകുട്ടി എന്നീ മൂന്നു ഗ്രാമങ്ങൾ പാലാ രൂപത ജീസസ് യൂത്ത് ദത്തെടുത്ത് ജാക്സൺ ചെറിയാന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**ഫാ. കുര്യൻ മറ്റം** (ചാപ്ലയിൻ)
**ഫാ. ജെയിംസ് മടിക്കാങ്കൽ** (പ്രീസ്റ്റ് ആനിമേറ്റർ)

# കുടുംബകൂട്ടായ്മ

**06-09-2018**

വ്യാഴാഴ്ച രാവിലെ 10 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മയുടെ രൂപതാ കൗൺസിൽ സമ്മേളനം നടന്നു. ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ, രൂപതാ റിസോഴ്സ് ടീം അംഗങ്ങൾ, ഫൊറോന കോർഡിനേറ്റേഴ്സ്, സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു. ജപമാലയ്ക്ക് ശേഷം രൂപതാ സെക്രട്ടറി ശ്രീ. ജോണി സിറിയക് വേലംകുന്നേൽ റിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് ഈ മാസത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി.

**08-09-2018**

മേവട ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ ക്ലാസ് എടുത്തു.

09-08-2018 രാവിലെ 7 മണിക്ക് തിടനാട് പള്ളിയിൽ ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ വിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്ന് കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്ക് ക്ലാസ്സെടുക്കുകയും ചെയ്തു.

**06-09-2018**

ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ ളാലം സെന്റ് മേരീസ് മഠത്തിന്റെ ചാപ്പലിൽ വച്ച് കുടുംബകൂട്ടായ്മ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി ദിവ്യ കാരുണ്യ ആരാധനയും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി. ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചനും രൂപതാ ഫൊറോന കൗൺസിൽ അംഗങ്ങളും റിസോഴ്സ് ടീം അംഗങ്ങളും പങ്കെടുത്തു.

**30-09-2018**

ഞായറാഴ്ച രാവിലെ 7 മണിക്ക് കടനാട് ഫൊറോന പള്ളിയിൽ ഡയറ ക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ വി. കുർബാനയർപ്പിക്കുകയും കുടും ബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് നടന്ന ഭാരവാ ഹികളുടെ മീറ്റിംഗിലും അച്ചൻ പ്രസംഗിച്ചു. അന്ന് വൈകുന്നേരം 5 മണി മുതൽ കടനാട് ഇടവകയിലെ 20 കുടുംബകൂട്ടായ്മകളിലും രൂപത റിസോഴ്സ് ടീം അംഗ ങ്ങൾ കുടുംബകൂട്ടായ്മയെക്കുറിച്ച് ക്ലാസ് എടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക കോഴ്സ്

### 1. കോഴ്സ് തീയതികളിൽ മാറ്റം

ഒക്ടോബർ 29,30,31 തീയതികളിൽ നടത്താനിരുന്ന വിവാഹ ഒരുക്ക കോഴ്സ് ഒക്ടോബർ 22,23, 24 തീയതികളിൽ നടത്തപ്പെടുന്നതാണ്.

### 2. സർട്ടിഫിക്കറ്റ്

സെപ്തംബർ 3 5 , 17 19 തിയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 253 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 3. രജിസ്ട്രേഷൻ

ഒക്ടോബർ 13, 22 24 തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജി സ്ട്രേഷൻ തുടരുന്നു. നവംബർ 12 14, 26 28 തിയതിയിൽ നടക്കുന്ന കോഴ്സുക ളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

### 4. പേരന്റ്സ് മീറ്റ്

സെപ്തംബർ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 390 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## B. മാതൃ-പിതൃവേദി സംയുക്തപ്രവർത്തനങ്ങൾ

### 1. ദുരിതാശ്വാസസഹായം - മുണ്ടാർ

പാലാ രൂപതാ ഫാമിലി അപ്പൊസ്തലേറ്റിന്റെ നേതൃത്വത്തിൽ മുണ്ടാറി ലെ പ്രളയബാധിതർക്ക് വീട്ടുപകരണങ്ങൾ വിതരണം ചെയ്തു. 300 കുടുംബ ങ്ങൾക്കാണ് വീട്ടിൽ ഉപയോഗിക്കാനാകുന്ന 12 ഉല്പന്നങ്ങൾ നൽകിയത്. മാ

തൃപിതൃ വേദികളുടെ സഹകരണത്തോടെയായിരുന്നു പരിപാടി. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ, പ്രേക്യുറേറ്റർ ഫാ. ജോസ് വള്ളോംപുരയിടം, ഫാമിലി അപ്പസ്തലേറ്റ് ഡയറക്ടർ റവ. ഡോ. അബ്രാഹം പാലയ്ക്കത്തടത്തിൽ, മലപ്പുറം പള്ളി വികാരി ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ, പിതൃവേദി രൂപത പ്രസിഡന്റ് ജോസ് ജോൺ കീലത്ത്, സെക്രട്ടറി ബെന്നി കോച്ചേരി, ഭാരവാഹികളായ അബ്രാഹം ഐരാറ്റുപടവിൽ, ഡോ. പി.ഡി ജോർജ്, മേഖലാ പ്രസിഡന്റുമാർ എന്നിവർ പങ്കെടുത്തു.

**2. കുറവിലങ്ങാട് മുത്തിയമ്മ തീർത്ഥാടനം**

മാതൃ പിതൃ വേദികളുടെ മേഖല കമ്മിറ്റിയുടെ സഹകരണത്തോടെ കുറവിലങ്ങാട് മുത്തിയമ്മ തീർത്ഥാടനം നടത്തി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ആർച്ച്പ്രീസ്റ്റ് റവ.ഡോ. ജോസഫ് തടത്തിൽ, ജോസ് ജോൺ കീലത്ത്, ബെന്നി കോച്ചേരി, വേറോനിക്ക ജോസഫ്, മേരിക്കുട്ടി അഗസ്റ്റിൻ, അബ്രാഹം ജോസഫ്, ജിജി ജോസ്, ഡോ. ചാർളി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. റവ.ഡോ. ജോസ് കോട്ടയിൽ ക്ലാസിന് നേതൃത്വം നൽകി. ആയിരത്തിലേറെപേർ ജപമാലയിൽ പങ്കെടുത്തു.

**3. പ്രബന്ധരചനാമത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി**

മാതൃപിതൃവേദി കമ്മിറ്റിയുടെ സഹകരണത്തോടെ നടത്തിയ രൂപതാതല പ്രബന്ധ രചന മത്സരവിജയികൾക്ക് മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മാനങ്ങൾ നൽകി. ആദ്യ മൂന്ന് സ്ഥാനങ്ങൾ യഥാക്രമം ശ്രീ. ഷിനു ആനത്താരക്കൽ, ശ്രീമതി ഷീന ബിനോയ് പള്ളിപ്പറമ്പിൽ, ശ്രീമതി ആൻസി ജോ കൊട്ടുകാപ്പള്ളിൽ എന്നിവർ നേടി. ആദ്യമൂന്ന് സ്ഥാനങ്ങൾക്ക് യഥാക്രമം 5,000, 3,000, 2,000 രൂപയുടെ കാഷ് അവാർഡും പാലാ തിരുഹൃദയമഠം പ്രൊവിൻഷ്യൽ ഹൗസ് നൽകിയ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ സ്മാരക ട്രോഫികളും വിതരണം ചെയ്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ജോസ് ജോൺ കീലത്ത്, ബെന്നി കോച്ചേരി, ഡോ. പി.ഡി ജോർജ്, വെറോനിക്ക ജോസഫ്, മേരിക്കുട്ടി അഗസ്റ്റിൻ, എസ് എച്ച് പ്രൊവിൻഷ്യാൾ റവ. സി. മെർലിൻ അരീപ്പറമ്പിൽ എന്നിവർ പങ്കെടുത്തു.

**4. അനുമോദിച്ചു**

പാലാ രൂപത ഫാമിലി അപ്പൊസ്തലേറ്റ് ഡയറക്ടറും പിതൃവേദി രൂപതാ ഡയറക്ടറുമായി സേവനം ചെയ്തുവരവെ പാലാ രൂപത വികാരി ജനറാളായി നിയമിതനായ റവ.ഡോ. സെബാസ്റ്റ്യൻ വേത്താനത്തിനെ മാതൃവേദി രൂപത സമിതിയുടെയും ഫാമിലി അപ്പൊസ്തലേറ്റിലെ വിവിധ കൂട്ടായ്മകളുടേയും സഹകരണത്തോടെ അനുമോദിച്ചു. പ്രസിഡന്റ് ജോസ് ജോൺ കീലത്ത് അധ്യക്ഷത വഹിച്ചു. റവ.ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, വേറോനിക്കാ ജോർജ്, ബെന്നി കോച്ചേരി, മേരിക്കുട്ടി അഗസ്റ്റിൻ, യുഗേഷ് പുളിക്കൽ എന്നിവർ പ്രസംഗിച്ചു.

**5. സ്വീകരണം നൽകി**

പാലാ രൂപത ഫാമിലി അപ്പൊസ്തലേറ്റ് ഡയറക്ടറായി ചുമതലയേറ്റ റവ.ഡോ. അബ്രാഹം പാലയ്ക്കത്തടത്തിന് മാതൃവേദി രൂപതാക്കമ്മിറ്റിയുടെ സഹകരണത്തോടെ സ്വീകരണം നൽകി. ജോസ് ജോൺ കീലത്ത് അധ്യക്ഷത വഹിച്ചു. യുഗേഷ് പുളിക്കൽ, ബെന്നി കോച്ചേരി, വെറോനിക്ക ജോസഫ്, മേരിക്കുട്ടി അഗസ്റ്റിൻ, സിജി ലൂക്ക്സൺ, സബീന മഠത്തിപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**6. യൂണിറ്റ് ആരംഭിച്ചു.**

കവീക്കുന്ന്, തകിടി ഇടവകകളിൽ പിതൃവേദി യൂണിറ്റ് തുടങ്ങുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**7. കുഞ്ഞച്ചൻ തീർത്ഥാടനം**

ഒക്ടോബർ 9-ാം തീയതി നേതൃത്വത്തിൽ രാമപുരത്തെ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കു അംഗങ്ങൾ തീർത്ഥാടനം നടത്തുന്നു. ഡയറക്ടർ ഫാ. ഷീൻ പാലയ്ക്കത്തടത്തിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകും.

**8. ഏകം ദമ്പതി ദർശന ധ്യാനം**

പാലാ രൂപത മുണ്ടുപാലം ഇടവകയിലെ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ കപ്പൂച്ചിൻ വൈദികർ നയിക്കുന്ന ഏകം ദമ്പതി ദർശന ധ്യാനം മുണ്ടുപാലം പള്ളിയിൽവച്ച് നടത്തപ്പെടുന്നതാണ്. എല്ലാ മാസവും ആദ്യ വെള്ളിയാഴ്ച കഴിഞ്ഞുള്ള ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 5.45 നുള്ള കുർബാനയോടെ ആരംഭിച്ച് രാത്രി 9.30ന് അവസാനിക്കുന്നു. ധ്യാന തീയതികൾ - ഒക്ടോബർ 6,7; നവംബർ 3,4; ഡിസംബർ 8,9. ധ്യാന ബുക്കിങ്ങിനു വിളിക്കേണ്ട നമ്പർ : 9447125983, 9446622170, 9400389729, 9446016363.

## C. മാതൃവേദി

**1. എട്ടുനോമ്പാചരണം**

അരുവിത്തുറ, കടനാട്, പൂഞ്ഞാർ, ചേർപ്പുങ്കൽ, ഭരണങ്ങാനം, തീക്കോയി, പ്രവിത്താനം, കുറവിലങ്ങാട്, കോതനല്ലൂർ, കൂട്ടിക്കൽ എന്നീ ഫൊറോനകളിൽ മേഖല സമിതിയുടെ നേതൃത്വത്തിൽ എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തി. രാമപുരം ഫൊറോനായിൽ അന്ത്യാളം; മുട്ടുചിറ ഫൊറോനായിൽ ഫാത്തിമാപുരം; കടുത്തുരുത്തി ഫൊറോനായിൽ മാന്നാർ; തുടങ്ങനാട് ഫൊറോനായിൽ സിബിഗിരി എന്നീ യൂണിറ്റുകളിലും മേഖലയുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകൾ നടന്നു.

**2. മിഷനറി ഭവൻ സന്ദർശനം**

രാമപുരം മേഖലയുടെ നേതൃത്വത്തിൽ രാമപുരം കുഞ്ഞച്ചൻ മിഷനറി ഭവൻ സന്ദർശിച്ചു അവർക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും അവരോടൊത്തു ഉച്ചഭക്ഷണം കഴിക്കുകയും ചെയ്തു.

**3. കൂപ്പൺ നറുക്കെടുപ്പ്**

ഇലഞ്ഞി ഫൊറോനയുടെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾ നടത്തിയ കൂപ്പൺ നറുക്കെടുപ്പിൽ രൂപത ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ പങ്കെടുക്കുകയും നറുക്കെടുപ്പ് ഉദ്ഘാടനം നടത്തുകയും ചെയ്തു.

**4. യൂണിറ്റ് ആരംഭിച്ചു.**

പാലക്കാട്ടുമല, തകിടി ഇടവകകളിൽ മാതൃവേദി യൂണിറ്റ് തുടങ്ങുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

## D. പ്രൊ-ലൈഫ് സമിതി

**1. ദുരിതാശ്വാസസഹായം നൽകി**

പാലാ രൂപത പ്രൊ ലൈഫ് സമിതി പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിലും ദുരിതമനുഭവിച്ച വീടുകളിലും അഞ്ചു തവണയായി അത്യാവശ്യസാധനങ്ങൾ എത്തിച്ചുകൊടുത്തു. പ്രധാനമായും വെളിയനാട്, ചമ്പക്കുളം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണു പ്രവർത്തിച്ചത്. പ്രൊലൈഫ് സമിതി ആനിമേറ്റർ സി. ആനി ജോർജ് നേതൃത്വം നൽകിക്കൊണ്ട് ആശുപത്രികൾ സന്ദർശിക്കുകയും രോഗികളെ ആശ്വസിപ്പിക്കുകയും ചെയ്തു.

## E. ഹോംമിഷൻ

**1. മൂന്നിലവ്**

മൂന്നിലവ് ഇടവകയിൽ ഹോം മിഷനോട് അനുബന്ധിച്ചു ഓഗസ്റ്റ് 26-നു റവ.ഫാ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. 2 മുതൽ ആരംഭിച്ച ഹോം മിഷൻ 18-നു അവസാനിച്ചു. സെപ്തംബർ 16-ാം തീയതി പുതിയ ഡയറക്ടർ ഫാ. ഷീൻ പാലയ്ക്കാത്തടത്തിൽ ഹോം മിഷൻ അംഗങ്ങളെ സന്ദർശിച്ചു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

## G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ , ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയ

ങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ - 9496571321

## H. മംഗല്യനിധി

**1. മംഗല്യനിധി സംഭാവന 1,22,000 രൂപാ**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായ പദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം സിബിഗിരി, പെരിങ്ങുളം, മംഗളാരാം, ഉാലം പഴയപള്ളി, വെള്ളിയാമറ്റം, അന്തീനാട്, മല്ലികശ്ശേരി, കൊഴുവനാൽ, കരൂർ, പാലക്കാട്ടുമല, കുറവിലങ്ങാട്, തുരുത്തിപ്പള്ളി, ഇടപ്പാടി, മുത്തോലി, തുടങ്ങനാട് എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായമായി 1,22,000 രൂപാ നൽകി.

**ഫാ. ഷീൻ പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**1. റബർ വിഷയത്തിൽ കത്തോലിക്കാ കോൺഗ്രസ് സമരത്തിന്**

റബർ വിലയിടിവിലും കാർഷികവിരുദ്ധ നയങ്ങളിലും പ്രതിഷേധിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് വീണ്ടും സമരരംഗത്ത്. 'ഗ്രാമങ്ങളിൽ സമരമുഖം തുറക്കൽ' പരിപാടിയുമായി രൂപതയിലെ വിവിധ ഇടവകകേന്ദ്രങ്ങളിലും പ്രധാനപ്പെട്ട മറ്റ് കേന്ദ്രങ്ങളിലുമായി കർഷകധർണ്ണകൾ സംഘടിപ്പിക്കുന്നു. ഇതിന്റെ രൂപതാതല ആരംഭം കുടക്കച്ചിറയിൽ നടത്തപ്പെട്ടു. കുടക്കച്ചിറ പോസ്റ്റോഫീസിന്റെ മുമ്പിൽ നടത്തപ്പെട്ട കർഷകധർണ്ണ ഫാ.മാത്യു കാലായിൽ ഉദ്ഘാടനം ചെയ്തു. ഗ്രാമങ്ങളിൽ സമരമുഖം തുറക്കലിന്റെ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും രൂപതാഡയറക്ടർ ഫാ.ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവ്വഹിച്ചു. രൂപതാപ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, സംസ്ഥാന വൈസ്പ്രസിഡന്റ് സാജു അലക്സ്, ജോർജ് പുളിങ്കാട്, സണ്ണി നായിപുരയിടം, ഔസേപ്പച്ചൻ വെട്ടിക്കൽ തുടങ്ങിയവർ അഭിസംബോധന ചെയ്തു പ്രസംഗിച്ചു.

**2. മാധ്യമ അജണ്ടകൾക്കെതിരെ പ്രതിഷേധയോഗം**

സമീപകാലത്ത് ഉണ്ടായ ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ കത്തോലിക്കാസഭയെയും സഭാനേതൃത്വത്തെയും അനാവശ്യമായി ആക്രമിക്കുകയും മാധ്യമവിചാരണ നടത്തുകയും ചെയ്യുന്ന ഗൂഢാലോചനക്കെതിരെ കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതി പ്രതിഷേധയോഗം നടത്തി. സഭ നൂറ്റാണ്ടുകളിലായി ചെയ്തുകൊണ്ടിരിക്കുന്ന നന്മകളും സേവനങ്ങളും നശിപ്പിക്കാനുള്ള നീക്കം ഗൂഢോദ്ദേശ്യത്തോടുകൂടിയാണെന്ന് യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് രൂപതാഡയറക്ടർ ഫാ.ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ പറഞ്ഞു. തുടർച്ചയായി ഒരു വിഷയത്തിൽതന്നെ മാധ്യമചർച്ചകൾ സംഘടിപ്പിച്ചുകൊണ്ട്, മാധ്യ

മങ്ങൾ അവരുടെ ഇഷ്ടക്കാരായ സഭാവിരുദ്ധരെയും സംഘടനകളെയും കൂട്ടുപിടിച്ചുകൊണ്ട് നടത്തുന്ന വൈകൃതമായ ചർച്ചകളും വിചാരണകളും അവസാനിപ്പിക്കണമെന്ന് യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. രാജ്യത്തിന്റെ നിയമങ്ങൾ അനുസരിച്ച് തെറ്റ് ചെയ്തവർ ആരായാലും ശിക്ഷിക്കപ്പെടണം. അതിന്റെ മറവിൽ നടത്തുന്ന ദുരുദ്ദേശ്യപരമായ നീക്കങ്ങൾക്കെതിരെ 'ജാഗ്രതാ' സമിതികൾ രൂപീകരിച്ച് രൂപതാസമിതി പ്രവർത്തനം ആരംഭിച്ചു. ഇതിനായി പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചു. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇമ്മാനുവൽ നിധീരി, സാജു അലക്സ്, സാബു പൂണ്ടിക്കുളം എന്നിവർ പ്രസംഗിച്ചു.

**3. സോഷ്യൽ മീഡിയാ കോർഡിനേറ്റേഴ്സ്**

സോഷ്യൽ മീഡിയായിൽ സജീവമായി ഇടപെടുന്നതിനും സംഘടനയുടെ നിലപാടുകൾ അവതരിപ്പിക്കുന്നതിനായി ജോൺസൺ ചെറുവള്ളി, ഡെന്നി പാണ്ടിയാൽ, ബേബിച്ചൻ എടേട്ട്, ജോയി കെ.മാത്യു എന്നിവരുടെ നേതൃത്വത്തിൽ സോഷ്യൽമീഡിയ കമ്മിറ്റി രൂപീകരിച്ചു.

**4. പ്രളയദുരന്തത്തിൽ വീണ്ടും ഇടപെടൽ**

കേരളത്തിലെ മഹാപ്രളയദുരന്തത്തിൽ ശക്തമായതും നിരന്തരമായതുമായ ഇടപെടൽ കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതി നടത്തി. ഇപ്പോൾ കുട്ടനാട്ടിലും റാന്നിയിലും ചെങ്ങന്നൂരിലും ക്ലീനിംഗ് പ്രവർത്തനങ്ങളിൽ ഭാരവാഹികളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരികയാണ്. ഓരോസ്ഥലങ്ങളിലും വ്യത്യസ്ത ടീമികളുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ കൈനകരി, ചങ്ങനാശ്ശേരി ഭാഗത്തെ ആളുകൾക്ക് അരിയുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ, നിത്യാപയോഗസാധനങ്ങൾ എന്നിവ വിതരണം ചെയ്തുവരുന്നു. നേരത്തെ രൂപതാസമിതിയുടെ നേതൃത്വത്തിൽ പല സ്ഥലങ്ങളിലായി 50-ൽ പരം പിക്ക്അപ്പ് ലോറികളിലും മറ്റു വാഹനങ്ങളിലുമായി വിവിധദിവസങ്ങളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തിരുന്നു. ഈ സഹായവിതരണത്തിൽ 100-ൽപരം യൂണിറ്റുകൾ സജീവ ഭാഗഭഗത്വം വഹിച്ചു. കൂടാതെ വിവിധ ദിവസങ്ങളിൽ ഭാരവാഹികളുടെ നേതൃത്വത്തിൽ ദുരിതാശ്വാസക്യാമ്പുകൾ സന്ദർശിക്കുയും വേണ്ട സഹായങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ഈ യജ്ഞങ്ങളിൽ സഹകരിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദിയർപ്പിക്കുന്നു. ഇതിന്റെ അവലോകനയോഗം ഒക്ടോബർ 6-ന് രൂപതാ ഓഫീസിൽവച്ച് നടത്തപ്പെടുന്നതാണ്.

**ഇമ്മാനുവേൽ നിധീരി** (ജന. സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. പ്രളയദുരിതം: സഹായ ഹസ്തവുമായി P.S.W.S**

**ധനസഹായം**

സ്വാശ്രയസംഘം കർഷകരുടെ ഫെഡറേഷനുകളിൽ നിന്നുമായി ദുരിതാശ്വാസപ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി 54 ഇടവകകളിൽ നിന്ന്

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയെ 204000/- രൂപാ ഏല്പിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് വിവിധ സ്ഥലങ്ങളിൽ ദുരിതാശ്വാസസഹായ സാധനങ്ങൾ വിതരണം ചെയ്തു.

സ്വാശ്രയസംഘം/കർഷകദള ഫെഡറേഷനുകൾ ദുരിതാശ്വാസത്തിനായി P.S.W.S-ൽ ഏൽപ്പിച്ച സാധനങ്ങൾ

മൂന്നാനി : 45 കിലോ അരി, കപ്പ, തേങ്ങ, വെള്ളം, ആട്ട
ചേർപ്പുങ്കൽ : ഡെറ്റോൾ, മെഡിസിൻ, സോപ്പ്, സാനിട്ടറി പാഡ്
അന്തീനാട് : 65 കിലോ അരി, ഷർട്ട്, തിരി, പഞ്ചസാര, വെള്ളം, ആട്ട, ബിസ്കറ്റ്, തുണിത്തരങ്ങൾ, ബ്രഷ്, പേസ്റ്റ്, സോപ്പ്
കുറുമണ്ണ് : അരി 30 കിലോ, കൊതുകുവല, തോർത്ത്, പായ, സോപ്പ്, ലോഷൻ, ബ്രഷ്
മൂന്നിലവ് : അരി 100 കിലോ
മറ്റത്തിപ്പാറ : അരി 20 കിലോ, ബിസ്ക്കറ്റ്, പഞ്ചസാര, ഗോതമ്പുപൊടി
ഇലഞ്ഞി : അരി 20 കിലോ, ബിസ്ക്കറ്റ്, റെസ്ക്, ന്യൂഡിൽസ്, പായ, പുതപ്പ്, ബെഡ്ഷീറ്റ്, വാഴക്കുല, തുണിത്തരങ്ങൾ
പൈക : ബ്രഡ്, ചപ്പാത്തി, പാൽപ്പൊടി
ജോസ്ഗിരി : അരി 650 കിലോ, സ്നാക്സ്, വെള്ളം, പഞ്ചസാര, അച്ചാർ, മസാലപ്പൊടി
ചക്കാമ്പുഴ : അരി 20 കിലോ
മുണ്ടാങ്കൽ : അരി 50 കിലോ, തേങ്ങ, കാപ്പിപ്പൊടി, പയർ, പഞ്ചസാര, സോപ്പ്, സോപ്പുപൊടി
മണിയംകുന്ന് : അരി 150 കിലോ, പഞ്ചസാര, അവൽ, ആട്ട, റവ, തുണിത്തരങ്ങൾ, ബ്രഷ്, പേസ്റ്റ്, ഫിനോയിൽ
മറ്റക്കര : അരി 20 കിലോ, പയർ, വെളിച്ചെണ്ണ, കാപ്പിപ്പൊടി, കറിപ്പൊടികൾ
സേവ്യർപുരം : അരി 20 കിലോ, വാഴക്കുല, തേങ്ങ, ചേന, തുണിത്തരങ്ങൾ
പാലാ : ചപ്പാത്തി, തോർത്ത്, ലുങ്കി
ചിറ്റാർ : അരി 10 കിലോ
കടപ്ലാമറ്റം : തുണിത്തരങ്ങൾ
മണ്ണയ്ക്കനാട് : അരി 10 കിലോ, ബിസ്ക്കറ്റ്, പേസ്റ്റ്
കാഞ്ഞിരമറ്റം : സോപ്പ്, അണുനാശിനി, ക്ലോറിൻ
ഉദയഗിരി : അരി 150 കിലോ
ഫാത്തിമാപുരം : അരി 50 കിലോ
കുറവിലങ്ങാട് : അരി 50 കിലോ
ജയ്ഗിരി : അരി 50 കിലോ
മോനിപ്പള്ളി : പഞ്ചസാര, സോപ്പ്, പയർ വർഗ്ഗങ്ങൾ
കളത്തൂർ : അരി 30 കിലോ, വാഴക്കുല, സവോള, കിഴങ്ങ്
കോതനല്ലൂർ : അരി 50 കിലോ, സവാള
വേദഗിരി : അരി 50 കിലോ, പഞ്ചസാര, പയർ

മണ്ണാറപ്പാറ : പഞ്ചസാര, പയർ, പരിപ്പ്, തേയില
മാൻവെട്ടം : അരി 50 കിലോ, പഞ്ചസാര, പയർ, കടല
നമ്പ്യാകുളം : അരി 50 കിലോ
ചെമ്മലമറ്റം : അരി 500 കിലോ, ബ്രഡ്, ബിസ്ക്കറ്റ്, റസ്ക്, ന്യൂഡിൽസ്, പഞ്ചസാര, പഴം, എണ്ണ, ആട്ട, കടല, പയർ, പരിപ്പ്, റവ, പായ, അരിപ്പൊടി, കാപ്പിപ്പൊടി പേസ്റ്റ്, ബ്രഷ്, സോപ്പ്, മെഡിസിൻ.
പൂഞ്ഞാർ : അരി 1360 കിലോ, ബിസ്ക്കറ്റ്, റവ, വാഴക്കുല, തേങ്ങ, തിരി, നാപ്കിൻ, വെള്ളം, പഞ്ചസാര, അവൽ, പയർ, പപ്പടം, അച്ചാർ, ശർക്കര, മൈദ, എണ്ണ, വസ്ത്രങ്ങൾ, സോപ്പ്, ബ്രഷ്, മെഡിസിൻ
മണ്ണാറപ്പാറ : അരി 20 കിലോ, ബിസ്ക്കറ്റ്, റസ്ക്, തുണിത്തരങ്ങൾ, വൻപയർ, വെള്ളം, അവൽ, തേങ്ങ, പഞ്ചസാര
കൂത്താട്ടുകുളം: ബെഡ്ഷീറ്റ്, ലുങ്കി, നൈറ്റി, ഷീറ്റ്
മലയിഞ്ചിപ്പാറ : അരി 180 കിലോ, ചെറുപയർ, എണ്ണ
കുന്നോന്നി : അരി 170 കിലോ
മല്ലികശ്ശേരി : 440 കിലോ അരി
അമ്പാറനിരപ്പേൽ : 220 കിലോ അരി
രാമപുരം : ഡ്രസ്സുകൾ
ജയഗിരി : ഡ്രസ്സുകൾ

**2. ദുരിതാശ്വാസ സഹായങ്ങൾ വിതരണം ചെയ്ത സ്ഥലങ്ങൾ**

ചമ്പക്കുളം, ചങ്ങനാശ്ശേരി ചെമ്പ്, ചങ്ങനാശ്ശേരി തകഴി, കരുവാറ്റ, ചെമ്പുപുറം, കുമരകം, പെരുന്തുരുത്ത്, മലപ്പുറം, ആയാംകുടി, എഴുമാംതുരുത്ത്, പുലിത്തുരുത്ത്, തിരുവല്ല, ചങ്ങനാശ്ശേരി, വിജയപുരം, ഇടുക്കി രൂപത, നെടുംപുഴ പള്ളി, തൃശൂർ, മുരിങ്ങൂർ, കോതമംഗലം, പുത്രക്കരി, കാവാലി, പുന്നവേലി, മാന്നാർ, പെരുംതുരുത്ത്, കല്ലറ എൻ.എസ്.എസ്., തലയോലപ്പറമ്പ്, പള്ളാത്തുരുത്തി പള്ളി എന്നീ സ്ഥലങ്ങളിൽ അരിയുൾപ്പെടെ വിവധ ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ ആവശ്യവസ്തുക്കൾ എന്നിവ വിതരണം ചെയ്തു.

**3. ദുരിതാശ്വാസ സന്നദ്ധപ്രവർത്തനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സ്റ്റാഫ് അംഗങ്ങൾ റാന്നി, കുട്ടനാട് ചേന്നങ്കരി, ചമ്പക്കുളം, മുരിങ്ങൂർ എന്നീ സ്ഥലങ്ങളിൽ സന്നദ്ധപ്രവർത്തനം നടത്തി.

**4. പ്രളയദുരിതം അതിജീവന സെമിനാർ: തേനീച്ചവളർത്തൽ പരിശീലനം**

കേരളം നേരിട്ട പ്രളയദുരിതത്തിന് ശേഷം ദുരിതാശ്വാസപ്രവർത്തനപരിപാടിയുടെ ഭാഗമായി കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ അതിജീവന സെമിനാർ വാരാഘോഷത്തിന്റെ ഭാഗമായി പാലാ സോഷ്യൽവെൽഫെയർ സൊസൈറ്റിയുടെ സഹകരണത്തോടെ തീക്കോയി സെന്റ് മേരീസ് പാരീഷ്ഹാളിൽവച്ച് സൗജന്യ തേനീച്ചവളർത്തൽ പരിശീലനം സംഘടിപ്പിച്ചു. തീക്കോയി ഫൊറോനാപ്പള്ളി വികാരി ഫാ.ജോസഫ് കിഴക്കേക്കരയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽവച്ച് തീക്കോയി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

ഷാജൻ പുറപ്പന്താനം പരിശീലനം ഉദ്ഘാടനം ചെയ്തു. കുമരകം കൃഷി വിജ്ഞാനകേന്ദ്രം ടെക്നിക്കൽ ഓഫീസർ ജോളി ജോസഫ് ക്ലാസ്സ് നയിച്ചു. ഫാ. കുര്യാക്കോസ് വട്ടമുകളേൽ, പി.വി. ജോർജ് പുരയിടത്തിൽ, സിബി കണിയാംപടി, ജോയി മടിയ്ക്കാങ്കൽ, ജയ്സി മാത്യു മൂലേച്ചാലിൽ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**5. മത്സ്യകൃഷി സെമിനാർ**

ചെറുകിട മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് മത്സ്യകൃഷി സെമിനാർ സംഘടിപ്പിച്ചു. P.S.W.S ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ജോസ് കെ.മാണി M.P ഉദ്ഘാടനം ചെയ്തു. അന്താരാഷ്ട്ര കായൽകൃഷി ഗവേഷണപരിശീലനകേന്ദ്രം ഡയറക്ടർ ഡോ.കെ.ജി. പത്മകുമാർ ക്ലാസ്സ് നയിച്ചു. 200 അംഗങ്ങൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

**6. ശീതകാല പച്ചക്കറി തൈ വിതരണം**

പാലാ സോഷ്യൽവെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കാബേജ്, കാപ്സിക്കം, കോളിഫ്ളവർ, തക്കാളി, പാവൽ, വെണ്ട, ചീനി, പടവലം, കുക്കുമ്പർ, തുടങ്ങിയ ഇനം പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നു.

**7. അടുക്കളത്തോട്ടം മത്സരം**

P.S.W.S ന്റെ വിവിധ സോണുകളുടെ ആഭിമുഖ്യത്തിൽ അടുക്കളത്തോട്ടമത്സരം സ്വാശ്രയസംഘം കർഷകദളം അംഗങ്ങൾക്കായി സംഘടിപ്പിക്കുന്നു.

**8. ഓണച്ചന്ത നടത്തി**

P.S.W.S ന്റെ സഹകരണത്തോടെ പിറവം സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഓണച്ചന്തനടത്തി. യൂണിറ്റിന്റെ ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. യൂത്ത് റിസോഴ്സ് ട്രെയിനിംഗ് ക്യാമ്പ്**

2018 സെപ്തംബർ 7,8,9 തീയതികളിൽ മുണ്ടുപാലം ബ്ലസഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് യുവജനങ്ങൾക്കുള്ള ക്യാമ്പ് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിശ്വാസപരിശീലനകേന്ദ്രം രൂപതാ ഡയറക്ടർ ഫാ. തോമസ് മേനാച്ചേരിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു സ്വാഗതമാശംസിച്ചു. ഫാ. മാത്യു പുതിയിടത്ത്, ഫാ. സ്കറിയ വേകത്താനം, ശ്രീ. സിജു സെബാസ്റ്റ്യൻ കൈമാനാൽ, ശ്രീ. ജോസ് സി. ഉരുളേൽ എന്നിവർ ക്യാമ്പിന് ക്ലാസ്സെടുത്തു. ഓർഗനൈസർ പി.ഒ. പീറ്റർ, നീതുമോൾ ബാബു, ആൽവിൻ മാത്യു, അഞ്ജുമോൾ ജോസഫ്, സജന സണ്ണി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

**2. ഉദ്യോഗസ്ഥ മീറ്റിംഗ്**

2018 സെപ്തംബർ 9-ാം തീയതി ഉച്ചകഴിഞ്ഞ് 2 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉദ്യോഗസ്ഥസമ്മേളനം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു, ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, സെക്രട്ടറി ജോണി പരമല, മറ്റ് രൂപതാ കമ്മറ്റിയംഗങ്ങൾ എന്നിവർ മീറ്റംഗിൽ പങ്കെടുത്തു.

**3. രൂപതാ കമ്മിറ്റി**

2018 സെപ്തംബർ 13-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 2 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ കമ്മിറ്റി നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിൽ മുഖ്യസന്ദേശം നൽകി.

**4. ഉദ്യോഗസ്ഥ - ഉദ്യോഗാർത്ഥി മീറ്റിംഗ്**

2018 സെപ്തംബർ 16-ാം തീയതി രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. ശ്രീമതി എൻ.ഡി. സെലിൻ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു ഓർഗനൈസർ പി.ഒ. പീറ്റർ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു.

**5. സംസ്ഥാന ഭാരവാഹികളുടെ രൂപതാസന്ദർശനം**

2018 സെപ്തംബർ 16-ാം തീയതി 2 pm ന് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ രൂപതാ കൗൺസിൽ യോഗം രൂപതാ വികാരി ജനറൽ വെരി. റവ.ഡോ. ജോസഫ് കുഴിഞ്ഞാലിൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ശ്രീമതി എൻ.ഡി. സെലിൻ സ്വാഗതം പറഞ്ഞു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കൽ, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. എൻ. ദേവദാസൻ, ട്രഷറർ ശ്രീ. ജോർജ് പള്ളിത്തറ എന്നിവർ രൂപതാ പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിച്ചു. ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ ശ്രീ. ജോയി മാത്യു എന്നിവർ സംസാരിച്ചു.ഡ

**6. യൂണിറ്റ് രൂപീകരിച്ചു- തിടനാട്**

2018 സെപ്തംബർ 2-ാം തീയതി 2 pm ന് തിടനാട് പള്ളി ഹാളിൽ വികാരി ഫാ. മൈക്കിൾ നരിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ദളിത് കത്തോലിക്കാ കുടുംബാംഗങ്ങളുടെ യോഗത്തിൽ വച്ച് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യൂണിറ്റ് പ്രവർത്തന ഉദ്ഘാടനം നടത്തി. പുതിയ ഭാരവാഹികളേയും കമ്മറ്റിയംഗങ്ങളെയും തിരഞ്ഞെടുത്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു, ഓർഗനൈസർ പി.ഒ. പീറ്റർ എന്നിവർ ഡി.സി.എം.എസ്. സംഘടനാ പ്രവർത്തനങ്ങളേക്കുറിച്ചും സംസാരിച്ചു.

**7. ഉള്ളനാട് യോഗം**

2018 സെപ്തംബർ 9-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഉള്ളനാട് പള്ളി വികാരി ഫാ. ജോസ് കോട്ടയിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ദളിത് കത്തോലിക്കാ കുടുംബാംഗങ്ങളുടെ യോഗത്തിൽ വച്ച് രൂപതാ ഡയറക്ടർ ഫാ. ജോസ്

വടക്കേക്കുറ്റ് യൂണിറ്റ് പ്രവർത്തനം ഉദ്ഘാടനം ചെയ്തു. രൂപതാ ഓർഗനൈസർ പി.ഒ. പീറ്റർ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസെടുത്തു.

**8. സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസ്**

സ്കൂളിൽ 5-ാം ക്ലാസ് മുതൽ 9-ാം ക്ലാസുവരെ പഠിക്കുന്ന ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടി സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസ് നടത്തുന്നതിന് സെലക്ഷൻ ടെസ്റ്റ് 2018 ആഗസ്റ്റ് 28, സെപ്തംബർ 8 എന്നീ ദിവസങ്ങളിൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. ടെസ്റ്റിൽ പങ്കെടുത്ത 212 കുട്ടികളിൽനിന്ന് 120 കുട്ടികളെ 3 ബാച്ചുകളായി തെരഞ്ഞെടുത്ത് സെപ്തംബർ 20,21 തീയതികളിൽ ക്ലാസ് ആരംഭിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപതാ ഭാരവാഹികൾ, വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ - അനദ്ധ്യാപകർ എന്നിവർ കോച്ചിംഗ് ക്ലാസിനു നേതൃത്വം നൽകും. ശ്രീ. ജോർജ് കരുണയ്ക്കൽ, ശ്രീ. ജിൻസ് എന്നിവർ കോച്ചിംഗിന് നേതൃത്വം നൽകുന്നു. അടുത്ത ക്ലാസ് ഒക്ടോബർ 2,18,19 തീയതികളിലായിരിക്കും.

**9. അനുശോചനം അറിയിച്ചു.**

ഡി.സി.എം.എസ്. മുൻ രൂപതാ വൈസ് പ്രസിഡന്റും കാഞ്ഞിരത്താനം യൂണിറ്റ് പ്രസിഡന്റുമായ പി.വി. വർക്കി പുതിയാപറമ്പിൽ, രൂപതാ കമ്മറ്റിയംഗവും പാസ്റ്ററൽ രൂപതാ കമ്മറ്റിയംഗവും പാസ്റ്ററൽ കൗൺസിൽ അംഗവുമായ ബാബു പീറ്ററിന്റെ പിതാവിന്റെ അമ്മ, മാൻവെട്ടം ഇടവകാംഗമായ മർക്കോസ് ഞാറക്കാട്ടിൽ എന്നിവരുടെ നിര്യാണത്തിൽ ഡി.സി.എം.എസ്. രൂപതാ സമിതി അനുശോചിച്ചു. രൂപതാ ഡയറക്ടറും ഭാരവാഹികളും പരേതരുടെ ഭവനത്തിലെത്തി ഒപ്പീസും പ്രാർത്ഥനയും നടത്തി, റീത്തു സമർപ്പിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു.**

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന ജനതയ്ക്ക് കൈത്താങ്ങായി കടപ്ലാമറ്റം മേരിമാതാ പബ്ലിക് സ്കൂൾ, പയ്യാനിത്തോട്ടം ഹോളി സ്പിരിറ്റ് പബ്ളിക് സ്കൂൾ നിരവധി നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. കെയർഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം സാധനങ്ങൾ ഏറ്റുവാങ്ങി.

**2. വിതരണം ചെയ്തു.**

കെയർ ഹോംസ് മുഖേന സമാഹരിച്ച സാധനങ്ങൾ പ്രളയക്കെടുതി അനുഭവിച്ചവർക്കും പാവപ്പെട്ടവർക്കുമായി വിതരണം ചെയ്തു.

**3. കലോത്സവം റദ്ദാക്കി**

കെയർഹോംസിന്റെ ആഭിമുഖ്യത്തിൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നടത്താനിരുന്ന കലോത്സവം പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ റദ്ദാക്കി.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. സി.ബി.എസ്.ഇ. ഒറ്റപെൺകുട്ടി മെറിറ്റ് സ്കോളർഷിപ്പ്**

ഒറ്റ പെൺകുട്ടികൾക്ക് സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ നൽകുന്ന സ്കോളർഷിപ്പിനും സ്കോളർഷിപ്പ് പുതുക്കലിനും ഒക്ടോബർ അഞ്ചിന് അപേക്ഷ സമർപ്പിക്കുന്നു. സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷ 60 ശതമാനം മാർക്കോടെ പാസായവരും ഇപ്പോൾ പ്ലസ് വണ്ണിനു പഠിച്ചുകൊണ്ടിരിക്കുന്നവരുമായിരിക്കണം. അപേക്ഷ മാതാപിതാക്കളുടെ ഒറ്റപെൺകുട്ടി ആയിരിക്കണം. മറ്റു സഹോദരങ്ങൾ ഉണ്ടായിരിക്കരുത്. വെബ്സൈറ്റ് http://cbse/nic.in.

**2. ശാസ്ത്രപഠനത്തിന് പ്രതിഭാ സ്കോളർഷിപ്പ്**

ഹയർ സെക്കണ്ടറി പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്ക് അപേക്ഷിക്കാം. അപേക്ഷയുടെ വിശദവിവരങ്ങൾ www.ksste.kerala.gov.in /Ph. 0471-2548208/2548346.

**3. കേന്ദ്രസർവ്വീസിൽ 1136 ഒഴിവ്**

കേന്ദ്ര സർവ്വീസിൽ വിവിധ തസ്തികയിലെ ഒഴിവുകളിലേക്ക് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ അപേക്ഷ ക്ഷണിച്ചു. ലബോറട്ടറി അസിസ്റ്റന്റ്, നാവിഗേഷണൽ അസിസ്റ്റന്റ്, സ്റ്റോർ കീപ്പർ കം കെയർടേക്കർ, ലബോറട്ടറി അറ്റൻഡന്റ്. വിശദവിവരങ്ങൾക്ക് www.ssconline.nic.in.

**4. കുഫോസിൽ ലാബ് അസിസ്റ്റന്റ്**

കൊച്ചി പനങ്ങാട് ആസ്ഥാനമായുള്ള കേരള ഫിഷറീസ് -സമുദ്രപഠന സർവ്വകലാശാലയിൽ ലാബ് അസിസ്റ്റന്റിന്റെ മൂന്നു ഒഴിവുണ്ട്. യോഗ്യത. സയൻസ് അല്ലെങ്കിൽ അഗ്രികൾച്ചറൽ/ഫിഷറീസ് വിഷയങ്ങളോടെയുള്ള പ്ലസ്ടു. വിശദവിവരങ്ങൾക്ക് http:\\wwwkufos.ac.in

**5. സെബിയിൽ 120 അസിസ്റ്റന്റ് മാനേജർ**

സെക്യൂരിറ്റീസ് ആൻഡ് എക്സേഞ്ച് ബോർഡ് ഓഫ് ഇന്ത്യയിൽ ഓഫീസർ ഗ്രേഡ് എ തസ്തികയിൽ വിവിധ വിഭാഗങ്ങളിലായി 120 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ജനറൽ 84, ലീഗൽ 18, ഇൻഫർമേഷൻ ടെക്നോളജി 8, എഞ്ചിനീയറിംഗ്, സിവിൽ 5, ഇലക്ട്രിക്കൽ 5 എന്നിങ്ങനെയാണ് ഓരോവിഭാഗത്തിലും ഒഴിവുകൾ. അപേക്ഷ https:/www/sebi.gov.in എന്ന വെബ്സൈറ്റിൽനിന്ന് ലഭിക്കുന്നതാണ്.

**6. എസ്.ബി.ഐ.യിൽ സ്പെഷിലിസ്റ്റ് ഓഫീസർ**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ സ്പെഷ്യലിസ്റ്റ് കേഡർ ഓഫീസർമാരെ നയമിക്കുന്നു. ഡെപ്യൂട്ടി മാനേജർ (സെക്യൂരിറ്റി) ഫയർ ഓഫീസർ (21 ഒഴിവ്) എന്നീ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായം 35നും 62 നും

ഇടയിൽ. വിശദവിവരങ്ങൾക്ക് www.banksbi/careers അല്ലെങ്കിൽ www.sbi.co.in.

**7. പൊതു മേഖലാ ബാങ്കുകളിൽ 7725 ഒഴിവുകൾ**

പൊതുമേഖലാ ബാങ്കുകളിലെ ക്ലാർക്ക് തസ്തികയിലെ നിയമനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിംഗ് പേഴ്സണൽ വെക്കേഷൻ (ഐബിപിഎസ്.) നടത്തുന്ന പൊതുപരീക്ഷയ്ക്ക് (CWE) അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ പരീക്ഷയാണ് നടത്തുന്നത്. പ്രിലിമിനറി പരീക്ഷ ഡിസംബർ എട്ട്, ഒമ്പത്, 15,16 തീയതികളിൽ നടക്കും. ഒക്ടോബർ 10 വരെ അപേക്ഷ സമർപ്പിക്കാം. പ്രായം 20-28 വയസ്സ്. അപേക്ഷ www.ibps.in എന്ന വെബ്സൈറ്റുകൂടി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാം.

**8. ഒഡെപെക് സൗദി ആരോഗ്യമന്ത്രാലയത്തിലേക്ക് നേഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നു.**

സൗദി അറേബ്യൻ സർക്കാർ ആരോഗ്യമന്ത്രാലയത്തിന്റെ കീഴിൽ റിയാദിലുള്ള കിംഗ് സൗദ് മെഡിക്കൽ ആശുപത്രിയിലേക്ക് നിയമനത്തിനായി ഇന്റേൺഷിപ്പ് കൂടാതെ രണ്ടു വർഷത്തിൽ കുറയാത്ത സേവനപരിചയമുള്ള ബി.എസ്.സി. / എം.എസ്.സി./ പി.എച്ച്.ഡി. നേഴ്സുമാരെ സ്ത്രീകൾമാത്രം) തെരഞ്ഞെടുക്കുന്നു. ഇന്റർവ്യൂ ഒക്ടോബർ 28,29,30,31 തീയതികളിൽ ഡൽഹിയിൽ നടക്കും. ബയോഡാറ്റ 30-നകം sandimon.ofdpcgmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണം. വിശദവിവരങ്ങൾക്ക് www.odepc.kerala.gov.in സന്ദർശിക്കുക.

*(ഈ വിവരങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ.)*

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

---

# അഡാർട്ട്

---

**1. ബോധവത്ക്കരണ ക്ലാസുകൾ**

ചേർപ്പുങ്കൽ (ഓഗസ്റ്റ് 5), ഡേവിസ് നഗർ (സെപ്തംബർ 5), ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, പാലാ (സെപ്തംബർ 7) ഡി.സി.എം.എസ്. റിസോഴ്സ് ടീം (സെപ്തംബർ 9) തമ്പലക്കാട് (സെപ്തംബർ 14) മൂങ്ങാമാക്കൽ (സെപ്തംബർ 18) ഇടമറ്റം (സെപ്തംബർ 20), കൂന്നന്താനം (സെപ്തംബർ 21).

**2. 34-ാം വാർഷികവും എ.എ. അൽ-അനോൺ അൽ- അറ്റീൻ സംഗമവും**

കേരളത്തിലെ ആദ്യത്തെ ലഹരി വിമോചന ചികിത്സാ പുനരധിവാസ കേന്ദ്രമായ അഡാർട്ടിന്റെ 34-ാം വാർഷികവും എ.എ, അൽ-അനോൺ, അൽ-അറ്റീൻ സംഗമവും 2018 ഓഗസ്റ്റ് 4-ാം തീയതി അഡാർട്ടിൽ വച്ച് നടത്തി. കോതമംഗലം രൂപതാ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. പാലാ മുനിസിപ്പൽ ചെയർപേഴ്സൺ പ്രൊഫ. ഡോ. സെലിൻ റോയി

അദ്ധ്യക്ഷതവഹിച്ചു. ഫാ. മാത്യു പുതിയിടത്ത് സ്വാഗതവും ഷാജി കച്ചിറമറ്റം കൃതജ്ഞതയും പറഞ്ഞു. ഡോ. ജോയി ഫ്രാൻസീസ്, ലീഗൽ സർവ്വീസ് സൊസൈറ്റി മീനച്ചിൽ താലൂക്ക് സെക്രട്ടറി സി.ജി. ജയദേവ്, വാർഡ് കൗൺസിലർ ശ്രീമതി സിബിൻ തോമസ്, റിലയൻസ് മ്യൂച്ചൽ ഫണ്ട് കേരളാ കോയമ്പത്തൂർ ഏരിയാ മാനേജർ ശ്രീ. രാജീവ് ഫിലിഷ, കൗൺസിലർ സിജോ ജോസ് ചെറിയാൻ കെ. മാത്യു (അൽ- അറ്റീൻ അംഗം) പാപ്പച്ചൻ മുത്തോലി (എ.എ. അംഗം) എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ലഹരിവിരുദ്ധ മേഖലയിൽ സജീവ സാന്നിദ്ധ്യമായ കോതമംഗലം രൂപതാ അംഗമായ സി. ആഞ്ചല എസ്. എച്ചിനെ പൊന്നാടയണിയിച്ച് ആദരിച്ചു. ശ്രീ. രാജീവ് ശാന്തി, ശ്രീമതി സവിതാ ശശി എന്നിവർ അനുഭവസാക്ഷ്യങ്ങൾ നടത്തി. ശ്രീ. ബാബു കല്ലറ, അംബികൽ അമനക്കര എന്നിവർ സംഗീതം ആലപിച്ചു.

**3. പുസ്തക പ്രകാശനം**

അഡാർട്ടിന്റെ പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ എഴുതിയ ലഹരിയോടുള്ള ആസക്തി 151 ചോദ്യങ്ങളും ഉത്തരങ്ങളും എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം ഡോ. ജോയി ഫ്രാൻസീസിന് നൽകൊണ്ട് മാർ ജോർജ് മഠത്തിക്കണ്ടം നിർവ്വഹിച്ചു.

**4. എക്സിബിഷനും ബോധവത്കരണ സെമിനാറും**

മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ സെപ്തംബർ 16-ന് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറും എക്സിബിഷനും നടത്തി ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് നേതൃത്വം വഹിച്ചു.

**5. വിജയദർശൻ ക്യാമ്പ്**

സെപ്തംബർ 20,21 തീയതികളിൽ 10-ാം ക്ലാസിലെ കുട്ടികൾക്കായി അഡാർട്ടിൽ വിജയദർശൻ ക്യാമ്പായി നടത്തി. ക്യാമ്പിന്റെ ഉദ്ഘാടനം പാലാ രൂപതാ വികാരി ജനറാൾ വെരി. റവ.ഫാ. സെബാസ്റ്റ്യൻ വേത്താനം നിർവ്വഹിച്ചു. ഫാ. മാത്യു പുതിയിടത്ത്, കൗൺസിലർ ഷാജി കച്ചിറമറ്റം എന്നിവർ നേതൃത്വം വഹിച്ചു. വിവിധ സ്കൂളുകളിൽ നിന്നായി 3 കുട്ടികൾ പങ്കെടുത്തു. റവ. ഡോ. ജോസഫ് പുതുമന ഇംഗ്ലീഷ് ക്ലാസ് നയിച്ചു.

**6. ആത്മവിശുദ്ധീകരണധ്യാനം**

സെപ്തംബർ 21,22,23 തീയതികളിൽ അഡാർട്ടിൽ വച്ച് ആത്മവിശുദ്ധീകരണധ്യാനം നടത്തി. ഫാ. ജോസഫ് മൈലപ്പറമ്പിൽ, ഫാ. മാത്യു പുതിയിടത്ത്, ജോസ് കാവാലി, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ വചനസന്ദേശം നൽകി.

**7. ഗാന്ധി ജയന്തി**

അഡാർട്ട് ക്ലബ് കുട്ടികളേയും എ.എം, അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങളേയും പങ്കെടുപ്പിച്ച് ഒക്ടോബർ 25-ാം തീയതി അഡാർട്ട് ഓഡിറ്റോറിയത്തിൽ വച്ച് ഗാന്ധിജയന്തി ദിനാചരണം നടത്തും. പ്രൊഫ. ആർ.എസ്. വർമ്മജി മുഖ്യപ്രഭാഷണം നടത്തും.

**8. ജയിൽ മിനിസ്ട്രി**

ആഗസ്റ്റ് 11-ാം തീയതി പാലാ സബ് ജയിലിൽ വച്ച് ജീസസ് ഫ്രട്ടേണിറ്റി ദിനാചരണം നടത്തി. ഫാ. ജോസഫ് വടക്കേമംഗലത്ത്, ഫാ. ജോസഫ്

ചീനോത്തുപറമ്പിൽ എന്നിവർ സന്ദേശം നൽകി. ചീങ്കല്ലേൽ കെ.സി.വൈ.എം., സി.എം.സി. അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ നടത്തി. ഫാ. മാത്യു പുതിയിടത്ത് നേതൃത്വം വഹിച്ചു.

ഓഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യദിനത്തോടെനുബന്ധിച്ച് വടവാതൂർ സെമിനാരിയിലെ ബ്രദേഴ്സ് പാലാ സബ് ജയിൽ സന്ദർശിക്കുകയും വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

സെപ്തംബർ 8-ാം തീയതി മണ്ണയ്ക്കനാട് ഇടവകയിലെ എസ്.എം.വൈ.എം. അംഗങ്ങൾ ഫാ. തോമസ് കിഴക്കേലിന്റെ നേതൃത്വത്തിൽ പാലാ സബ് ജയിൽ സന്ദർശിച്ചു. വിവിധ കലാപരിപാടികൾ നടത്തി. ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാ ശുശ്രൂഷ നടത്തി.

**9. സാരഥി**

സെപ്തംബർ 17 മുതൽ 20 വരെയും സാരഥി സംസ്ഥാന ഓഫീസിൽനിന്നും രണ്ടാം റീജൻസി ബ്രദേഴ്സ് അഡാർട്ടിൽ താമസിച്ച് പാലാ രൂപതയിലെ വിവിധ യൂണിറ്റുകൾ സന്ദർശിച്ച് ശക്തീകരണ പരിപാടികൾ നടത്തി. ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ യൂണിറ്റ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പൊസ്തോലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2018-ന്റെ ഒരുക്കങ്ങൾ പൂർത്തിയായിരിക്കുന്നു. ഈ വർഷം 41490 പേർ നമ്മുടെ രൂപതയിൽനിന്നും പരീക്ഷ എഴുതുന്നുണ്ട്. ബഹു. വികാരിയച്ചന്റെ ഉത്തരവാദിത്വത്തിലാണ് പരീക്ഷ നടത്തേണ്ടത്. വെബ്സൈറ്റിൽനിന്നു ലഭിക്കുന്ന ഹാൾടിക്കറ്റ് എല്ലാവർക്കും വേണ്ടി തയാറാക്കി എന്നു കരുതട്ടെ.

**ഒക്ടോബർ 20-ാം തീയതി ഫലം പ്രഖ്യാപിക്കുന്നതാണ്.**

1. ഉത്തരക്കടലാസിൽ പേന ഉപയോഗിച്ചുമാത്രം ശരിയായ ഉത്തരം സൂചിപ്പിക്കുന്ന അക്ഷരത്തിന്റെ കോളം കറുപ്പിക്കുക. ഒരു ചോദ്യത്തിന് ഒന്നിലധികം ഉത്തരങ്ങൾ കറുപ്പിച്ചാൽ ആ ചോദ്യത്തിനു മാർക്കു ലഭിക്കുന്നതല്ല.

2. A വിഭാഗത്തിന് പ്രത്യേക ചോദ്യപേപ്പറാണ്. F വിഭാഗത്തിന് വലിയ അക്ഷരങ്ങളിലുള്ള ചോദ്യപേപ്പറാണ്.

3. ഉത്തരക്കടലാസിൽ, രജിസ്റ്റർ ചെയ്തിരിക്കുന്ന പേരാണ് എഴുതേണ്ടത്.

4. ഉത്തരക്കടലാസിൽ ഹാൾടിക്കറ്റ് നമ്പർ, പേര് തുടങ്ങിയവ കൃത്യമായും വ്യക്തമായും എഴുതണം. അല്ലാതുള്ളവ പരിഗണിക്കുന്നതല്ല.

5. മത്സരത്തിനുശേഷം ഓരോ വിഭാഗവും പ്രത്യേകം എണ്ണി അടുക്കിവേണം പായ്ക്കുചെയ്യുവാൻ.

6. ഓരോ വിഭാഗത്തിലും ഹാൾടിക്കറ്റ് നമ്പർ ക്രമത്തിൽ വേണം ഉത്തരക്കടലാസ് അടുക്കുവാൻ. ആദ്യം A വിഭാഗം പിന്നീട് B,C,D,E,F വിഭാഗങ്ങൾ എന്നിങ്ങനെ വേണം അടുക്കുവാൻ.

7. ഉത്തരക്കടലാസ് 2018 ഒക്ടോബർ 1 തിങ്കളാഴ്ച രാവിലെ 10 മുതൽ 5 വരെ രൂപതാ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

8. മത്സരത്തിനുശേഷം ഓരോ വിഭാഗത്തിലും പരീക്ഷ എഴുതിയവരുടെ എണ്ണം തന്നിരിക്കുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് തിരിച്ചേൽപ്പിക്കണം.

**2. ലോഗോസ് ഫാമിലി ക്വിസ്**

ലോഗോസ് ഫാമിലി ഫൊറോനാതല മത്സരം 2018 നവംബർ 4-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ നടക്കുന്നതാണ്. സൗകര്യാർത്ഥം 5 കേന്ദ്രങ്ങളിലായാണ് മത്സരം നടക്കുന്നത്. ഇടവകകളിൽനിന്നും ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന കുടുംബങ്ങളാണ് ഫൊറോനാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. മുൻവർഷങ്ങളിൽ ചെയ്തിരുന്നതുപോലെ ഇടവകതല പരീക്ഷയിൽ കുടുംബാംഗങ്ങൾക്കു ലഭിക്കുന്ന മാർക്കിന്റെ ശരാശരി കണ്ടാണ് ഏറ്റവും മാർക്കു വാങ്ങിയ കുടുംബത്തെ കണ്ടെത്തേണ്ടത്. അപ്പനും അമ്മയും മക്കളും അടങ്ങുന്ന കുടുംബങ്ങളാണ് മത്സരത്തിൽ വരേണ്ടത്. മക്കളില്ലാത്ത ദമ്പതികൾക്കും നാലാം ക്ലാസിനു താഴെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ മാത്രമുള്ള ദമ്പതികൾക്കും ഭർത്താവിന്റെയോ ഭാര്യയുടെയോ സഹോദരമക്കളിൽനിന്ന് ഒരാളെ ടീമിൽ ഉൾപ്പെടുത്താവുന്നതാണ്.

ഫൊറോനാതല മത്സരങ്ങൾക്ക് വ്യക്തിപരമായി ഉത്തരമെഴുതാനുള്ളതും കുടുംബാംഗങ്ങൾ ഒന്നിച്ച് ആലോചിച്ച് ഉത്തരമെഴുതാനുള്ളതുമായ ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**3. പരീക്ഷാകേന്ദ്രങ്ങളും അവ ഉൾപ്പെടുന്ന ഫൊറോനകളും**

അരുവിത്തിറ - അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ

കുറവിലങ്ങാട് - കടുത്തുരുത്തി, കോതനല്ലൂർ, കുറവിലങ്ങാട്, മുട്ടുചിറ

പാലാ - ഭരണങ്ങാനം, ചേർപ്പുങ്കൽ, പാലാ, പ്രവിത്താനം

രാമപുരം - ഇലഞ്ഞി, കടനാട്, രാമപുരം

തുടങ്ങനാട് - മൂലമറ്റം, തുടങ്ങനാട്

ഫൊറോനാതലത്തിൽ മത്സരിക്കുന്നവരുടെ പേരും എണ്ണവും 2018 നവംബർ 1-ാം തീയതിക്കു മുമ്പായി രൂപതാ ഓഫീസിൽ ഫോൺ മുഖാന്തരം അറിയിക്കുമല്ലോ. മത്സരത്തിനുവരുമ്പോൾ നിർദ്ദിഷ്ടഫോം (ഫോം വെബ്സൈറ്റിൽ ലഭ്യമാണ്) മുഴുവൻ പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടെ കൊണ്ടുവന്ന് ഏൽപ്പിക്കേണ്ടതാണ്. ഫോം പൂരിപ്പിച്ചു കൊണ്ടുവരാത്തവരെയും ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവരെയും മത്സരത്തിൽ പങ്കെടുപ്പിക്കുകയില്ല.

ഫൊറോനകളിൽനിന്നും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്നവർക്കാണ് രൂപതാതല മത്സരത്തിൽ പങ്കെടുക്കാൻ അർഹത. രൂപതാതലമത്സരം, 2018 നവംബർ 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1-ന് ഷാലോം പാസ്റ്ററൽ സെന്ററിൽവച്ചു നടക്കുന്നതാണ്.

**4. ബൈബിൾ കോഴ്സ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ഏകവർഷ/ദ്വിവർഷ കോഴ്സുകൾ സെപ്തംബർ 15-ന് നടന്നു. അടുത്ത കോഴ്സ് ഒക്ടോബർ 13-ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കുന്നു.

**5. അംഗീകാരം**

അഖില കേരളാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിന് കുറവിലങ്ങാട് ഇടവകയ്ക്ക് ഒന്നാംസ്ഥാനം ലഭിച്ചു. രൂപതാതലത്തിൽ നമ്മുടെ രൂപതയ്ക്ക് മൂന്നാംസ്ഥാനം ലഭിച്ചു. സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

## ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 7,14,21,28 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ.ഫാ. എബിൻ നീറുവേലിൽ, ഫാ. ബെന്നി തറപ്പേൽ സി.എം.എഫ്. സി. ആൻ മരിയ എസ്.എച്ച്., ബ്രദർ ജോർജുകുട്ടി ഞാവള്ളിൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 30,10,17, 24 തീയതികളിൽ പാലാ ഷാലോമിൽ വച്ച് വൈകുന്നേരം 4.30 മുതൽ 6 വരെ സെൽ പ്രാർത്ഥന നടത്തി. സഭയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ എല്ലാ പ്രോഗ്രാമുകൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ചു. ഫാ. കുര്യൻമറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 3,4,5,6,10,11,12,13,17,18,19,20,24,25,26,27 തീയതികളിൽ ഷാലോമിൽ വച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ എല്ലാ പ്രോഗ്രാമുകൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിച്ചു. അഗസ്റ്റിൻ ചെറുപുറം, മേരി പാറയിൽ, ജോസഫ് കുന്നപ്പിള്ളി, മാത്തുകുട്ടി താന്നിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 19-ാം തീയതി ഷാലോമിൽകൂടി കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ അവതരിപ്പിക്കുകയും അടുത്തമാസം ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ഡിസംബർ 19 മുതൽ 23 വരെ നടക്കാൻ പോകുന്ന രൂപതാകൺവൻഷനുവേണ്ടിയും നല്ല കാലാവസ്ഥയ്ക്കുവേണ്ടിയും സഭ ഇന്നുനേരിടുന്ന പ്രതിസന്ധികൾക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് ബഹു. വിൻസെന്റച്ചൻ ഓർമ്മിപ്പിച്ചു. ബ്രദർ തോമ്മാച്ചൻ വടക്കേൽ വചനം പങ്കുവച്ചു. തങ്കച്ചൻ ശ്രാമ്പിക്കൽ, ജോയി നെല്ലിയ്ക്കക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സേവനസമിതി മീറ്റിംഗ്**

സേവനസമിതി മീറ്റിംഗ് സെപ്തംബർ 3-ാം തീയതി തിങ്കളാഴ്ച 2 മുതൽ 5 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു.

**2. വചനദീപ്തി തുടർധ്യാനം**

പാലാക്കാട് ചെറുപുഷ്പം ദൈവാലയത്തിൽ വചനദീപ്തി തുടർധ്യാനം സെപ്തംബർ 6-ാം തീയതി വ്യാഴാഴ്ച നടത്തി. ബ്രദർ സജി, പാലാ ശുശ്രൂഷ നയിച്ചു.

**3. രാത്രി ആരാധന**

സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നു വരുന്ന രാത്രി ആരാധന സെപ്തംബർ 29-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടു കൂടി അവസാനിച്ചു. റവ.ഡോ. ജോസ് പുതൃക്കയിൽ OSH (കോട്ടയം രൂപത) വചനശുശ്രൂഷ നയിച്ചു. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

ഓഗസ്റ്റ് ഇരുപത്തഞ്ചാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്

തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. സെപ്റ്റംബർ ഒൻപതാം തിയതിമുതൽ പതിനഞ്ചാം തിയതിവരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിന് പുതുതായി ചുമതലയേറ്റ വികാരി ജനറാൾ പെ. ബഹു. സെബാസ്റ്റ്യൻ വേത്താനത്തച്ചൻ വി. കുർബാന അർപ്പിച്ച് പ്രാരം സന്ദേശം നൽകി. ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അടുത്ത ദൈവരാജ്യാനുഭവധ്യാനം ഒക്ടോബർ പതിനാല് മുതൽ ഇരുപത് വരെ. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**1. ശതോത്തര സുവർണ്ണ ജൂബിലി സ്മാരക ക്വിസ് മത്സരം**

ഫ്രാൻസിസ്കൻ അല്മായ സഭ കേരളത്തിൽ സ്ഥാപിതമായതിന്റെ ശതോത്തര സുവർണ്ണജൂബിലി (150) ആഘോഷങ്ങളുടെ ഭാഗമായി, പാലാ രൂപത കമ്മറ്റിയുടെ നേതൃത്വത്തിൽ അല്മായ സഭാംഗങ്ങൾക്കായി ക്വിസ് മത്സരം ഒക്ടോബർ 2-ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തും. ശ്രീമതി പി.എം. ചിന്നമ്മ ടീച്ചർ പുഴയംകണ്ടത്തിൽ (കടപ്ലാമറ്റം) സ്മാരക എവർറോളിംഗ് ട്രോഫിയും എസ്.എഫ്.ഒ. ഫാത്തിമാപുരം യൂണിറ്റ് സംഭാവന ചെയ്ത 5000 രൂപ ക്യാഷ് പ്രൈസും ഒന്നാം സ്ഥാനത്തിനും ശ്രീ. ജോസഫ് കുര്യൻ കോരംകുഴയ്ക്കൽ (മരങ്ങാട്ടുപിള്ളി) സ്മാരക എവർറോളിംഗ് ട്രോഫിയും ശ്രീ. വി.ഐ. അബ്രാഹം വട്ടക്കാനായിൽ (മേലുകാവുമറ്റം) സംഭാവന ചെയ്ത 3000 രൂപ ക്യാഷ് പ്രൈസും രണ്ടാം സ്ഥാനത്തിനും സമ്മാനമായി നൽകും. 6-ാം തീയതി നടക്കുന്ന രൂപത സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യും.

**2. എക്സിക്യൂട്ടീവ് കമ്മറ്റി**

ഒക്ടോബർ 3-ന് ഉച്ചകഴിഞ്ഞ് 1.30 ന് രൂപത എക്സിക്യൂട്ടീവ് കമ്മറ്റി രൂപത പ്രസിഡന്റ് ശ്രീ. സജോ സെബാസ്റ്റ്യൻ മണിക്കൊമ്പേലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നു. തുടർന്ന് വിവാഹധനസഹായം, ജീവകാരുണ്യസഹായം എന്നിവയുടെ കമ്മറ്റികളും നടക്കും.

**3. വി. ഫ്രാൻസീസിന്റെ തിരുനാൾ**

അല്മായ സഭയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ ഒക്ടോബർ 4-ന് യൂണിറ്റ് തലത്തിലും, ഒക്ടോബർ 6-ന്

രൂപത തലത്തിലും ആഘോഷമായി നടത്തും. 6-ാം തീയതി രാവിലെ 9 മണി മുതൽ ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് രൂപത സെമിനാറും സമ്മേളനവും നടക്കും. 9.00 മുതൽ രജിസ്ട്രേഷൻ, 9.30 ന് ഫ്രാൻസിസ്ക്കൻ പ്രാർത്ഥനകൾ, 10-ന് സെമിനാർ, ഫാ. മാത്യു മുളങ്ങാശ്ശേരി OFM Cap. ക്ലാസ് നയിക്കും. 11.30 ന് രൂപത സമ്മേളനം, വിവാഹധനസഹായം, ജീവകാരുണ്യ സഹായം എന്നിവ വിതരണം ചെയ്യും. 12.15 ന് വി.കുർബാന-ഫാ. ആന്റണി വെച്ചൂർ OFM Cap. അർപ്പിക്കും. 1.15-ന് സ്നേഹവിരുന്ന്.

**4. എസ്.എഫ്.ഒ. സീറോ മലബാർ കോ-ഓർഡിനേഷൻ കമ്മറ്റി**

ഒക്ടോബർ 19 മുതൽ അങ്കമാലി കറുകുറ്റിയിൽ വച്ച് നടക്കുന്ന ദേശീയ സമ്മേളനത്തെക്കുറിച്ച് ആലോചിക്കുന്നതിനായി അല്മായ സഭ സീറോ മലബാർ കോ-ഓർഡിനേഷൻ കമ്മറ്റി സംസ്ഥാന തലത്തിൽ ആലുവയിൽ വച്ചും പ്രൊവിൻസ് തലത്തിൽ കോട്ടയത്ത് വച്ചും നടന്നു. ഫാ. ആന്റണി വെച്ചൂർ OFM Cap. ഉം രൂപത, റീജിയൻ ഭാരവാഹികളും പങ്കെടുത്തു.

**5. ദുരിതാശ്വാസ പ്രവർത്തനം**

പ്രളയക്കെടുതി മൂലം കഷ്ടപ്പെടുന്ന കുട്ടനാടൻ പ്രദേശങ്ങളിൽ അല്മായ സഭ ദുരിതാശ്വാസ പ്രവർത്തനം നടത്തി. ചങ്ങനാശ്ശേരി രൂപതയിലെ വെളിയനാട് ഇടവകയിൽ ഭക്ഷ്യധാന്യകിറ്റുകൾ വിതരണം ചെയ്തു. അല്മായ സഭയിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള അംഗങ്ങൾ, മുരിങ്ങൂർ ധ്യാനകേന്ദ്രം, റാന്നി, കുട്ടനാടിന്റെ വിവിധ ഭാഗങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**6. കാനോനിക സന്ദർശനം**

അരുവിത്തുറ, ഫാത്തിമപുരം യൂണിറ്റുകളിൽ ഫാ. ആന്റണി വെച്ചൂർ OFM Cap. കാനോനിക സന്ദർശനം നടത്തി. അടിവാരം യൂണിറ്റിൽ അസൗകര്യം അറിയച്ചതിനെ തുടർന്ന് മാറ്റിവച്ചു.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. വിശുദ്ധ അൽഫോൻസാമ്മയുടെ ഫോട്ടോ പ്രദർശനം**

ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഫോട്ടോ പ്രദർശനം നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രദർശനം ഉദ്ഘാടനം ചെയ്തു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ, റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, വികാരി റവ.ഫാ. അഗസ്റ്റിൻ കൊഴുപ്പൻകുറ്റി, ഡി.എഫ്.സി. ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. നിരവധി പേർ ഫോട്ടോ പ്രദർശനം കാണാൻ എത്തി.

**2. മണ്ണയ്ക്കനാട് പള്ളിയിൽ ഡ്രീംലൈൻ പ്രോജക്ട്**

ദീപിക പത്രപ്രചാരണാർത്ഥം മണ്ണയ്ക്കനാട് ഇടവകയിൽ ഡ്രീം ലൈൻ പ്രോജക്ട് നടപ്പിലാക്കി. വികാരി ഫാ. തോമസ് കിഴക്കേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. ജിനോ പുന്നമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി.

**3. സേവ്യർപുരം പള്ളിയിൽ ഡ്രീംലൈൻ പ്രേജക്ട്**

ദീപിക പത്രപ്രചാരണപരിപാടി നടത്തി. വികാരി ഫാ. മാത്യു തടത്തിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി.

**4. ദീപിക നമ്മുടെ ഭാഷാ പദ്ധതി**

1. മല്ലികശ്ശേരി സെന്റ് ഡൊമനിക് സാവിയോ യു.പി.സ്കൂൾ

സ്കൂളിലെ ഭാഷാ പദ്ധതി മാനേജർ ഫാ. ജോർജ് നടയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സി. ഡെൽമ മുത്തനാട്ട്, ഫാ. സ്കറിയ വേകത്താനം, ഡോ. തോമസ് കുരുവിള കോക്കാട്ട്, അനൂപ് പെരുവാച്ചിറ, സാവിച്ചൻ പാംബ്ലാനി തുടങ്ങിയവർ പ്രസംഗിച്ചു.

2. ചേറ്റുതോട് സെന്റ് ജോസഫ് എൽ.പി. സ്കൂൾ

ദീപിക ഭാഷാ പദ്ധതി ഫാ. ജോസഫ് കാപ്പിൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ജോയ്സ് വടക്കേക്കുറ്റ്, ഫാ. സ്കറിയ വേകത്താനം, തോമസ് വടകര, ബാബു മാടപ്പള്ളിൽ, ജോയി കാവുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

3. തിടനാട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ രാഖി ആർ., ഷിബു തോമസ്, തോമസ് ജോസഫ്, ടോമി ഐക്കര, സെബാസ്റ്റ്യൻ വിളയാനി, ആലീസ് പാറയടിയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

4. തിടനാട് ഗവൺമെന്റ് ഹൈസ്കൂൾ

ദീപിക ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ടോമിച്ചൻ പഴേമഠം, ടോമി വിളയാനി, റോയി കരോട്ടു പൂവേലിൽ, ആലീസ് പാറയടിയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

5. അമ്പാറനിരപ്പേൽ സെന്റ് ജോൺസ് എൽ.പി.സ്കൂൾ

ദീപിക ഭാഷാപദ്ധതി ഫാ. ജെയിംസ് കൊച്ചയ്യങ്കനാൽ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഹെഡ്മിസ്ട്രസ് സിസ്റ്റർ മേരി സെബാസ്റ്റ്യൻ, സിസ്റ്റർ അന്നക്കുട്ടി തോമസ്, സന്തോഷ് പ്ലാത്തോട്ടം, സെബാസ്റ്റ്യൻ പനച്ചിക്കവയലിൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

6. ഇടമറ്റം കെ.ടി.ജെ.എം. ഹൈസ്കൂൾ

ദീപിക ഭാഷാ പദ്ധതി മാനേജർ ഫാ. മാത്യു ചീരാംകുഴി ഡിഎഫ്.ഐ ഉദ്ഘാടനം ചെയ്തു. ഫാ. ടോമി കാരാംവേലിൽ, ഹെഡ്മിസ്ട്രസ് മിനി തോമസ്, ഫാ. സ്കറിയ വേകത്താനം, ഫാ. ജോർജ് മൂലേച്ചാലിൽ, വിൻസെന്റ് സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

7. മണ്ണയ്ക്കനാട് സാന്താക്രൂസ് എൽ.പി.സ്കൂൾ

സ്കൂളിലെ ഭാഷാ പദ്ധതി മരങ്ങാട്ടുപിള്ളി  പഞ്ചായത്ത് പ്രസിഡന്റ് ആൻസമ്മ സാബു ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ജാസ്മൻ തോമസ്, പ്രൊഫ. കെ.പി. ജോസഫ്, അധ്യാപകർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

8. ഭരണങ്ങാനം സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ

സ്കൂളിലെ ഭാഷാ പദ്ധതി മേലമ്പാറ സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് അഡ്വ. എബ്രാഹം മാത്യു മുഴുവഞ്ചേരിൽ, വ്യാപാരി വ്യവസായി ഏകോപനസമിതി പ്രസിഡന്റ് ടോം തറപ്പേൽ, ട്രഷറർ ഹരിദാസ് തുടങ്ങിയവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഫാ. ജോൺസൺ പരിയപ്പനാൽ, തോമാച്ചൻ തേക്കുംകാട്ടിൽ, ടോമി തുരുത്തിക്കര, ഹെഡ്മിസ്ട്രസ് സിസ്റ്റർ ഷൈൻ റോസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

9. ഭരണങ്ങാനം സെന്റ് മേരീസ് എൽ.പി.സ്കൂൾ

സ്കൂളിലെ ഭാഷാ പദ്ധതി മാത്തുകുട്ടി പരുത്തുവീട്ടിൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസിലി ചാക്കോ, പി. ജോൺസൺ പരിയപ്പനാൽ, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, ഡെയിസമ്മ ചൊവ്വാറ്റുകുന്നേൽ, ജോസ് തയ്യിൽ തുടങ്ങിയവർ പ്രസംഗിച്ചു.

10. വിളക്കുമാടം സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ

വിളക്കുമാടം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളിലെ ഭാഷാപദ്ധതി കെ.എ. ജോസഫ് കീരംചിറ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ജോബി സെബാസ്റ്റ്യൻ, ഹെഡ്മാസ്റ്റർ റ്റോമി  സേവ്യർ, ഫാ. സ്കറിയ വേകത്താനം, ഡെയ്സമ്മ ചൊവ്വാറ്റുകുന്നേൽ, ചാക്കോച്ചൻ കളപ്പുരയ്ക്കൽ, തോമാച്ചൻ പാലക്കുടിയിൽ, ടോമി തുരുത്തിക്കര തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

11. വെള്ളികുളം സെന്റ് ആന്റണീസ് ഹൈസ്കൂൾ

തീക്കോയി സഹകരണബാങ്ക് അംഗം വി.സി. ജോർജ് വെള്ളൂക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, മെമ്പർ ഷൈനി ബേബി, ഹെഡ്മാസ്റ്റർ സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

12. മംഗളഗിരി സെന്റ് തോമസ് എൽ.പി. സ്കൂൾ

സ്കൂളിലെ ഭാഷാ പദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് ഭാഗ്യാമോൾ, ജിമ്മി വാളിപ്ലാക്കൽ, ജോജോ പുന്ന പ്ലാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

13. തീക്കോയി സെന്റ് മേരീസ് എൽ.പി. സ്കൂൾ

സ്കൂൾ മാനേജർ റവ.ഫാ. ജോസഫ് കിഴക്കേക്കര ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സി. റോസിറ്റ്, ഫാ. സ്കറിയ വേകത്താനം, ആനിയമ്മ അമ്പാട്ട്, ലാലി പയസ്, ജോജോ പുന്നപ്ലാക്കൽ, പയസ് തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

14. തീക്കോയി സെന്റ് മേരീസ് ഹൈസ്കൂൾ

തീക്കോയി സെന്റ് മേരീസ് ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളിലെ ഭാഷാപദ്ധതി യഥാക്രമം അമ്മിണി തോമസ്, ജിജോ മാത്യു തുടങ്ങിയവർ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഫാ. ജോസഫ് കിഴക്കേക്കര, ഫാ. സ്കറിയ വേകത്താനം, ഹെഡ്മാസ്റ്റർ ജോണിക്കുട്ടി എബ്രാഹം, പ്രിൻസിപ്പൽ ഷാജി മാത്യു തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

15. അയ്യമ്പാറ ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി മാനേജർ ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽ കളപ്പുര ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ റ്റോംസി, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

16. കുളനാട് സെന്റ് ആൻസ് ഹയർ സെക്കണ്ടറി സ്കൂൾ

സ്കൂളിലെ ഭാഷാപദ്ധതി വി.എം. പൈലി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഫാ. സാജൻ തെക്കേമറ്റപ്പള്ളി, ഹെഡ്മാസ്റ്റർ ഫാ. വർക്കി ചക്കാലയിൽ, സിസ്റ്റർ മോളി, ജെൻസി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

17. അരുണാപുരം ഗവൺമെന്റ് എൽ.പി.സ്കൂൾ

പാലാ നഗരസഭ ചെയർപേഴ്സൺ പ്രൊഫ. സെലിൻ റോയി തകടിയേൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ഷിനു മോൻ, മേരി ഡൊമനിക്, പ്രൊഫ. കെ.പി. ജോസഫ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

18. അന്ത്യാളം സെന്റ് മാത്യൂസ് എൽ.പി. സ്കൂൾ

ദീപിക ഭാഷാ പദ്ധതി ഔസേപ്പച്ചൻ വെള്ളിമൂഴയിൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ അൽഫോൻസാ ജോർജ്, ഫാ. സ്കറിയ വേകത്താനം, ജിന്റോ തുടങ്ങിയവർ പ്രസംഗിച്ചു.

19. രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ

രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളിലെ ഭാഷാപദ്ധതി യഥാക്രമം ജെയിംസ് കണിയാരകത്ത്, പി.ജെ. ജോസഫ് പുതിയിടത്തുചാലിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. സജി കുര്യാക്കോസ്, ഹെഡ്മാസ്റ്റർ സാബു ജോർജ്, ഫാ. സ്കറിയ വേകത്താനം, ബേബി തൈരംചേരിൽ, സജി മിറ്റത്താനി, ജോൺ മുതലശ്ശേരിൽ തുടങ്ങിയവർ പ്രസംഗിച്ചു.

20. നീറന്താനം സെന്റ് തോമസ് യു.പി. സ്കൂൾ

പഞ്ചായത്ത് മെമ്പർ ലിസ്സി ആന്റണി പാലക്കുന്നേൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ബേബി തൈരംചേരിൽ, ജോസ് ഒഴുകയിൽ, തോമസ് പുണർത്താംകുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)




# ആദരാഞ്ജലികൾ



## സി. ആഗസ്തീന എഫ്.സി.സി.

പാലാ രൂപത നീറന്താനം ഇടവകയിൽ കോതമ്പനാനിയിൽ കുഞ്ഞുകൊച്ചിന്റെയും കത്രീനായുടെയും രണ്ട് മക്കളിൽ മൂത്തമകളായി 1920 ഏപ്രിൽ 20-ാംതീയതി ബഹു. ആഗസ്തീനാമ്മ ഭൂജാതയായി. 1936-ൽ രാമപുരം SHGHS ൽ നിന്നും പത്താം ക്ലാസ് പാസ്സായതിനുശേഷം 02.11.1936 ൽ ളാലം സെന്റ് മേരീസ് LP സ്കൂളിൽ അദ്ധ്യാപികയായി ജോലി ആരംഭിച്ചു. 1939 ൽ മുത്തോലി സെന്റ് ജോസഫ്സ് ട്രെയിനിങ് സ്കൂളിൽനിന്നും TTC പാസ്സായി. ളാലം സെന്റ് മേരീസ് സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരിക്കെ, 1938 ൽ ളാലം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 10.02.1941 ൽ സഭാവസ്ത്രസ്വീകരണവും 02.07.1943 ൽ ആദ്യവ്രതവാഗ്ദാനവും 26.04.1948 ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

1951 ൽ ഹിന്ദിവിദ്വാൻ പാസ്സായി. 16.11.1945 മുതൽ 06.06.1954 വരെ ളാലം സെന്റ് മേരീസ് LP സ്കൂളിൽ പ്രഥമാദ്ധ്യാപികയായി സേവനം ചെയ്തുകൊണ്ടിരിക്കെ 07.06.1954 ൽ ളാലം സെന്റ് മേരീസ് ഹൈസ്ക്കൂളിൽ ഹിന്ദി അദ്ധ്യാപികയായി പ്രൊമോഷൻ ലഭിച്ചു. കണ്ണാടിയുറുമ്പ്, കോതനല്ലൂർ എന്നീ സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപികയായി സേവനം ചെയ്തു.

1974-ൽ സർവ്വീസിൽനിന്നും വിരമിച്ച ആഗസ്തീനാമ്മ ളാലം, കണ്ണാടിയുറുമ്പ്, കോതനല്ലൂർ, പുലിയന്നൂർ, ഭരണങ്ങാനം, അരുവിത്തുറ, സെന്റ് സേവ്യേഴ്സ് എന്നീ മഠങ്ങളിൽ താമസിച്ച് അദ്ധ്യാപനം, ബോർഡിങ് മിസ്ട്രസ്, സുപ്പീരിയർ, അസി. സുപ്പീരിയർ സൺഡേസ്കൂൾ അദ്ധ്യാപിക, മിഷൻലീഗ് വൈസ് ഡയറക്ടർ എന്നീനിലകളിലും, 1978 മുതൽ 1982 വരെ ഭരണങ്ങാനം മാതൃഭവനിൽ മിഷൻലീഗ് ഓഫീസ് സ്റ്റാഫായും സേവനം ചെയ്തു. 26.11.1992-ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലിയും 17.04.2018 ൽ പ്ലാറ്റിനം ജൂബിലിയും ആഘോഷിക്കാനുള്ള അസുലഭ ഭാഗ്യം അമ്മയ്ക്ക് ലഭിച്ചു.

എന്റെ ഈശോനാഥാ, അമ്മച്ചിമാതാവെ, എന്നെ സഹായിക്കണെ, രക്ഷിക്കണെ........ സഹായിച്ചേപറ്റൂ... എന്നസുകൃതജപമാണ് എപ്പോഴും പ്രത്യേകിച്ച് ക്ഷീണാവസ്ഥയിലും അമ്മ പറഞ്ഞുകൊണ്ടിരുന്നത്. 2018 ആഗസ്റ്റ് 17-ാം തീയതി 2 pm ന് അമ്മയുടെ പാവനാത്മാവ് സ്വർഗത്തിലേയ്ക്ക് പറന്നുയർന്നു. 2018 ആഗസ്റ്റ് 22-ാം തീയതി ബുധനാഴ്ച 1.30pm ന് സമൂഹബലിയോടെ ളാലം മഠം ചാപ്പലിൽ ആരംഭിച്ച തിരുക്കർമ്മങ്ങൾക്കുശേഷം ളാലം പളളിയിലേയ്ക്ക് സംവഹിക്കപ്പെട്ടു. ളാലം പള്ളിയിൽ നടന്ന തിരുക്കർമ്മങ്ങൾക്ക് ശേഷം പാലാ രൂപത വികാരിജനറൽ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ പ്രധാനകാർമ്മികത്വത്തിൽ മൃതദേഹം ളാലം പളളിസെമിത്തേരിയിൽ സംസ്ക്കരിച്ചു.



## സി. ആഞ്ചലൂസ് ട്രീസാ എഫ്.സി.സി.

പാലാ രൂപത മറ്റക്കര ഇടവകയിൽ പുത്തൻപുര കുടുംബത്തിൽ മത്തായി - ത്രേസ്യ എന്നീ മാതാപിതാക്കളുടെ 10 മക്കളിൽ 5-ാമത്തെ സന്താനമായി 1943 സെപറ്റംബർ 10-ാം തീയതി സി. ആഞ്ചലൂസ് ട്രീസാ ഭൂജാതയായി. മറ്റക്കര സെന്റ് ജോസഫ്സ് സ്ക്കൂളിൽനിന്നും പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടിയമ്മ, 1964 ജൂൺ 15ന് രാമപുരം വളക്കാട്ടുകുന്ന് നൊവിഷ്യേറ്റുഹൗസിൽ അർത്ഥനിയായി ചേർന്നു. 1966 മാർച്ച് 31ന് സഭാവസ്ത്രസ്വീകരണവും 1966 ഏപ്രിൽ 6 ന് പ്രഥമവ്രതവാഗ്ദാനവും നടത്തി സി. ആഞ്ചലൂസ് ട്രീസാ എന്നപേര് സ്വീകരിച്ചു. 20 വർഷക്കാലം മണലുങ്കൽ സെന്റ് അലോഷ്യസ് സ്കൂളിൽ മലയാളം അദ്ധ്യാപികയായി സേവനം ചെയ്തു.

1999 ൽ അദ്ധ്യാപന ശുശ്രൂഷയിൽ നിന്നും വിരമിച്ച സിസ്റ്റർ കല്ലൂർക്കുളം, മണലുങ്കൽ, പെരുംതുരുത്ത് എന്നീ മഠങ്ങളിൽ താമസിച്ച് സുപ്പീരിയർ, കൗൺസിലർ, ഫാം സൂപ്പർവൈസർ, മെസ്മാനേജർ, പാർലർ സിസ്റ്റർ, സെക്രട്ടറി എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം ചെയ്തു. 2011 മുതൽ വേദഗിരി ഇടവകയിലായിരുന്നുകൊണ്ട് മാതൃവേദിയുടെ ജോയിന്റ് ഡയറക്ടർ, സൺഡേസ്കൂൾ അദ്ധ്യാപിക എന്നി നീലകളിൽ സേവനം ചെയ്തു. കുടുംബക്കൂട്ടായ്മ, ഭവനസന്ദർശനം എന്നിവ വളരെ സജീവമായി നടത്തിയിരുന്നു. വചനോത്സവം, ഗോതമ്പുമണി എന്നീമാസികകൾ കുടുംബങ്ങളിൽ എത്തിക്കുന്നതിനും അവരെക്കൊണ്ട് അത് വായിപ്പിക്കുന്നതിലും സിസ്റ്റർ വളരെയധികം ശ്രദ്ധിച്ചിരുന്നു.

2016-ൽ സമർപ്പണജീവിതത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും സിസ്റ്ററിന് ലഭിച്ചു. ഇടയ്ക്കിടെ രോഗവും ക്ഷീണവും അനുഭവപ്പെട്ടതിനെ തുടർന്ന് 2018 മെയ് 9 ന് നടത്തിയ വൈദ്യപരിശോധനയിൽ തലച്ചോറിൽ ട്യൂമറാണെന്ന് കണ്ടെത്തി. വൈദ്യശാസ്ത്രത്തിന് ഇനി ഒന്നും ചെയ്യാനില്ല എന്നറിഞ്ഞപ്പോഴും പരാതിയുടേയോ പരിഭവത്തിന്റെയോ ആയ ഒരുവാക്കും പറയാതെ ദൈവഹിതം നിറവേറട്ടെ എന്ന് മാത്രം പറഞ്ഞുകൊണ്ട് എല്ലാ സഹനവും സന്തോഷത്തോടെ സ്വീകരിച്ചു. ക്ഷീണം വർദ്ധിച്ചുവന്നതിനാൽ 2018

ആഗസ്റ്റ് 23 ന് സ്വന്തം സഹോദരൻ ബഹു. മാത്യു പുത്തൻപുരയ്ക്കലച്ചനിൽ നിന്ന് അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു. 2018 സെപ്റ്റംബർ 12-ാംതീയതി വൈകുന്നേരം 4 മണിയോടുകൂടി ശ്വാസതടസ്സം വർദ്ധിക്കുകയും 10.30 pmന് അമ്മയുടെ പാവനാത്മാവ് സ്വർഗ്ഗത്തിലേയ്ക്ക് പറന്നുയർന്നു. മൃതദേഹം വേദഗിരിപള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്തദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. സ്റ്റീഫൻ പുള്ളീറ്റ് എഫ്സിസി,

പാലാ രൂപത കൊഴുവനാൽ ഇടവകയിൽ പുള്ളീറ്റു കുടുംബത്തിൽ കുര്യാക്കോസ്- ഏലി ദമ്പതികളുടെ പന്ത്രണ്ടുമക്കളിൽ പതിനൊന്നാമത്തെ സന്താനമായി ബഹു. സ്റ്റീഫനമ്മ 1929 സെപ്റ്റംബർ 26-ാം തീയതി ഭൂജാതയായി. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം മുത്തോലി സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽനിന്ന് ESLC യും 1952ൽ മുത്തോലി സെന്റ്ജോസഫ് റ്റി.റ്റി.ഐയിൽനിന്ന് TTC യും പാസായ ബ്രിജിറ്റ് 1952 ജൂൺ 9-ാം തീയതി കല്ലൂർക്കുളം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1954 മെയ് 28-ാം തീയതി സി. സ്റ്റീഫൻ എന്ന പേര് സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനവും 1957 മെയ് 28-ാംതീയതി നിത്യവ്രതവാഗ്ദാനവും നടത്തി.

ബഹു. സ്റ്റീഫനമ്മ 1957 മുതൽ 1985 വരെ മണലുങ്കൽ, വാകക്കാട്, ഭരണങ്ങാനം എന്നീ സ്ക്കൂളുകളിൽ അദ്ധ്യാപികയായും പ്രധാനാദ്ധ്യാപികയായും സേവനം ചെയ്തു. കല്ലൂർക്കുളം മണലുങ്കൽ, വാകക്കാട്, ഭരണങ്ങാനം, ഇടമറ്റം, രത്നഗിരി, സാൻതോം മുത്തോലി എന്നീ ഭവനങ്ങളിൽ താമസിച്ച് സുപ്പീരിയർ, കൗൺസിലർ, മെസ്മാനേജർ, ഫാംസൂപ്പർവൈസർ എന്നീ നിലകളിൽ അമ്മ തന്റെ സേവനം കാഴ്ചവച്ചു.

2018 സെപ്തംബർ 13-ാം തീയതി വെളുപ്പിന് 5 മണിക്ക് നെഞ്ചുവേദനയും ശ്വാസതടസ്സവും അനുഭവപ്പെട്ടതിനാൽ മഠം ചാപ്ലൻ റവ. ഫാ. തോമസ് ചക്കാലയിൽ അമ്മയ്ക്ക് രോഗീലേപനം നല്കി. രോഗീലേപനം സ്വീകരിച്ച ഉടനെ അമ്മയുടെ പാവനാത്മാവ് ദിവ്യകാരുണ്യസന്നിധിയിലേയ്ക്ക് യാത്രയായി. 2018 സെപ്തംബർ 15-ാം തീയതി 2.30pm ന് സഹോദരപുത്രൻ റവ. ഫാ. ജോൺസൺ പുള്ളീറ്റിന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലിയോടെ മഠം ചാപ്പലിൽ സംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ കാർമ്മികത്വത്തിൽ മൃതദേഹം കല്ലൂർക്കുളം മഠംവക സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു. ദിവ്യനാഥൻ തന്റെ വിശ്വസ്തദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. അത്തനാസിയ മണിക്കൊമ്പേൽ (കളപ്പുരയ്ക്കൽ) എഫ്.സി.സി. പാലാ

പാലാ കത്തീഡ്രൽ പള്ളി ഇടവക മണിക്കൊമ്പേൽ വർക്കി -റോസ ദമ്പതികളുടെ മൂന്നുമക്കളിൽ ദ്വിതീയ സന്താനമായി 1928 ഡിസംബർ 8-ാം തീയതി അത്തനാസിയാമ്മ ജനിച്ചു. മുത്തോലി സെന്റ് ജോസഫ്സ് സക്കൂളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം 1947 ഏപ്രിൽ 1-ാം തീയതി കണ്ണാടിയുറുമ്പ് മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1948 ഏപ്രിൽ 26-ാം തീയതി സഭാവസ്ത്രസ്വീകരണവും 1949 ഏപ്രിൽ 19-ാം തീയതി പ്രഥമവ്രതവാഗ്ദാനവും 1952 നവംബർ 17-ാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തി. 1999-ൽ സമർപ്പണജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അത്തനാസിയാമ്മയ്ക്ക് ലഭിച്ചു.

കണ്ണാടിയുറുമ്പ്, പാളയം, അൽഫോൻസാ ഹോസ്റ്റൽ, സാൻതോം മുത്തോലി എന്നീ ഭവനങ്ങളിൽ താമസിച്ച് സുപ്പീരിയർ, മെസ്മാനേജർ, ഫാം സൂപ്പർവൈസർ എന്നീ നിലകളിൽ അമ്മ തന്റെ സേവനം കാഴ്ചവച്ചിട്ടുണ്ട്.

വീഴ്ചയെതുടർന്ന് ഓപ്പറേഷന് വിധേയയാകുകയും അഞ്ച് മാസക്കാലം ശയ്യാവലംബിയായി കഴിയുകയും ചെയ്തു. ആരോഗ്യസ്ഥിതി മോശമായി വന്നതിനാൽ 2018 ആഗസ്റ്റ് 28-ാം തീയതി മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. ക്ഷീണം വർദ്ധിച്ചതിനാൽ 2018 സെപ്റ്റംബർ 12-ാംതീയതി അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 2018 സെപ്റ്റംബർ 14-ാംതീയതി വെളുപ്പിന് 2 മണിക്ക് അമ്മയുടെ പാവനാത്മാവ് സ്വർഗ്ഗീയമഹത്വത്തിലേയ്ക്ക് യാത്രയായി. മൃതദേഹം പാലാ കത്തീഡ്രൽ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്തദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. ഏണസ്റ്റീന എഫ്.സി.സി. പാലാ

പാലാ രൂപതാ പൈകപള്ളി ഇടവക ഇടപ്പാടിയിൽ കുടുംബത്തിൽ ദേവസ്യ അന്നമ്മ ദമ്പതികളുടെ 15 മക്കളിൽ 6-ാമത്തെ സന്താനമായി 1929 ജൂലൈ 3-ാം തീയതി പി.റ്റി. മേരിക്കുട്ടി എന്ന സി. ഏണസ്റ്റീന ജനിച്ചു. പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്ന് 10-ാം ക്ലാസ്സ് പാസ്സായ ശേഷം 1949-ൽ ളാലം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1950 ഏപ്രിൽ 27-ാം തീയതി സഭാവസ്ത്രസ്വീകരണവും 1952 മെയ് 23-ാം തീയതി ആദ്യവ്രതവും 1956-ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

കേരളത്തിലും പഞ്ചാബിലും വിവിധ സ്ഥലങ്ങളിലായി നേഴ്സ്, എക്സറേ, ക്ലർക്ക്, കോമ്പൗണ്ടിങ്ങ് എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. അക്കൗണ്ട് ടെസ്റ്റ്

പാസ്സായ ബഹു. ഏണസ്റ്റീനാമ്മ 1967 മുതൽ 1985 വരെ പതിനെട്ടുവർഷക്കാലം പാലാ അൽഫോൻസാ കോളേജിൽ ക്ലർക്കായി ജോലി ചെയ്തു. സർവ്വീസിൽനിന്ന് വിരമിച്ചശേഷം പഞ്ചാബ് മിഷനിലെ ഗുർദാസ്പൂർ, അബഹോർ, നക്കോദിയാ എന്നീ സ്കൂളുകളിൽ ക്ലർക്കായും ജലന്തർ ബിഷപ്പ് ഹൗസിൽ അക്കൗണ്ടന്റ് ആയും പ്രവർത്തിച്ചു. ളാലം, അരുണാപുരം, അൽഫോൻസാ ഭവൻ, ചെമ്മലമറ്റം, കല്ലൂർക്കുളം, കൊഴുവനാൽ, മിഷൻ ഭവൻ പാലാ എന്നീ മഠങ്ങളിൽ അസി. സുപ്പീരിയർ, കൗൺസിലർ, സെക്രട്ടറി, ജൂണിയർ മിസ്ട്രസ് എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു. 2002-ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു.

2018 ഓഗസ്റ്റ് 28-ാം തീയതി ക്ഷീണം അനുഭവപ്പെട്ടതിനാൽ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. ശ്വാസതടസ്സം അനുഭവപ്പെട്ടതിനാൽ 2018 സെപ്തംബർ 12-ാം തീയതി ളാലംപള്ളി വികാരി റവ. ഫാ. ജോൺസൺ പുള്ളീറ്റ് അമ്മയ്ക്ക് രോഗീലേപനം നല്കി. 2018 സെപ്തംബർ 15-ാം തീയതി രാത്രി 8.45ന് സഭാംഗങ്ങളും ബന്ധുമിത്രാദികളും നന്മരണപ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കെ അമ്മയുടെ പാവനാത്മാവ് സ്വർഗ്ഗത്തിലേയ്ക്ക് പറന്നുയർന്നു. മൃതദേഹം ളാലം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.ദിവ്യനാഥൻ തന്റെ വിശ്വസ്തദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. എമിലി മുട്ടത്ത് എഫ്.സി.സി. കല്ലൂർക്കുളം

കാഞ്ഞിരപ്പള്ളി രൂപതയിൽ ചിറക്കടവ് താമരക്കുന്ന് പള്ളി ഇടവക മുട്ടത്ത് ജോസഫ് ഏലി ദമ്പതികളുടെ 8 മക്കളിൽ 6-ാമത്തെ സന്താനമായി 1928 മെയ് 19-ാം തീയതി ബഹു. എമിലി അമ്മ ഭൂജാതയായി. ജ്ഞാനസ്നാനത്തിൽ എലിസബത്ത് പേര് നല്കപ്പെട്ടു. ഏലിക്കുട്ടി എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. ചിറക്കടവ് എൻ.എസ്.എസ്. സ്കൂളിൽ നിന്ന് പ്രാഥമികവിദ്യാഭ്യാസവും കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് സ്കൂളിൽ നിന്ന് എം.എച്ച്.എസ്.സിയും പാസ്സായ എമിലിയമ്മ 15-9-1946ൽ കല്ലൂർക്കുളം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1946 മുതൽ മണലുങ്കൽ ഹോളിഫാമിലി എൽ.പി.സ്കൂളിൽ അദ്ധ്യാപികയായി സേവനം ആരംഭിച്ചു. 1947ൽ മുത്തോലി സെന്റ് ജോസഫ്സ് റ്റി.റ്റി.ഐയിൽനിന്നും റ്റി.റ്റി.സിയും പാസ്സായി. 1949 മെയ് 4-ാം തീയതി സഭാവസ്ത്രം സ്വീകരിച്ച് സി. എമിലി എന്ന പേര് സ്വീകരിച്ച് 1952 സെപ്തംബർ 15-ാം തീയതി ആദ്യവ്രതവാഗ്ദാനവും 1952 ജനുവരി 17-ാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തി. മണലുങ്കൽ, കോതനല്ലൂർ, കൊഴുവനാൽ, പൂഞ്ഞാർ, വാകക്കാട് എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായും കല്ലൂർക്കുളം, കോതനല്ലൂർ എന്നീ ഭവനങ്ങളിൽ സുപ്പീരിയർ. അസി. സുപ്പീരിയർ, കൗൺസിലർ, പാർലർ സിസ്റ്റർ എന്നീ നിലകളിൽ അമ്മ തന്റെ സ്നേഹസേവനം കാഴ്ചവച്ചു. 1946 മുതൽ 1984വരെയുള്ള തന്റെ സുദീർഘമായ അദ്ധ്യാപനപ്രേഷിതത്വത്തിലൂടെ അനേകം കുഞ്ഞുങ്ങൾക്ക് അറിവിന്റെ വെളിച്ചം പകരുകയും ഉത്തമപൗര

ന്മാരായി ജീവിക്കുന്നതിന് അവരെ പരിശീലിപ്പിക്കുകയും ചെയ്തു. അമ്മയുടെ ശിഷ്യഗണത്തിൽ ധാരാളം പേർ വൈദിക-സമർപ്പിതജീവിതം തിരഞ്ഞെടുത്തിട്ടുണ്ട്. പൂർവ്വവിദ്യാർത്ഥികൾ പലരുമായും ഇപ്പോഴും അമ്മയ്ക്ക് സമ്പർക്കമുണ്ടായിരുന്നു. ദൈവശുശ്രൂഷയിലൂടെയും സ്നേഹസേവനത്തിലൂടെയും ആത്മാക്കളെ രക്ഷിക്കുക എന്നതായിരുന്നു അമ്മയുടെ ആദർശം. ശാന്തത, നിരന്തരമായ പ്രാർത്ഥന, സഹനം, കൃത്യനിഷ്ഠ ഇവ അമ്മയുടെ സവിശേഷഗുണങ്ങളായിരുന്നു. രോഗാവസ്ഥയിൽപ്പോലും കട്ടിലിൽ കിടന്ന് ദിവസവും പത്ത് ജപമാലി ചൊല്ലി അമ്മ ലോകം മുഴുവനുംവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചിരുന്നു.

1975 മെയ്മാസത്തിൽ പുറത്ത് ഒരു വലിയ നീര് വന്നതിനാൽ ഒരു ഓപ്പറേഷന് വിധേയയാകേണ്ടി വന്നു. 1982ലും 1993ലും അതേ സ്ഥാനത്തുതന്നെ വീണ്ടും ഓപ്പറേഷൻ നടത്തേണ്ടിവന്നു. ദൈവകാരുണ്യത്താൽ മരണത്തെ മുഖാഭിമുഖം കണ്ട എമിലിയമ്മ അത്ഭുതകരമായി സൗഖ്യം പ്രാപിക്കുകയും ചെയ്തു. പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ പല രോഗങ്ങൾ അമ്മയെ നിരന്തരം അലട്ടിക്കൊണ്ടിരുന്നു. അതീവ ക്ഷീണിതയായ എമിലിയമ്മ കല്ലൂർക്കുളം മഠത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. 2002ൽ അമ്മയുടെ സമർപ്പണജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു. 2018 ഓഗസ്റ്റ് 29ന് ശ്വാസതടസ്സവും ക്ഷീണവും വർദ്ധിച്ചതിനാൽ അമ്മയെ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. അസുഖം കൂടിയതിനാൽ 2018 സെപ്തംബർ 12-ാം തീയതി റവ. ഫാ. ജോൺസൺ പുള്ളീറ്റിൽനിന്നും രോഗീലേപനം സ്വീകരിച്ചു. 2018 സെപ്തംബർ 15-ാം തീയതി ഹോസ്പിറ്റൽ ചാപ്ലൻ ബഹു. അലക്സ് കോഴിക്കോട്ട് അച്ചൻ അമ്മയെ മരണത്തിനായി ഒരുക്കി. 2018 സെപ്തംബർ 17-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് സന്ന്യാസസഹോദരങ്ങൾ പ്രാർത്ഥനാനിരതരായി നില്ക്കേ അമ്മയുടെ പാവനാത്മാവ് ദിവ്യനാഥന്റെ സന്നിധിയിലേയ്ക്ക് പറന്നുയർന്നു. 2018 സെപ്തംബർ 19-ാം തീയതി രാവിലെ 10 മണിക്ക് കൊഴുവനാൽ പള്ളി വികാരി റവ. ഫാ. തോമസ് ഓലിക്കലിന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലിയോടെ മഠം ചാപ്പലിൽ സംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ അനുശോചന സന്ദേശം നല്കുകയും അച്ചന്റെ കാർമ്മികത്വത്തിൽ മൃതദേഹം കല്ലൂർക്കുളം മഠംവക സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു. ദീർഘനാളത്തെ സഹനങ്ങളാൽ പവിത്രീകരിക്കപ്പെട്ട എമിലിയമ്മയുടെ പാവനാത്മാവിനെ ദിവ്യനാഥൻ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. പുഷ്പമരിയ പൈകട എസ്.എച്ച്.

പാലാ രൂപത അറക്കുളം പഴയപള്ളി ഇടവകയിൽ പുരാതനവും ദൈവവിളികളാൽ സമ്പന്നവുമായ പൈകട കുടുംബത്തിൽ അബ്രാഹം- അന്ന ദമ്പതികളുടെ 8 മക്കളിൽ 3-ാമത്തെ മകളായി 1931 ഏപ്രിൽ 23-ാം തീയതി സി. പുഷ്പമരിയ ഭൂജാതയായി. മാമ്മോദീസായിൽ ഏലി എന്ന നാമം നല്കപ്പെട്ടു. സാമാന്യ വിദ്യാഭ്യാസത്തിനുശേഷം 1950-ൽ തിരു

ഹൃദയ സന്യാസിനി സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. യഥാസമയം പരിശീലനം പൂർത്തിയാക്കി സി. പുഷ്പമരിയ എന്ന സന്യാസനാമം സ്വീകരിച്ച് 19-5-1952-ൽ ആദ്യവ്രതവും 17-10-1955 ൽ നിത്യവ്രതവും ചെയ്തു.

തുടർന്ന് 1963 വരെ 8 വർഷം മലബാറിലെ ചുങ്കക്കുന്ന്, കുളത്തുവയൽ കല്ലാനോട് എന്നീ മഠങ്ങളിൽ അംഗമായിരുന്നുകൊണ്ട് തന്റെ ശുശ്രൂഷകൾ നിർവ്വഹിച്ചു. വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും (ജ്ഞാനം 610) എന്ന തിരുവചന അഭിഷേകം ലഭിച്ച വ്യക്തിയായിരുന്നു സി. പുഷ്പമരിയ. പാലാ രൂപതയിലെ പൂവത്തോട് രാമപുരം, പൂവരണി, അരുണാപുരം, സാന്തോം, മൂലമറ്റം, പാലാ എന്നീ മഠങ്ങളിൽ അംഗമായിരുന്നുകൊണ്ട് ഇടവകദൈവാലയത്തിന്റെ അൾത്താര അലങ്കരിക്കുന്നതിലും ദൈവാലയ തിരുവസ്തുക്കൾ പൂജ്യമായും വൃത്തിയായും സൂക്ഷിക്കുന്നതിലും ഏറെ താല്പര്യവും ജാഗ്രതയും പുലർത്തിയിരുന്ന പാലാ ബിഷപ്പ്സ് ഹൗസ് ചാപ്പലിലും, സെന്റ് തോമസ് കത്തീഡ്രലിലും അമ്മ ചെയ്തിട്ടുള്ള സേവനങ്ങളെ വൈദികർ ഇന്നും നന്ദിയോടെ അനുസ്മരിക്കുന്നു. വചനം എഴുതിക്കൊടുത്ത് മറ്റുള്ളവരെ പഠിപ്പിക്കുകയും വചനം ഉരുവിട്ട് പ്രാർത്ഥിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

അനേകം വർഷങ്ങളായി പ്രമേഹരോഗത്താലും മറ്റുരോഗങ്ങളാലും ക്ലേശിച്ചിരുന്ന പുഷ്പമരിയാമ്മ 2013-ൽ പാലാ മഠത്തിൽ വച്ചുണ്ടായ വീഴ്ചയെ തുടർന്ന് ഹോസ്പിറ്റലിൽ അഡ്മിറ്റാവുകയും പിന്നീട് രാമപുരം മഠത്തിലേക്ക് സ്ഥലം മാറുകയും ചെയ്തു. 2017-ൽ അമ്മയ്ക്കുണ്ടായ ഒരു സ്ട്രോക്കിന്റെ ഫലമായി ശരീരത്തിൽ ഉണ്ടായ തളർച്ച പൂർണ്ണമായി സുഖപ്പെടാതെ വന്നതിനാൽ കൂടുതൽ പരിചരണം ലഭിക്കുന്നതിനായി ചക്കാമ്പുഴ എസ്.എച്ച്. ഹോസ്പിറ്റലിലേക്ക് മാറ്റി. 2018 ജൂൺ മാസത്തിൽ മൂലമറ്റം ബി.വി.എം.സി. ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത പുഷ്പ മരിയാമ്മയ്ക്കു രോഗം മൂർച്ഛിച്ചു. 2018 ജൂലൈ 27-ാം തീയതി രാവിലെ 7.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

പ്രിയപ്പെട്ട പുഷ്പമരിയാമ്മയുടെ മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിക്കാൻ പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവും അനേകം വൈദികരും എത്തിയിരുന്നു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പുഷ്പമരിയാമ്മ ദീർഘനാൾ സേവനമനുഷ്ഠിച്ച പാലാ സെന്റ് തോമസ് കത്തീഡ്രലിലേക്ക് മൃതദേഹം സംസ്കരിക്കപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് കഴിഞ്ഞാലിൽ അച്ചനും കത്തീഡ്രൽ വികാരി പെരിയ ബഹു. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അച്ചനും അമ്മയുടെ സേവനങ്ങളെ അനുസ്മരിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ദൈവാലയത്തിലെ ശുശ്രൂഷകൾക്കുശേഷം പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം കത്തീഡ്രൽ സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. പ്രിയപ്പെട്ട പുഷ്പമരിയാമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുപ്രാർത്ഥിക്കുന്നു...



## സി. മേഴ്സിറ്റ ആലനോലിക്കൽ എസ്.എച്ച്.

പാലാ രൂപത പിഴക് ഇടവകയിൽ ആലനോലിക്കൽ കുഞ്ഞേട്ടൻ കുഞ്ഞേലി ദമ്പതികളുടെ 8 മക്കളിൽ നാലാമത്തെ സന്താനമായി 1927 മാർച്ച് 25-ന് സി. മേഴ്സിറ്റ ജനിച്ചു. ജ്ഞാനസ്നാനത്തിൽ ത്രേസ്യാ എന്ന നാമം സ്വീകരിച്ചു. ഭക്താനുഷ്ഠാനങ്ങളിലും സുകൃതാഭ്യാസങ്ങളിലും വളരെ തൽപ്പരയായിരുന്ന ത്രേസ്യായുടെ ഹൃദയത്തിൽ ചെറുപ്പം മുതലേ തിരുഹൃദയനാഥന്റെ വിളിയുടെ സ്വരം മുഴങ്ങി കേട്ടു. 1966-ൽ തിരുഹൃദയസന്യാസിനി സമൂഹത്തിൽ അർത്ഥിനിയായി ചേർന്ന ത്രേസ്യാ 1968 ഏപ്രിൽ 16-ാം തീയതി സി. മേഴ്സിറ്റ എന്ന നാമം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനവും 23-4-1973 ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

അരുണാപുരം, പാലാ, ചേറ്റുതോട്, മൂലമറ്റം, രാമപുരം, പൂവത്തോട്, പറത്താനം, മേലുകാവ്, പയസ്മൗണ്ട്, മാനത്തൂർ എന്നീ ഭവനങ്ങളിൽ താമസിച്ച് നേഴ്സറി സ്കൂൾ അധ്യാപികയായി നീണ്ട 43 വർഷങ്ങൾ സേവനം അനുഷ്ഠിച്ചു.

നിഷ്കളങ്ക ഹൃദയത്തിന്റെ ഉടമയായിരുന്ന മേഴ്സിറ്റാമ്മ കുഞ്ഞുങ്ങളുടെ സ്നേഹിതയും പ്രിയപ്പെട്ട മേഴ്സിറ്റാമ്മ ടീച്ചറും ആയിരുന്നു. പിഞ്ചുമനസ്സുകളിൽ ഈശോയുടെ നാമവും രൂപവും പതിപ്പിച്ച മേഴ്സിറ്റാമ്മ നിരന്തരം കുഞ്ഞുങ്ങളോടൊത്ത് ദൈവാലയത്തിലെത്തി പ്രാർത്ഥിക്കുകയും അവരെ ദൈവവചനം പഠിപ്പിക്കുകയും ചെയ്തിരുന്നു. താൻ സേവനം ചെയ്ത ഇടവകയിലെല്ലാം വിശ്വാസപരിശീലനരംഗത്ത് മേഴ്സിറ്റാമ്മ അനുഗ്രഹമായിരുന്നു.

1980-ൽ ക്യാൻസർ രോഗിയായിത്തീർന്ന അമ്മ തളരാത്ത മനസ്സോടെ വീണ്ടും 34 വർഷങ്ങൾ തീക്ഷ്ണതയോടെ ജീവിച്ചു. അവസാന നിമിഷം വരെ താനായിരുന്ന സന്യാസിനി സമൂഹത്തോട് വിശ്വസ്തത പുലർത്തി. 2017 ൽ മാനത്തൂർ മഠത്തിലായിരിക്കേ വീണ്ടും ക്യാൻസർ രോഗം അമ്മയെ ബാധിച്ചു. രോഗത്തിന്റെ കഠിനവേദനയിൽ കിടന്നപ്പോഴും ഈശോയുടെ തിരുഹൃദയത്തിൽ പറ്റിച്ചേർന്നിരിക്കുന്നതിൽ അമ്മ ശ്രദ്ധ ചെലുത്തി. 2018 സെപ്തംബറിൽ രോഗം വർദ്ധിച്ചതിനാൽ അന്ത്യകൂദാശ നൽകപ്പെട്ടു. സഹനത്തിന്റെ തീച്ചൂളയിൽ ഉരുകിത്തെളിഞ്ഞ മേഴ്സിറ്റാമ്മയെ സെപ്തംബർ 11-ാം തീയതി രാവിലെ 6.45 ന് സ്വർഗ്ഗീയനാഥൻ തിരികെ വിളിച്ചു. ഈ ലോകത്തിൽ അധികം ആരാലും അറിയപ്പെടാതെ ജീവിച്ച അമ്മയുടെ ജീവിതം നിത്യതയിൽ ശോഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.




## സി. ആനി ക്ലെയർ സി.എം.സി.

പാലാ രൂപത മുട്ടുചിറ ഇടവകയിൽ നെടുമ്പറമ്പത്ത് ജോസഫ് - അന്നമ്മ ദമ്പതികളുടെ അഞ്ചുമക്കളിൽ രണ്ടാമത്തെ മകളായി 1936 ആഗസ്റ്റ് 16-ന് സി. ആനി ക്ലെയർ ജനിച്ചു. മാമ്മോദീസായിൽ ഏലി എന്ന പേര് സ്വീകരിച്ചു. സ്കൂൾ വിദ്യാഭ്യാസം മുട്ടുചിറ സെന്റ് ആഗ്നസിൽ ആയിരുന്നു. എസ്.എസ്.എൽ.സി. പാസായ വർഷം തന്നെ പാലകര എൽ.പി.

സ്കൂളിൽ അധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. 1956-ൽ റ്റി.റ്റി.സി. പഠനം പൂർത്തിയാക്കിയ അമ്മയുടെ ആദ്യസേവനരംഗം വിളയംകോട് എൽ.പി. സ്കൂളിൽ ആയിരുന്നു. 6 വർഷത്തിനുശേഷം 1963 ൽ മുട്ടുചിറ എൽ.പി. സ്കൂളിൽ സ്ഥലം മാറി എത്തിയ അമ്മ മഠത്തിലെ ബോർഡിംഗിൽ താമസിച്ച് അധ്യാപന ജോലി നിർവ്വഹിക്കവെ സന്യാസജീവിതത്തിൽ ആകർഷിതയായി സ്വന്തം അനുജത്തിയോടൊപ്പം സന്യാസത്തിൽ പ്രവേശിച്ചു. 1965 ഏപ്രിൽ 18-ന് ആദ്യവ്രതവും 1969 മെയ് 31-ന് നിത്യവ്രതവും അനുഷ്ഠിച്ചു. തുടർന്ന് മണ്ണാറപ്പാറ, കുറവിലങ്ങാട്, മുട്ടുചിറ എന്നീ എൽ.പി. സ്കൂളുകളിലായി 23 വർഷം പ്രധാനാധ്യാപികയായി സേവനമനുഷ്ഠിച്ചു. വിളയംകോട്, താബോർ, കുറവിലങ്ങാട് എന്നീ മഠങ്ങളിൽ മദർ സുപ്പീരിയറായും അമ്മ തന്റെ സേവനം കാഴ്ചവച്ചിട്ടുണ്ട്. 2015-ൽ സന്യാസസമർപ്പണത്തിന്റെ സുവർണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു.

സ്നേഹസമ്പന്നയായ സഹോദരിയും, സഹനത്തിന്റെ ഉത്തമപ്രേഷിതയുമായിരുന്ന ആനി ക്ലെയറമ്മ രോഗത്തിന്റെ വേദനകൾ ദൈവസ്നേഹപ്രകരണങ്ങൾ ഉരുവിട്ടുകൊണ്ട് സന്തോഷപൂർവ്വം സഹിക്കുന്നത് അമ്മയെ സന്ദർശിക്കാനെത്തുന്നവർക്കെല്ലാം ഏറെ പ്രചോദനമേകി. പ്രിയമണവാളനായ ഈശോയോടും വി. യൗസേപ്പിതാവിനോടും, പരി. അമ്മയോടും തികഞ്ഞ ആത്മബന്ധത്തോടെ സൗഹൃദസംഭാഷണം നടത്തിയിരുന്നത് ഏറെ അനുകരണീയമായിരുന്നു. തന്റെ മരണത്തെ മുന്നിൽ കണ്ടുകൊണ്ട് ഏറ്റം ബോധപൂർവ്വം അന്ത്യകൂദാശകൾ സ്വീകരിച്ച് ദിവ്യനാഥന്റെ വരവ് പ്രതീക്ഷിച്ചിരുന്ന അമ്മയ്ക്ക് 2018 സെപ്തംബർ 16-ന് പെട്ടെന്ന് ക്ഷീണം വർദ്ധിച്ചു. മുട്ടുചിറ ഫൊറോനപള്ളി അസി. വികാരി റവ.ഫാ. മാത്യു മുതുപ്ലാക്കലച്ചന്റെ പ്രാർത്ഥനാശുശ്രൂഷകൾ സ്വീകരിച്ചു സമൂഹാംഗങ്ങളുടേയും കുടുംബാംഗങ്ങളുടേയും പ്രാർത്ഥനാമധ്യേ വൈകിട്ട് 4.45 ന് അമ്മ തന്റെ പാവനാത്മാവിനെ ശാന്തമായി ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. സഹോദരീപുത്രൻ ബഹു. റവ.ഫാ. സാബു പനതാങ്ങി ഒ.സി.ഡി., റവ.ഫാ. ആന്റണി കളത്തിൽ ഐ.എം.എസ്., റവ.ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ. എന്നിവരുടെ സമൂഹബലിക്കുശേഷം ബഹുമാനപ്പെട്ട വികാരി ജനറാൾ ജോൺ. ജോസഫ് കുഴിഞ്ഞാലിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം മുട്ടുചിറ ഫൊറോന പള്ളിയിൽ സംസ്കരിച്ചു.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്



## SEPTEMBER 2018

Aug 29

03.00 pm ആയാംകുടി - എഴുമാംതുരുത്തിൽ പാവപ്പെട്ടവർക്കുള്ള സഹായകിറ്റ് വിതരണം ചെയ്തു.

04.30 pm ഫാമിലി അപ്പോസ്തലേറ്റിന്റെ സമ്മാനവിതരണം നടത്തി.

30 03.00 pm കുരുവിനാൽ പള്ളിയിൽ റവ.ഫാ. മാത്യു ചൊള്ളനാലിന്റെ പിതാവ് ചാക്കോ മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷ കൾക്ക് കാർമ്മികത്വം വഹിച്ചു.

31 കുട്ടനാട്ടിലെ പ്രളയബാധിതപ്രദേശമായ ചേന്നങ്കരി ഇട വകയിൽ സ്കൂളും വീടുകളും ഗ്രേറ്റ് ബ്രിട്ടൺ രൂപതാ ബിഷപ്പ് മാർ ജോസഫ് സ്രാമ്പിക്കൽ, രൂപതയിലെ 70 വൈദികർ എന്നിവരുടെ പങ്കാളിത്തത്തോടെ ശുചീകരിച്ചു.

01 pm വെള്ളപ്പൊക്കത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രം സന്ദർശിക്കുകയും 12 രൂപതാ വൈദികരുടെയും ഗ്രേറ്റ് ബ്രിട്ടൺ രൂപതാ ബിഷപ്പ് മാർ ജോസഫ് സ്രാമ്പിക്കലിന്റെയും കൂടെ ശുചീകരിക്കുകയും ചെയ്തു.

02 09.00 am കുടയത്തൂർ സെന്റ് അഗസ്റ്റിൻ ഇടവകയിൽ പുതിയ പള്ളി യുടെ നിർമ്മാണത്തിന് തറക്കല്ലിട്ടു.

05.00 pm ഉദയഗിരി (ആച്ചിക്കൽ) പള്ളിയിൽ കുരിശടി, നടകൾ, ഗ്രോട്ടോ എന്നിവയുടെ വെഞ്ചരിപ്പു കർമ്മം നടത്തി.

03 10.30 am ഇടുക്കി ബിഷപ്പ് ഹൗസിലെത്തി ഇടുക്കി ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേലിന് ഉരുൾപൊട്ടലിൽ തകർന്ന ഇടു ക്കിയുടെ പുനരുദ്ധാരണത്തിന് സഹായമായി 50 ലക്ഷം രൂപയുടെ ചെക്ക് കൈമാറി.


05.00 pm ഷിക്കാഗോ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്തിന്റെ നിര്യാതയായ പെങ്ങൾ ശ്രീ ഏലിക്കുട്ടി ചമ്പമലയ്ക്കു

| | | |
|---|---|---|
| | | വേണ്ടി ജോസ്ഗിരി ഇടവകയിൽ വീട്ടിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 06.30 pm | ആരാധന സന്യാസിനീ സമൂഹത്തിന്റെ മുൻ പ്രൊവിൻഷ്യാളമ്മ, പരേതയായ റവ. സിസ്റ്റർ മേരി ആൻ മദറിനുവേണ്ടി നെല്ലിയാനി മഠത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 04 | 10.30 am | ഭരണങ്ങാനം അൽഫോൻസിയൻ സ്പിരിച്വാലിറ്റി സെന്ററിൽ പാലാ രൂപതയുടെ പ്രസ്ബിറ്ററൽ കൗൺസിലിൽ കാർമ്മികത്വം വഹിച്ചു. |
| | 04.00 pm | പരേതനായ റവ.ഫാ. ജോസ് കുഴിഞ്ഞാലിൽ (ലാസലൈറ്റ് ഫാദർ) ലിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ ഇരിങ്ങാലക്കുട രൂപതയിലെ പാറക്കടവ് പള്ളിയിൽ പങ്കെടുത്തു. |
| 05 | 10.00 am | കുരുവിനാൽ പള്ളിയിൽ റവ.ഫാ. ജോർജ് ചൊള്ളനാലിന്റെ മാതാവ് മേരിക്കുട്ടി ജേക്കബിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 02.00 pm | മൂലമറ്റം സെന്റ് ജോർജ് ഫൊറോനാപള്ളിയിലെ പാരിഷ് ഹാളിൽ മൂലമറ്റം ഫൊറോനയിലെ ഇടവകകളിലെ ദാരിദ്ര്യമനുഭവിക്കുന്ന 1250 കുടുംബങ്ങൾക്കായി സൗജന്യ അരി വിതരണം നടത്തി. |
| | 04.00 pm | വെള്ളിയാമറ്റം പള്ളിമുറിയുടെ പിന്നിൽ മണ്ണിടിഞ്ഞ സ്ഥലം സന്ദർശിച്ചു. |
| 06 | 10.00 am | ചങ്ങനാശ്ശേരി അതിരൂപത കേന്ദ്രത്തിലെത്തി കുട്ടനാടിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് സഹായമായി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടത്തിന് 51 ലക്ഷം രൂപയുടെ ചെക്ക് കൈമാറി. |
| | 03.00 pm | വടകര പള്ളിയിൽ റവ.ഫാ. ജോസഫ് ആമ്പശ്ശേരിലിന്റെ പിതാവ് ശ്രീ. വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 07 | am | സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | കടപ്ലാമറ്റം പള്ളിയിൽ പുണ്യശ്ലോകനായ കുട്ടൻതറപ്പേൽ യൗസേപ്പച്ചന്റെ ശ്രാദ്ധത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 08 | 09.30 am | കുറവിലങ്ങാട് മർത്ത് മറിയം പള്ളിയിൽ പരി. കന്യകാമറിയത്തിന്റെ തിരുനാളിന്റെ ഭാഗമായി ആഘോഷമായ സുറി |

| | | |
|---|---|---|
| | | യാനി കുർബാനയർപ്പിക്കുകയും മേരീ നാമധാരി സംഗമത്തിൽ സംബന്ധിക്കുകയും ചെയ്തു. |
| 09 | 12.00 noon | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ, കോട്ടയം SEERI യിൽ നടക്കുന്ന ആഗോള സുറിയാനി കോൺഫറൻസിൽ പങ്കെടുക്കുന്നവർക്കുള്ള സ്വീകരണത്തിൽ പങ്കെടുത്തു. |
| 11 | am | സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | നീഡി ചർച്ച് ഫണ്ട് മീറ്റിംഗിൽ സംബന്ധിച്ചു. |
| 12 | 04.00 pm | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദീപിക അപെക്സ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| 13 | 06.30 am | കോട്ടയത്ത് SEERI യിൽ ഇന്റർനാഷണൽ സിറിയക് കോൺഫ്രൻസിൽ പൗരസ്ത്യ സുറിയാനി ഭാഷയിൽ വി. കുർബാനയർപ്പിച്ചു. |
| | 06.30 pm | കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ അർക്കദിയാക്കോൻ ഫൊറോനാ പള്ളിയിൽ സുറിയാനി റംശ നമസ്കാരത്തിൽ പങ്കുചേർന്നു. |
| 14 | 08.00 am | ഭരണങ്ങാനം മേരിഗിരി ആശുപത്രി ചാപ്പലിലെത്തി റവ. ഫാ. സിറിയക് കുന്നേലിന്റെ പരേതയായ സഹോദരി റവ. സി. മേരി ഇമ്മാനുവേലിനുവേണ്ടി ഒപ്പീസ് ചൊല്ലി. |
| | 10.00 am | മല്ലികശ്ശേരി ഇടവകയിൽ പരേതനായ മാത്യൂസ് കാരയ്ക്കാട്ടിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11.30 am | വേദഗിരി പള്ളിയിൽ റവ.ഫാ. മാത്യു പുത്തൻപുരയ്ക്കലിന്റെ പരേതയായ സഹോദരി റവ.സി. ആഞ്ചലൂസ് ട്രീസാ എഫ്.സി.സി.യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 02.00 pm | ആയാംകുടി മുണ്ടാർ തുരുത്തിൽ പാലാ രൂപത ഫാമിലി അപ്പൊസ്തലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള സഹായവിതരണം ഉദ്ഘാടനം ചെയ്തു. |
| 15 | 10.00 am | കല്ലൂർകുളം എഫ്.സി.സി. മഠത്തിൽ റവ.സി. സ്റ്റീഫൻ പുള്ളീറ്റിനു വേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.30 am | ചേർപ്പുങ്കൽ ആശുപത്രി നിർമ്മാണം നേരിൽകണ്ട് വിലയിരുത്തി. |

| | | |
|---|---|---|
| | 12.00 noon | കയ്യൂർ ഇടവകയിൽ പാട്ടത്തിൽ മജു ജോസഫിന്റെ ഭവനം വെഞ്ചരിച്ചു. |
| | 04.30 pm | വേലനിലം പള്ളിയിൽ പരേതനായ ശ്രീ. കെ.വി. കുര്യൻ പൊട്ടങ്കുളത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 16 | 11.00 am | കണ്ണാടിയുറുമ്പ് എഫ്.സി.സി. മഠത്തിൽ പരേതയായ റവ. സി. അത്തനാസിയ മണിക്കൊമ്പേൽ (കളപ്പുരയ്ക്കൽ)-നു വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.00 pm | ളാലം സെന്റ് മേരീസ് മഠത്തിൽ പരേതയായ റവ.സി. ഏണസ്റ്റീന എഫ്.സി.സിയ്ക്കുവേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 17 | | സന്ദർശകരെ സ്വീകരിച്ചു. |
| 18 | | യൂറോപ്പ് സന്ദർശനത്തിനായി പുറപ്പെട്ടു. |

# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്



## SEPTEMBER 2018

| | | |
|---|---|---|
| 02 | | വാകക്കാട് ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 03 | 11.00 am | കാഞ്ഞിരത്താനം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| 04 | 10.30 am | ഭരണങ്ങാനത്ത് നടന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. |
| | 03.30 pm | പട്ടുമല പള്ളിയിൽ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 05 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിവാഹ ഒരുക്ക കോഴ്സിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 09.00 am | കുരുവിനാൽ ഇടവകയിൽ ബഹു. ജോർജ് ചൊള്ളനാൽ അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 10.45 am | അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| | 01.30 pm | പാല ബി.എഡ്. കോളേജിൽ ഒരു മീറ്റിംഗിൽ പങ്കെടുത്തു. |
| | 04.30 pm | മാനത്തൂർ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| 06 | 10.00 am | അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം ചങ്ങനാശ്ശേരി അരമനയിൽ സന്ദർശിച്ച് പ്രളയദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി. |
| | 12.00 noon | ളാലം പഴയപള്ളിയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 02.00 pm | വടകര ഇടവകയിൽ ബഹു. ജോസഫ് ആമ്പശ്ശേരി അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 05.00 pm | കുറവിലങ്ങാട് പള്ളിയിൽ വി. കുർബാനയർപ്പിച്ചു. |

| | | |
|---|---|---|
| 07 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 08 | 11.00 am | ചക്കാമ്പുഴ ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| 09 | 04.00 am | പാലാ സെന്റ് വിൻസെന്റ് ആശ്രമത്തിൽ ഫാ. മാത്യു തോട്ടുങ്കൽ സി.എം.ഐ.യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 06.00 pm | കാഞ്ഞിരമറ്റം ഇടവകയിൽ എ.കെ.സി.സി. യുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| 11 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 14 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 15 | 06.00 am | ഭരണങ്ങാനം മേരിഗിരി ഹോസ്പിറ്റൽ ചാപ്പലിൽ വി. കുർബാനയർപ്പിച്ചു. |
| | 11.00 am | തീക്കോയി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| 16 | | ഉറുമ്പുകാവ് ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 18 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 06.00 pm | അരമനയിൽ വച്ച് നടന്ന മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 19 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| | 02.00 pm | മണ്ണാറപ്പാറ ഇടവകയിൽ ബഹു. തോമസ് വലിയവീട്ടിൽ അച്ചന്റെ സഹോദരന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 03.30 pm | മറ്റത്തിപ്പാറ ഇടവകയിൽ ടോണി കട്ടയ്ക്കലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 20 | 10.30 am | പാലാ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു. |
| | 02.00 pm | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വിശ്വാസപരിശീലന വിഭാഗത്തിന്റെ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | കാഞ്ഞിരപ്പിള്ളി പഴയിടം ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 22 | 02.00 pm | തിരുവനന്തപുരത്ത് വച്ച് നടന്ന ഡി.സി.എം.എസ്. സംസ്ഥാനതല മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 23 | 11.30 am | തുടങ്ങനാട് ഇടവകയിൽ പരേതനായ പാസ്റ്ററൽ കൗൺസിൽ മെമ്പർ എം.യു. തോമസ് മുണ്ടയ്ക്കലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | മണ്ണയ്ക്കനാട് ഇടവകയിൽ കാരുണ്യഭവന്റെ ആശീർവാദകർമ്മം നടത്തി. |
| | 05.00 pm | ഉദയഗിരി പള്ളിയിൽ ബൈബിൾ കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 24 | 03.15 pm | മഞ്ഞാമറ്റം ഇടവകയിൽ ബഹു. അബ്രാഹം കുപ്പപ്പുഴയ്ക്കൽ അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. |
| 25 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.30 pm | കടുത്തുരുത്തി പള്ളിയിൽ ബൈബിൾ കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 26 | 12.30 pm | പാലാ സബ് ജയിലിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ സന്ദർശിച്ചു. |
| 27 | 10.00 am | പാലാ ബി.എഡ്. കോളേജിൽ നടന്ന നാഷണൽ സെമിനാറിൽ സംബന്ധിച്ചു. |
| | 04.00 pm | കുറിച്ചിത്താനം ഇടവകയിൽ പരേതയായ സോഫി പുത്തൻപുരയ്ക്കലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 29 | 10.00 am | മേരിലാന്റ് ഇടവകയിൽ ബഹു. ജോസഫ് പുള്ളിക്കാട്ടിൽ അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

### OCTOBER 2018

| | | | |
|---|---|---|---|
| 1-12 | | | Out of Station |
| 13 | 02.00 pm | Sat | Ramapuram : SMYM Yuvajana - Vaidika Sangamam |
| | 04.00 pm | | Mangalagiri : Blessing of a Chapel |
| 14 | 08.30 am | Sun | Poovakulam : Qurbana +Blessing |
| | 11.00 am | | Kadanad : Forane Students' Meet |
| | pm | | Parathanam : Regents' Retreat |
| 15 | | Mon | Parathanam - Regents' Retreat |
| | 06.30 pm | | Alphonsa College Pala : Inauguration of New Drama of Pala Comunications |
| 16 | 10.00 am | Tue | Ramapuram : Raza in Convention with Feast of Bl. Kunjachan |
| 17 | 08.15 am | Wed | Bishops' House : Curia Meeting |
| | 03.00 pm | | Inaguration of *Veritas* Programme of Jesus Youth |
| 18 | 10.30 am | Thu | Vestition of FCC Pala Province |
| | 02.30 pm | | Muttuchira : Forane Youth Meet |
| | 06.00 pm | | Pathanapuram: Regional Bishops' Retreat |
| 19 | | Fri | Pathanapuram: Regional Bishops' Retreat |

| | | | |
|---|---|---|---|
| 20 | 09.30 am | Sat | Poonjar Koventha : Syriac Qurbana in connection with Remebrance of Fr. Bosco Thottakkara CMI & Fr. Emmanuel Thelliyil CMI |
| | 06.30 pm | | Kadanad : Forane Bible Convention |
| 21 | 09.00 am | Sun | Piravom : *Qurbana* + blessing |
| | 02.00 pm | | Sleevapuram : *Qudasha* of Parish Church |
| 22 | | Mon | Engaged |
| 23 | **10-12.30pm** | **Tue** | **Visiting Time** |
| 24 | 08.15 am | Wed | Bishop's Hosue: Curia Meeting |
| 25 | 04.00 pm | Thu | 25th Sacerdotal Jubilee of Fr. Thottumkal |
| 26 | **10-12.30pm** | **Fri** | **Visiting Time** |
| 27 | 10.00 am | Sat | Edamattom : Jubilee of Fr. Chackalakal |
| 28 | 10.00 am | Sun | Kizhathadiyoor : Syriac Qurbana |
| | pm | | Mar Aphrem Seminary, Pala : Jubilee of Fr. George Choorakkattu |
| 29 | | Mon | Engaged |
| 30 | **10-12.30pm** | **Tue** | **Visiting Time** |
| 31- | 08.15 am | Wed | Bishop's House : Curia Meeting |
| 31-Nov. 2 | | | Engaged |



# Auxiliary Bishop's Engagements

## Mar Jacob Muricken

### OCTOBER 2018

| | | | |
|---|---|---|---|
| 01 | | Mon | Engaged |
| 02 | | Tue | Out of Station |
| 03 | 06.15 am | Wed | Pastoral Institute : Holy Qurbana |
| 04 | 06.00 am | Thu | Aruvithura FCC Provincial House : Holy Qurbana |
| | 03.30 pm | | St. Thomas College : Blessing |
| 05 | 10-12.30 pm | Fri | Visiting Time |
| | 02.00 pm | | St. Thomas College : Meeting |
| 06 | 03.00 pm | Sat | SMS Generalate : Qurbana + Blessing |
| 07 | | Sun | Udayagiri : Pastoral Visit |
| 08 | | Mon | Engaged |
| 09 | 10-12.30 pm | Tue | Visiting Time |
| 11 | 05.00 pm | Thu | St. Thomas College : Blessing |
| 12 | 10-12.30 pm | Fri | Visiting Time |
| 13 | 10.00 am | Sat | Neeloor : Blessing |
| | 02.30 pm | | Mattakara FCC Convent : Holy Qurbana |
| 14 | 04.00 pm | Sun | Ramapuram : Holy Qurbana |
| 16 | | | Feast of Blessed Kunjachan |
| 17 | | Wed | Engaged |
| 18 | 05.00 pm | Thu | Trissur, Kutoor : Holy Qurbana |
| 19 | 10-12.30 pm | Fri | Visiting Time |

| | | | |
|---|---|---|---|
| | 04.30 pm | | Kadanadu : Holy Qurbana |
| 20 | 06.30 am | Sat | S.H. Provincial House : Holy Qurbana |
| 21 | 02.00 pm | Sun | Sleevapuram : Church Blessing |
| 22 | 11.00 am | Mon | Lalam Old : Blessing |
| 23 | 10.00 am | Tue | Kizhathadiyoor : Holy Qurbana |
| 24-25 | | | Engaged |
| **26** | **10-12.30 pm** | **Fri** | **Visiting Time** |
| 27 | 10.00 am | Sat | Bharananganam FCC Convent : Vestition |
| 28 | | Sun | Pastoral Visit : Lalam New |
| **30** | **10-12.30 pm** | **Tue** | **Visiting Time** |
| 31 | 06.15 am | Wed | Pastoral Institute : Holy Qurbana |
| | | **NOVEMBER 2018** | |
| 02 | 10-12.30 pm | Fri | Visiting Time |
| 03 | 02.30 pm | Sat | Pravithanam Hospital Chapel : Holy Qurbana |
| 04 | | Sun | Pastoral Visit : Kanjirathanam |